# ഐക്യദീപം

SINCE 1976

വില ₹ 10

2018 ഒക്ടോബർ



# Bodhana

## Tiruvalla Social Service Society

Pushpagiri Road, Tiruvalla -1
Ph. 0469 2730561, 2606063, Fax. 0469 2633295
E-mail : bodhanatiruvalla@gmail.com, www.bodhanatiruvalla.org
















Social Work Department of the Malankara Archdiocese of Thiruvalla

# ഐക്യദീപം



2018 ഒക്ടോബർ
പുസ്തകം 51 ലക്കം 9


രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. ജോസഫ് കരിപ്പായിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com


## ഉള്ളടക്കം


**ആൾക്കൂട്ടം സ്വഭാവവും പ്രവൃത്തിയും** — 6
പ്രൊഫ. കവിയൂർ ശിവപ്രസാദ്

**മറക്കാൻ കഴിയില്ല ആ സ്നേഹസ്പർശം** — 10
എം. എം. ബഷീർ

**സാൽവിഫിക് ലോ ഒരു പഠനം** — 13
ഡോ. ഡി. ബാബു പോൾ

**പരിപാലനയുടെ പിതാവ് മാർ അത്തനാസ്യോസ്** — 17
ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

**'നിങ്ങൾ കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ' ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്** — 20
ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

**പുതിയ പംക്തി – കലയും ദൈവശാസ്ത്രവും ദൈവത്തിലേക്കുള്ള വാതായനങ്ങൾ മുറിവുകൾ** — 28
ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ





All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com



# എന്താണ് സത്യം?

എന്താണ് സത്യം? ഈ ചോദ്യം എല്ലാദിവസവും പലവിധത്തിൽ പല കാര്യങ്ങളെക്കുറിച്ച് ചോദിച്ചു കൊണ്ടേയിരിക്കുന്നു നാം. ദൈവാന്വേഷണത്തിന്റെ വഴിയിൽ ഇതിനൊരു മറുപടിയുണ്ട്. ക്രിസ്തു പറഞ്ഞു ''ഞാനാണ് സത്യം'' (യോഹ. 14:6). ''നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്ര രാക്കുകയും ചെയ്യും'' (യോഹ. 8:32). പക്ഷെ ജീവിതവും വാക്കും വ്യക്തമായിരുന്നിട്ടും പീലാത്തോസ് അവനോട് ചോദിച്ചു, എന്താണ് സത്യം? (യോഹ. 18:38). നിരന്തരം കേൾക്കുകയും കാണുകയും ചെയ്യു ന്നവയെ അനുഭവമായി സ്വീകരിക്കാൻ മനുഷ്യനു സാധിക്കും. അത്തരം കാഴ്ചകളും കേൾവികളും ബോധപൂർവ്വം സൃഷ്ടിക്കാൻ കഴിയുന്ന സംവിധാനങ്ങളുമുണ്ട്. അപ്പോൾ പിന്നെ അവയെ തന്ത്രപരമായി ഉപയോഗിക്കാനും ശ്രമിക്കുന്നവർ ഉണ്ടാകാതിരിക്കുമോ?

The Crowd is 'Untruth' (Kierkegard) എന്നെഴുതിയതിന്റെ സാധ്യതകൾ പലതാണ്. സത്യം വ്യക്തിയിൽ കണ്ടെത്താൻ കഴിയുന്നതും കൈകാലുകളോ ശിരസ്സോ ഇല്ലാത്ത ആൾക്കൂട്ടമെന്ന പ്രതിഭാസത്തിനു മന സ്സിലാക്കാൻ അസാധ്യമായതുമായ വസ്തുതയാണല്ലോ. തെറ്റിദ്ധരിപ്പിക്കാൻ സാധിക്കും, മൂടിവയ്ക്കാൻ കഴിയും. പക്ഷെ എക്കാലത്തേക്കും സത്യത്തെ ഇല്ലാതാക്കാൻ ചാനൽ അടുക്കളയിൽ കാപട്യത്തിന്റെ വിഷം ചേർത്തു വിളമ്പുന്ന അത്താഴചർച്ചകൾക്ക് കഴിയില്ല. ലത്തീനിൽ Veritas (വേരിത്താസ്) എന്നാൽ സത്യം. റോമൻ മിഥോളജിയിൽ 'വേരിത്താസ്' സത്യത്തിന്റെ ദേവതയാണ്. ക്രോണോസിന്റെയും (Chronos, സമയത്തിന്റെ ദേവൻ) വിർത്തൂസിന്റെയും (Virtus) മകളായതിനാൽ പിതാവ് തന്നെ സമയ ത്തിന്റെ പൂർണതയിൽ സത്യത്തിന്റെ ദേവതയെ സത്യാന്വേഷികൾക്ക് വെളിപ്പെടുത്തും. വഴിയരികിലെ കപടനാടകത്തിനോ അന്തിചർച്ചയിലെ ഏകപക്ഷീയ ആക്ഷേപഹാസ്യത്തിനോ സത്യത്തെ ചിരകാലം മറയ്ക്കാൻ കഴിയില്ല. യാഥാർത്ഥ്യങ്ങളും ബുദ്ധിയും വസ്തുതകളും സത്യത്തെ വെളിപ്പെടുത്തുന്ന ഘട കങ്ങളായി നിലനിൽക്കുമല്ലോ. "Veritas est adaequatio intellectus et rei" ("Truth is the conformity of intellect and things", Aquinas, 1225-1274) ഇങ്ങനെ സത്യത്തെ അക്വിനാസ് നിർവ്വചിക്കുന്നതു വളരെ പ്രസക്തമാ ണിവിടെ.

ക്രൈസ്തവസന്ന്യാസത്തിന്റെ ആദിമചൈതന്യം ഏലിയാപ്രവാചകന്റെയും സ്നാപകയോഹന്നാന്റേ തുമായിരുന്നു. Eremitic എന്ന വാക്കിന്റെ ഉത്ഭവം "eremos' എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്, ഇതിനർത്ഥം 'മരുഭൂമി'-യെന്നാണ്. മരുഭൂമിയിലാണ് താമസിക്കേണ്ടതെന്ന് സ്വയം അറിഞ്ഞ് സന്ന്യാസത്തിലേക്ക് പ്രവേശിക്കുന്നവരാണ് ക്രൈസ്തവസന്ന്യാസികൾ. മൂന്നാം നൂറ്റാണ്ടിൽ വി. അന്തോണി, ഈജിപ്തിലെ അന്തോണി, സന്ന്യാസിയായ പീറ്റർ; ഇവരിലൂടെ പ്രകടമായ സന്ന്യാസജീവിതത്തെ പിൻതുടരുന്ന വരാണ് ഇന്നുള്ള ക്രൈസ്തവ സന്ന്യാസസഭകൾ. അധികാരം, പണം ഇവയെക്കുറിച്ചുള്ള തർക്കങ്ങളിൽ ആധിപത്യമുറപ്പിക്കാൻ എല്ലാത്തരം കുടിലതകളും തെരുവിൽ പ്രയോഗിക്കാൻ മടിക്കാത്തവിധം അധഃപ തിക്കുന്നത് സന്ന്യാസിക്ക് ഏതു ഭരണഘടനാവകാശത്തിന്റെ പേരിലാണെങ്കിലും ഭൂഷണമല്ല. അധികാര ത്തിന്റെ ഇടനാഴിയിൽ നിന്നകലുമ്പോൾ ആൾക്കൂട്ടത്തെ മുഖം കാണിക്കാൻ എന്തും വിളിച്ചുപറയുന്നവ രായി ചില റിട്ട. വക്താക്കൾ അധഃപതിക്കുന്നത് കൗതുകക്കാഴ്ചയാണ്. ആയിരക്കണക്കിനു സന്ന്യാസി കൾ ഇക്കാലമത്രയും സന്ന്യാസം ജീവിച്ചത് ലാഭക്കണക്കിൽ കണ്ണെറിഞ്ഞല്ല. ദൈവാന്വേഷണവഴിയിൽ സ്വയം ഇല്ലാതായവരുടെ മറുപേരാണ് സന്ന്യാസി. ക്രിസ്തുവാണ് ജീവന്റെ അപ്പം; പ്രശസ്തി, പണം, അധികാരം, പിൻബലം ഇവചേർത്ത ഫരിസേയന്റെ പുളിമാവിനെ ജീവന്റെ അപ്പത്തിന്റെ വഴിയിൽ തെറ്റി ദ്ധരിക്കാൻ ക്രിസ്തുശിഷ്യരുടെ കാലം മുതൽ കാരണങ്ങളുണ്ട്. നിറമുള്ള ചർച്ചകളുടെയും അപ്പക്കഷ്ണ ങ്ങൾ പെറുക്കുന്നതിന്റെയുമൊടുവിൽ മുറിവുകളും ചുളിവുകളുമുള്ള ജീവന്റെ അപ്പത്തേക്കുറിച്ചുകൂടി ചിന്തിക്കാൻ കഴിഞ്ഞാൽ സത്യം സ്വയം അവതരിക്കും.

ചീഫ് എഡിറ്റർ
**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

# കിരാതശക്തികളുടെ കൂടിവരവിനെതിരേ ജാഗ്രതപുലർത്തുക

**ദൈ**വമാതൃ ഭക്തിയുടെ മാസം ആണ് ഒക്ടോബർ. ജപമാല മാസം എന്നാണല്ലോ നാം ഇതിനെ വിളിക്കുന്നത്. മലങ്കരസഭയുടെ പാരമ്പര്യത്തിൽ ജപമാല എന്ന ഒരു ഭക്താഭ്യാസമില്ലെങ്കിലും ആഗോളസഭയിലെ പല നല്ല പാരമ്പര്യങ്ങളും നാം ഉൾക്കൊണ്ടിട്ടുണ്ട്. അതിൽ ഒന്നാണ് ജപമാല. എന്നാൽ സഭയുടെ അടിസ്ഥാന പ്രാർത്ഥനകൾക്കു പകരം നില്ക്കുന്നതല്ല ജപമാലയോ കുരിശിന്റെ വഴിയോ. നമ്മുടെ പൈതൃകങ്ങൾ ഒന്നും കളയാതെ നന്മയുള്ളതും പ്രയോജനപ്രദവുമായ പ്രാർത്ഥനകളും ഭക്തകൃത്യങ്ങളും നാം പ്രോത്സാഹിപ്പിക്കുന്നു. ദിനംതോറും ഭക്തിയോടും ശ്രദ്ധയോടും കൂടി ജപമാല പ്രാർത്ഥിക്കുന്നത് അനുഗ്രഹമാണ്. അനേകം ആളുകൾ ഈ പ്രാർത്ഥനയിലൂടെ ലഭിച്ച ദൈവാനുഗ്രഹങ്ങളെക്കുറിച്ചും ആത്മികനിറവുകളെക്കുറിച്ചും സാക്ഷ്യപ്പെടുത്തിയിരിക്കുന്നതും ഏറെ പ്രോത്സാഹജനകമാണ്.


നമ്മുടെ ഉത്തമ മാതൃകയും വഴികാട്ടിയുമാണ് പരിശുദ്ധ അമ്മ. ''ഇഃാ നിന്റെ മകൻ'' എന്ന് അരുളിയതിലൂടെ യേശു തന്നെയാണ് ഈ ദൗത്യം പരി.അമ്മയെ ഭരമേല്പിച്ചത്. ആദരണീയനായ സുപ്രീംകോടതി ജഡ്ജി കുര്യൻ ജോസഫ് സാർ പറയുന്നു: കുഞ്ഞുനാൾ മുതൽ പഠിച്ച സുകൃതജപമാണ് ''അമ്മേ എന്റെ ആശ്രയമേ'' എന്നത്. നാളിതുവരെ വഴി നടത്തിയ അത്ഭുത വ്യക്തിത്വമാണ് ദൈവമാതാവ്. എന്തുചെയ്യുന്നതിനു മുൻപും ''അമ്മേ എന്റെ ആശ്രയമേ'' എന്നുപറഞ്ഞു മാത്രമേ അതു ചെയ്യുകയുണ്ടായിരുന്നുള്ളൂ. ഒരു കുഞ്ഞ് എങ്ങനെ അമ്മയുടെ തണലിൽ സുരക്ഷിതത്വം അനുഭവിക്കുന്നുവോ അതുപോലെയാണ് പരി. ദൈവമാതാവിന്റെ സംരക്ഷണം. ഞാൻ ഉറങ്ങുമ്പോഴും അമ്മയുടെ സംരക്ഷണം തേടുന്നു. എത്ര വലിയ മാതൃക. തീർച്ചയായും അമ്മയുടെ സംരക്ഷണത്തിൽ ആശ്രയിക്കുമ്പോൾ നമ്മുടെ ഭാരങ്ങൾ കുറയും ; അവ ഇല്ലാതാകും. തിന്മയെ നാം എതിർത്തു ജയിക്കേണ്ടതുണ്ട്. അതു സ്വയശക്തിയാലല്ല. മറിച്ച് ദൈവീക ശക്തിയാൽ ആണ്. ഈ ജപമാല മാസത്തിൽ നമുക്ക് ഒരുമിച്ച് ഈ സംരക്ഷണം തേടാം. ആപത്തിൽ നിന്നും അപകടത്തിൽനിന്നും ദൈവമാതാവ് നമ്മെ രക്ഷിക്കും. പ്രത്യേകിച്ചും സഭയിപ്പോൾ കടന്നുപോകുന്ന ഏറെ ദുർഘടമായ പശ്ചാത്തലത്തിൽ.

സഭയെയും സഭാപിതാക്കന്മാരെയും വൈദികരെയും സന്യസ്തരെയും ഏറെ ദുർബലപ്പെടുത്തുന്ന തരത്തിൽ സംഘടിതമായ പല നീക്കങ്ങളും നമ്മുടെ രാജ്യത്ത് അരങ്ങേറുന്നത് ദൈവജനവും നന്മ ആഗ്രഹിക്കുന്ന വ്യത്യസ്ത മതവിഭാഗങ്ങളിലുള്ള മനുഷ്യരും ഇതിനോടകം മനസിലാക്കിയിട്ടുണ്ട്. സാക്ഷരകേരളത്തിൽ എന്താണ് നടക്കുന്നത്? അക്ഷരാർത്ഥത്തിൽ ആടിനെ പട്ടിയും പട്ടിയെ പേപ്പട്ടിയുമാക്കി തല്ലിക്കൊല്ലുന്ന കിരാതമായ ശൈലി. അതിനു ചുക്കാൻ പിടിക്കുവാൻ സഭയുടെ ഉന്നതിയിൽ വിറളിപൂണ്ട പ്രതിലോമശക്തികളും! മാദ്ധ്യമങ്ങളുടെ ധർമ്മം എന്തെന്നു മനസിലാക്കേണ്ട കാലഘട്ടമാണ്. സത്യവും നീതിയും ജനാധിപത്യമൂല്യങ്ങളും പ്രചരിപ്പിക്കേണ്ടതിനു പകരം രഹസ്യഅജണ്ട – അതായത് സഭയെ എല്ലാത്തരത്തിലും പിച്ചി

*(ശേഷം 46-ാം പേജിൽ)*



# ആൾക്കൂട്ടം
# സ്വഭാവവും പ്രവൃത്തിയും



പ്രൊഫ. കവിയൂർ ശിവപ്രസാദ്


‘‘**ആ**ൾക്കൂട്ടത്തിന് ഒരു വേട്ടക്കാരന്റെ മനസ്സാണ്– അതിന് എപ്പോഴും ഒരു ഇരയെ വേണം. കടിച്ചുകീറാൻ, കൊന്നുതിന്നാൻ’’ പ്രശസ്ത സാഹിത്യകാരനായ എം. ടി. വാസുദേവൻ നായരുടെ ഒരു പ്രസ്താവനയാണ് മേൽ ഉദ്ധരിച്ചത്. ആൾക്കൂട്ടത്തിലെ ഒറ്റപ്പെടലുകളെപ്പറ്റിയും ജനസാഗരത്തിലെ ഒറ്റപ്പെട്ട തുരുത്തുകളായി മാറുന്ന മനുഷ്യരെക്കുറിച്ചും ആനന്ദ് തന്റെ ‘ആൾക്കൂട്ടം’ എന്ന നോവലിലൂടെ അവതരിപ്പിക്കുന്നുണ്ട്. ആൾക്കൂട്ടത്തിലെ ഒറ്റപ്പെടൽ നമുക്ക് അനുഭവവേദ്യമാക്കി തരുന്നുണ്ട് ആനന്ദ്.

ചലച്ചിത്രങ്ങളിൽ ആൾക്കൂട്ടത്തിന്റെ വിവിധ തലങ്ങൾ പല ചിത്രങ്ങളിലും ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്. അത് ഏറ്റവും ഭംഗിയായി അവതരിപ്പിച്ചിട്ടുള്ളത് ഇറ്റാലിയൻ ചലച്ചിത്രകാരനായ ഡിസ്സീക്കയാണ്. ചിത്രം ‘ബൈസിക്കിൾ തീഫ്’.

1945–കൾക്കു ശേഷം വരുന്ന ഇറ്റലിയിലെ, ഒന്നുകൂടി വ്യക്തമാക്കിയാൽ റോമിൽ നടക്കുന്ന ഒരു കഥയായിട്ടാണ് ചിത്രം അവതരിപ്പിച്ചിട്ടുള്ളത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികളിൽ നിന്നും വിമുക്തമാകാത്ത ഒരു ഇറ്റാലിയൻ പശ്ചാത്തലം. ദാരിദ്ര്യവും ദുരിതങ്ങളും തൊഴിലില്ലായ്മയും എല്ലാം ചേർന്നു ജനജീവിതം ദുഃസഹമായിരിക്കുന്നു. അന്തോണിയോ റോക്കി എന്ന ഒരാൾ ഒരു തൊഴിലിനായി അലയുകയാണ്. അയാൾക്ക് ഭാര്യയും മകനുമുണ്ട്. കടുത്ത ദാരിദ്ര്യവും! വിധിനിയോഗമെന്നവണ്ണം അയാൾക്ക് ഒരു ജോലി കിട്ടുന്നു. അവർക്ക് ഒരു വ്യവസ്ഥയുണ്ട്, തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥി

യ്ക്ക് ഒരു സൈക്കിൾ സ്വന്തമായി ഉണ്ടാവണം. അയാൾ തന്റെ ഭാര്യയോട് വിവരങ്ങൾ ചർച്ച ചെയ്യുന്നു. അയാൾക്ക് ഒരു സൈക്കിൾ ഉണ്ടായിരുന്നത് അടുത്തൊരു ധനകാര്യസ്ഥാപനത്തിൽ വച്ചിരിക്കയാണ്. തങ്ങളുടെ വീട്ടിലുള്ള ലിനൻ, കമ്പിളി വസ്ത്രങ്ങൾ എല്ലാം പണയം വച്ച് കിട്ടുന്ന പണംകൊണ്ട് തന്റെ സൈക്കിൾ തിരിച്ചെടുക്കുന്നു. അയാൾക്ക് ജോലി കിട്ടുന്നു. സിനിമയുടെ പോസ്റ്ററുകൾ പല സ്ഥലത്തും ഒട്ടിക്കുന്ന പണിയാണ്. ഓരോ സ്ഥലത്തും സൈക്കിളിൽ ചെന്ന് പോസ്റ്ററുകൾ പതിപ്പിച്ചു തുടങ്ങി.

തികച്ചും അപ്രതീക്ഷിതമായി ഒരിക്കൽ ഫിലിം പോസ്റ്റർ ഒട്ടിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ വന്ന് അന്തോണിയോയുടെ സൈക്കിൾ അപഹരിക്കുന്നു. തുടർന്നുള്ള ദാരുണമായ സംഭവങ്ങൾ അന്തോണിയോയുടെ ജീവിതസങ്കല്പങ്ങൾ തകർക്കുന്നവയായിരുന്നു. അയാളും ബാലനായ തന്റെ മകൻ ബ്രൂണോയും സൈക്കിൾ അന്വേഷിച്ചു നടക്കുന്നു. നിഷ്ഫലമായ ആ അന്വേഷണത്തിൽ പല ദുരന്താനുഭവങ്ങൾ അവർക്കുണ്ടാകുന്നു. അധികാരികളായ പോലീസിൽ നിന്നും അവർക്ക് അനുകൂലമായ നടപടികൾ ഒന്നും ഉണ്ടാവുന്നില്ല. ഒടുവിൽ നിരാശരായി തങ്ങളുടെ ദുർവിധിയെ സ്വയം ശപിച്ചുകൊണ്ട് ഒരു വലിയ ഭക്ഷണശാലയിൽ എത്തുന്നു. അവിടെവച്ച് അന്തോണിയോ റോക്കി തന്റെ സൈക്കിൾ മോഷ്ടിച്ചവനെ നിരത്തിൽ കാണുന്നു. അച്ഛനും മകനും അയാളെ പിൻതുടരുന്നു. കള്ളനാവട്ടെ അടുത്തുള്ള ഒരു അഭിസാരകേന്ദ്രത്തിലേക്ക് ഓടിക്കയറുന്നു. ആൾക്കൂട്ടം വളയുന്നു പോലീസ് അവിടെ എത്തുന്നു. അന്തോണിയോയിക്കാവട്ടെ സൈക്കിൾ തന്റേതാണെന്നും സൈക്കിൾ നഷ്ടപ്പെട്ടു എന്നും പോലീസുകാരെ ബോധ്യപ്പെടുത്തുവാൻ കഴിയുന്നില്ല. നീതിനിഷേധിക്കപ്പെടുന്ന അയാൾ നിരാശനായിത്തീർന്ന് തനിക്ക് കിട്ടിയ അവസരത്തിൽ ഒരു സൈക്കിൾ മോഷ്ടിക്കുന്നു. കഷ്ടകാലം എന്നുപറയട്ടെ! അയാളെ ആൾക്കൂട്ടം പിടിക്കുന്നു. അവർ അയാളെ നിർദ്ദാക്ഷിണ്യം മകന്റെ മുമ്പിലിട്ട് പ്രഹരിക്കുന്നു. സൈക്കിളിന്റെ ഉടമസ്ഥൻ മറ്റ് നിയമനടപടികൾക്ക് പോകാതെ അയാളെ വെറുതെ വിടുന്നു. ദുഃഖിതനായ റോക്കി തന്റെ മകന്റെ കയ്യും പിടിച്ച് വന്യമായ ജനക്കൂട്ടത്തിൽ ഒരാളായിത്തീരുന്നു. ഇറ്റാലിയൻ നിയോറിയലിസത്തിന്റെ ഏറ്റവും നല്ല ഉദാഹരണമായി ഈ ചിത്രം നിലകൊള്ളുന്നു. അന്നത്തെ സാമൂഹ്യരീതിയുടെ സുതാര്യപരിപ്രേക്ഷ്യമായി ഈ ചിത്രം നിലനില്ക്കുന്നു. പണപ്പെരുപ്പം, ധനവിപണന വ്യവസ്ഥിതി, ഭരണകൂടക്രമങ്ങൾ, മതവിശ്വാസികളുടെ അർത്ഥരഹിതമായ കാപട്യങ്ങൾ,





ഒപ്പം തന്നെ ഭൂരിപക്ഷമടങ്ങുന്ന തൊഴിലാളികളും ദരിദ്രരുമടങ്ങുന്ന ജനസഞ്ചയം ഇവയെല്ലാം അതിമനോഹരമായി ആവിഷ്ക്കരിച്ചിരിക്കയാണ്. റോക്കിയുടെ ദാരുണാവസ്ഥ ആർക്കും ഗ്രഹിക്കാൻ കഴിയുന്നില്ല. അന്നത്തെ രാഷ്ട്രീയ വ്യവസ്ഥിതിയുടെ ഒരു പ്രതിഫലനമായി ഈ ചിത്രത്തെ കരുതാം.

അക്കാലത്തെ പ്രശസ്ത ഇറ്റാലിയൻ നോവലിസ്റ്റായ ലൂയ്ജി ബാർത്തലോണിയുടെ കൃതിയെ അവലംബിച്ച് സിനിമാസിദ്ധാന്തകനും തിരക്കഥാകൃത്തുമായ സിസറോ സ്സവാറ്റിനി രചിച്ച തിരക്കഥ വളരെ ലളിതവും സംവേദനക്ഷമവുമാണ്. തൊഴിലില്ലാത്തവരുടെ, ഉദ്യോഗാർത്ഥികളുടെ ഒരു നീണ്ടനിരയാണ് ആദ്യം കാട്ടുന്നത്. അന്തോണിയോ റോക്കി അതിൽപ്പെടുന്ന ഒരാളാണ്. തുടർന്ന് അധികാരികൾ തനിക്ക് ജോലി കിട്ടണം എന്നുണ്ടെങ്കിൽ സൈക്കിൾ വേണമെന്ന് നിർദ്ദേശിക്കുന്നു. തന്റെ ഭാര്യ തങ്ങളുടെ കമ്പിളിയും ലിനൻ തുണികളെല്ലാം അവിടെ പണയം വച്ച് സൈക്കിൾ പണയം തിരിച്ചെടുക്കുന്നു. അവിടെ ത്തന്നെ നിരവധി സാധനങ്ങൾ പണയവസ്തുക്കളായി കാണാം. അക്കാലത്തെ ജനസാമാന്യ

ത്തിന്റെ നിസ്സഹായാവസ്ഥ ആ ദൃശ്യത്തിലൂടെ വെളിവാകുന്നുണ്ട്. തുടർന്ന് റോക്കി എടുത്ത സൈക്കിൾ അപഹരിക്കപ്പെടുകയാണ്. ആരാണ് മോഷ്ടാവ്? തന്റെ അവസ്ഥയിലുള്ള മറ്റൊരാളാണോ? തുടർന്ന് തന്റെ ജീവിതത്തിന് സൈക്കിൾ കണ്ടെത്തുക എന്ന ലക്ഷ്യം ഉണ്ടാവുന്നു. ഒപ്പം തന്റെ ബാലനായ മകനും കൂടുന്നു. റോമിന്റെ വിവിധ സ്ഥലങ്ങളിൽ അവർ അലഞ്ഞ് അന്വേഷിക്കുന്നു. ഇതിലൂടെ ധാരാളം പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന വിവിധ തരത്തിലുള്ള ആളുകൾ! ഇവിടെ പ്രധാന കഥാപാത്രങ്ങളായ അന്തോണിയോ റോക്കി, മകൻ ബ്രൂണോ, അയാളുടെ ഭാര്യ, മോഷ്ടാവ്, നഷ്ടപ്പെട്ട സാധനങ്ങൾ എവിടെയെന്നു പറയുന്ന പ്രവാചക, അഭിസാരകേന്ദ്രത്തിലെ അന്തേവാസികൾ തുടങ്ങി ഇവരോടൊപ്പമോ അതുമല്ലെങ്കിൽ ഇവരിലേറെയോ പ്രാധാന്യമുള്ള സ്പഷ്ടമായ രൂപമില്ലാത്ത ആൾക്കൂട്ടം!

ആൾക്കൂട്ടം ഒരു സിദ്ധാന്തമായി മാറുകയാണ്. തീരുമാനം എടുക്കുന്നത് മുഖമില്ലാത്ത, അല്ലെങ്കിൽ തിരിച്ചറിയാൻ കഴിയാത്തവണ്ണം സ്പഷ്ടതയില്ലാത്ത ആൾക്കൂട്ടമാണ്. ആൾക്കൂട്ടത്തിന്റെ ഇത്തരം സ്വഭാവത്തെപ്പറ്റി നോബൽ സാഹിത്യ ജേതാവും നോവലിസ്റ്റും ചിന്തകനുമായ ഏലിയാസ്സ് കനേറ്റിയുടെ മനോഹരമായ ഒരു ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. 'ക്രൗഡ്സ് ആന്റ് പവ്വർ' എന്ന ഈ കൃതി പണ്ഡിത പാമര ഭേദമെന്യേ പ്രശംസ പിടിച്ചുപറ്റിയ ഒരു പുസ്തകമാണ്. ജർമൻ ഭാഷയിൽ നിന്നും കരോൾ സ്റ്റിവേർട്ട് ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്ത ഈ ഗ്രന്ഥം തത്വചിന്താസരണിയിൽ ഉൾപ്പെടുന്ന ഒന്നായി ആണ് നിരൂപകർ കരുതുന്നത്.


ഏലിയാസ്സ് കനേറ്റി

The Crowd, The Pack, The Pack and Religion. The Crowd in History. The Entrails of Power, The Survivor. Elements of Power. The Command, Transformation Aspects of Power. Rules and Paranoiacs, എന്നിങ്ങനെ വിവിധ അധ്യായങ്ങളിലായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. ആൾക്കൂട്ടത്തിന്റെ പ്രതിരൂപമായി-അഗ്നി, കടൽ, നദികൾ, കാട്, ധാന്യവിളകൾ, കാറ്റ്, മണൽക്കൂന, കൽക്കൂമ്പാരം-സമ്പത്ത് എന്നിവയെല്ലാമായി തിരിച്ചിരിക്കുന്നു. 1905 ജൂലൈ 25ന് ബൾഗേറിയായിലെ റൂസ്സെ എന്ന സ്ഥലത്തായിരുന്നു ഏലിയാസ് കെനറ്റിയുടെ ജനനം. അവർ ഇംഗ്ലണ്ടിലേക്ക് കുടിയേറിപ്പാർത്തു തന്റെ ഏഴാമത്തെ വയസ്സിൽ അച്ഛൻ മരിച്ചു. തുടർന്ന് അമ്മ മൂന്നു കുട്ടികളുമായി വിയന്നയിൽ വന്നു താമസിച്ചു. അദ്ദേഹം അറിയപ്പെട്ടത് ജർമ്മൻ സാഹിത്യകാരനായിട്ടാണ്. 1981 ൽ സാഹിത്യത്തിനുള്ള നോബേൽ സമ്മാനം ലഭിച്ചു. The Commedy of Varity (1934) Anto da.Fe. (1946) നോവൽ കൂടാതെ നിരവധി നോവലുകളും നാടകങ്ങളും ലേഖനസമാഹാരങ്ങളുമുണ്ടെങ്കിലും 1962 ൽ പ്രസിദ്ധീകരിച്ച 'ക്രൗഡ്സ് ആന്റ് പവർ' ആണ് ഏറ്റവും ശ്രദ്ധേയമായ കൃതി - മുഹമ്മദ് ബിൻ തുഗ്ലക്കിനെക്കുറിച്ചും അദ്ദേഹത്തിന്റെ ചെയ്തികളെക്കുറിച്ചും ഈ കൃതിയിൽ വിശദീകരിക്കുന്നുണ്ട്. വിശുദ്ധ വേദപുസ്തകത്തിൽ ആൾക്കൂട്ടത്തിന്റെ പ്രവൃത്തിയെപ്പറ്റി പല ഭാഗത്തിലായി പ്രതിപാദിക്കുന്നുണ്ട്. മുപ്പത്തി നാലു സ്ഥലങ്ങളിലായി വിവിധ തരത്തിലുള്ള ആൾക്കൂട്ടവും അതിന്റെ പ്രതികരണങ്ങളും ബൈബിളിൽ വിശദീകരിക്കുന്നുണ്ട്. അതിൽ പ്രധാനമായ അത്ഭുതപരതന്ത്രരാകുന്ന ആൾക്കൂട്ടം, ഒഴിവാക്കപ്പെട്ട ആൾക്കൂട്ടം, അന്വേഷകരായ ആൾക്കൂട്ടം എന്നിങ്ങനെ ജനസഞ്ചയ സ്വഭാവമനുസരിച്ച് തരംതിരിച്ചിരിക്കുന്നു. അന്നു കൂടിയ ആൾക്കൂട്ടം ക്രിസ്തുവിന്റെ അത്ഭുതങ്ങൾ കാണാനെത്തിയവരും രോഗശാന്തിക്കായി എത്തിയവരുമായിരുന്നു. ക്രിസ്തുവിന്റെ വചനങ്ങളെ അവർ ഗൗരവമായി കണ്ടില്ല. സ്വന്തം ശരീരത്തെ അപ്പമായി കണക്കാക്കി ആൾക്കൂട്ടത്തിന് നല്കുകയായിരുന്നു അദ്ദേഹം. ആ വിശ്വാസപ്രമാണം ഇന്നും അനുഷ്ഠാനപരമായി തുടരുന്നു. ക്രിസ്തുവിനോടൊപ്പം മനുഷ്യർ മാത്രമല്ല ജന്തുജാലങ്ങളും കൂടെയുണ്ടായിരുന്നു. അദ്ദേഹം തന്റെ പ്രഭാഷണങ്ങളിലൂടെയും അത്ഭുതപ്രവൃത്തികളി

ലൂടെയും ജനങ്ങൾക്ക് നല്ല കാര്യങ്ങൾ ഉദ്ബോധിപ്പിച്ചു. എന്നാൽ ജനം തങ്ങൾ ചെയ്ത പാപങ്ങൾ ഏറ്റുപറഞ്ഞ് സ്വയം നന്നാകാൻ ശ്രമിച്ചില്ല.

ജറുസലേമിലെത്തിയ ക്രിസ്തുവിനെ അവിടെ ജനക്കൂട്ടം സ്വാഗതം ചെയ്തു. അവർ ക്രിസ്തുവിനെ വാഴ്ത്തി. ഇവരിൽ തന്നെ ചിലർ ക്രിസ്തുവിനെ ക്രൂശിക്കണം എന്ന് മുറവിളികൂട്ടുന്ന ആൾക്കൂട്ടത്തോടൊപ്പം ചേർന്നു. ക്രിസ്തു പറഞ്ഞതിനെ അവർ ഉൾക്കൊണ്ടില്ല. നന്മയും നീതിയും അദ്ദേഹം പ്രഘോഷിച്ചു. എന്നാൽ അവർക്ക് അദ്ദേഹത്തിന്റെ അത്ഭുതപ്രവൃത്തിയിലായിരുന്നു താത്പര്യം. രോഗികളുടെ രോഗവിമുക്തിയിലും മരിച്ചവരെ ജീവിപ്പിക്കുന്നതിലുമായിരുന്നു താത്പര്യം. മറിച്ച് അദ്ദേഹത്തിന്റെ വചനങ്ങൾ ഉൾക്കൊള്ളുവാനോ നിത്യമായ ആത്മീയ ഔന്നത്യത്തിലെത്തുവാനോ ആഗ്രഹിച്ചില്ല. ഭൗതികസുഖങ്ങളുടെ പിന്നാലെ പോയി ക്രിസ്തുത്വത്തിന്റെ സത്ത നഷ്ടപ്പെടുത്തുകയാണ്. പ്രാർത്ഥനകൾ ധനാഭ്യർത്ഥനകൾ ആകുന്ന ഈ കാലത്ത് അനുഷ്ഠാനങ്ങൾ സുഖാനുഭവങ്ങളുടെ ഉത്ഭവമായി കാണുന്ന ഈ കാലഘട്ടത്തിൽ നമ്മിലെ ക്രിസ്തുവിനെ നിരാകരിക്കരുത്. ക്രിസ്തു ഒരു ജാതിസംഘടനയുടെയോ മതസംഘടനയുടെയോ പ്രതിപുരുഷനല്ല. മറിച്ച് മനുഷ്യത്വത്തിന്റെ ഉത്തമമായ ഉദാത്ത ഭാവത്തിലേക്ക് നമ്മെ കൊണ്ടുപോകുന്ന തിരിച്ചറിവാണ്. അത് മർത്ത്യജനത എല്ലാം ഉൾക്കൊണ്ട് നന്മയിലേക്ക് എത്തിച്ചേരണം.

ഇവിടെയാണ് മധു എന്ന ആദിവാസി യുവാവിന്റെ കഥ പ്രസക്തമാകുന്നത്. ഭക്ഷണസാധനങ്ങൾ മോഷ്ടിച്ചു എന്ന കുറ്റം ചുമത്തി സുബലരായ കൂട്ടം ഒരു ദുർബല യുവാവിനെ കൊന്നിരിക്കുന്നു. ഈ പ്രവൃത്തി ഒരിക്കലും ശ്ലാഘ്യമല്ല. സഹോദരങ്ങളെ തിരിച്ചറിഞ്ഞ് അവന്റെ ദുഃഖങ്ങളിൽ പങ്കാളിയായി നമ്മുടെ സൗഭാഗ്യങ്ങൾ ഇല്ലാത്തവനുമായി പങ്കുവെച്ചു കഴിയുമ്പോഴാണ് ഒരു ജീവിതം സാർത്ഥകമാകുന്നത്. അതുതന്നെയാണ് യേശുക്രിസ്തു 'നിന്നെപ്പോലെ നിന്റെ അയൽ ക്കാരനേയും സ്നേഹിക്കുക' എന്ന ആഹ്വാനത്തി ലൂടെ അർത്ഥമാക്കുന്നത്.



**കൊ**ല്ലം ജില്ലയിലെ കുന്നിക്കോടാണ് എന്റെ സ്വദേശം. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ പരിചയപ്പെടുന്നത് 1972 ലാണ്. തിരുവനന്തപുരത്ത് മെഡിസിന് പഠിക്കുന്ന സമയത്ത് ഓവർബ്രിഡ്ജിനടുത്തുള്ള എസ്.എം.വി. സ്കൂളിൽ ഒരു പ്രകൃതി ചികിൽസാ പഠനം ഒരു മാസത്തേക്ക് ഉണ്ടായിരുന്നു. തിരുമേനിയായിരുന്നു ആ ക്ലാസ്സ് ഉത്ഘാടനം ചെയ്തത്. ഉത്ഘാടനത്തിന് ശേഷം തിരുമേനി ആ ക്ലാസ്സിൽ സ്ഥിരമായി പങ്കെടുക്കുമായിരുന്നു. എല്ലാ ദിവസവും തിരുമേനിക്ക് വരാൻ കഴിയില്ലായിരുന്നു. ഞാൻ ഇരുന്ന ബെഞ്ചിലായിരുന്നു തിരുമേനിയും ഇരുന്നത്. വളരെ ലളിതമായ സ്വഭാവം. ഈ ചികിത്സാ പദ്ധതിയെക്കുറിച്ച് തിരുമേനിക്ക് ചില സംശയങ്ങൾ തോന്നി. അവിടുത്തെ വലിപ്പം കൊണ്ട് അത് നേരിട്ട് ചോദിക്കാനുള്ള വൈഷമ്യങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് എന്നോട് പറഞ്ഞായിരുന്നു സംശയങ്ങൾ ചോദിപ്പിച്ചിരുന്നത്. അന്നത്തെ പ്രകൃതിചികിത്സാ പദ്ധതിയെക്കുറിച്ച് പഠിപ്പിച്ച ഗണേശ് ശർമ്മയെ പിന്നീട് അരമനയിലെ അന്തേവാസിയാക്കുകയുണ്ടായി. തിരുമേനിക്ക് വരാൻ കഴിയാത്ത ദിവസങ്ങളിൽ പഠിപ്പിച്ചത് അരമനയിൽ പോയി തിരുമേനിയുമായി ചർച്ച ചെയ്യുന്നതായിരുന്നു എന്റെ സ്വഭാവം. അങ്ങനെയാണ്





**ഡോ. എം.എം. ബഷീർ**
**റിട്ട. മെഡിക്കൽ ഓഫീസർ**
**(പ്രഭാഷകൻ)**

# മറക്കാൻ കഴിയില്ല ആ സ്നേഹസ്പർശം

**ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ ചരമരജതജൂബിലിക്ക് തുടക്കം**

തിരുമേനിയുമായി അടുക്കുവാൻ ഇടയായത്. ആ ബന്ധം വളരെയേറെക്കാലം നിലനിന്നു. ആ വലിയ വ്യക്തിത്വത്തെ അവതരിപ്പിക്കുവാൻ വാക്കുകൾ ചുരുക്കമാണ്. താൻ ജീവിച്ച ദേശത്തിലും കാലത്തിലും സംസ്കാരത്തിലും നിറഞ്ഞു നിന്ന് അതിനപ്പുറമുള്ളവയെ കീഴടക്കി. കീഴടക്കാൻ ഉപയോഗിച്ച വന്ദ്യപിതാവിന്റെ ഏറ്റവും വലിയ ആയുധം അഗാധമായ മാനവികതയായിരുന്നു. 'സ്നേഹം മമദീപം' എന്ന ആദർശവാക്യം സ്വീകരിച്ച ആ സ്മര്യപുരുഷൻ സമൂഹത്തിനും ലോകത്തിനും മാതൃകയാണ്.

മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ് പങ്കുവയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. എന്റെ പഠനമെല്ലാം കഴിഞ്ഞ് സർക്കാർ സർവ്വീസിൽ ഞാൻ ഡ്യൂട്ടിയിൽ ചേർന്നു. അങ്ങനെയിരിക്കെ ഒരു റോഡ് അപകടമുണ്ടായി. അപകടത്തിൽ എന്റെ വലതുകാലിന്റെ നാല് വിരലുകൾ മുറിഞ്ഞ് തൂങ്ങിക്കിടന്നു. എല്ലുകളെല്ലാം ഉടഞ്ഞ്, രണ്ടാമത്തെ വിരലിന്റെ ചുവട്ടിൽ ഒരു എല്ല് ഇല്ലാതായി. ഒന്നാമത്തെ വലിയ വിരലിന്റെ പിറകുഭാഗം കൂട്ടിയിടിച്ച വാഹനത്തിന്റെ ഇടയിൽപ്പെട്ട് ചതഞ്ഞ് അരഞ്ഞു. മെഡിക്കൽ കോളജിൽ അഡ്മിറ്റ് ചെയ്തപ്പോൾ ഇത് പ്ലാസ്റ്റർ ചെയ്ത് എടുക്കാൻ പറ്റില്ല, ആഴത്തിൽ മുറിവുകൾ ഉണ്ട്. പല കഷണങ്ങളായി അസ്ഥി മാറിപ്പോയതുകൊണ്ട് കൂട്ടിയോജിപ്പിക്കാനുള്ള ബുദ്ധിമുട്ടും ഉണ്ട്. ഒ.ആർ. ഐ.എഫ്. എന്നീ ചുരുക്കപ്പേരിലറിയപ്പെടുന്ന സർജറി ചെയ്തുവേണം ആ എല്ലുകളെ കൂട്ടിപ്പിടിപ്പിയ്ക്കാൻ. നാല് വിരലുകൾ മുറിച്ചുകളയേണ്ട ഒരു സന്ദിഗ്ദ്ധാവസ്ഥയിൽ എത്തി. ഇത് ശരിയാക്കണമെങ്കിൽ അതിന് കുറെ പ്ലേറ്റ്, സ്ക്രൂ, ബോൾട്ട് തുടങ്ങിയ സാധനങ്ങൾ വേണം. തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഉണ്ടായിരുന്ന ഈ വകയൊക്കെ മേജർ ആക്സിഡന്റിൽപ്പെട്ട മറ്റു പലർക്കുമായി നേരത്തെ അവിടെ ഘടിപ്പിച്ചതുകൊണ്ട് അതിനും ബുദ്ധിമുട്ടായി. അപ്പോൾ എന്റെ വിരൽ മുറിക്കേണ്ടി വരും എന്ന തീരുമാനത്തിലെത്തി. അല്ലായെങ്കിൽ ഈ ഉപകരണം കിട്ടണമെങ്കിൽ വെല്ലൂർ മെഡിക്കൽ കോളജിലേ ഉള്ളൂ. എനിക്ക് പോകാൻ ആരുമില്ല. എന്റെ കയ്യിൽ അന്ന് അതിനുള്ള സാമ്പത്തിക ശേഷിയും ഉണ്ടായിരുന്നില്ല. വലിയ പരിചയങ്ങളും ഇല്ല. മെഡിക്കൽ കോളജിലെ എമർജൻസി വാർഡിൽ കിടന്നുകൊണ്ട് എന്റെ കൂടെ ഉണ്ടായിരുന്ന ഷാജി എന്ന കുട്ടിയുടെ കയ്യിൽ ഒരു കത്ത് എഴുതി അരമനയിലേക്ക് കൊടുത്തയച്ചു. തിരുമേനിയുടെ കയ്യിൽ കൊടുക്കാൻ; ഈ വിവരം പറയാൻ. തിരുമേനി ആ കത്ത് വാങ്ങി കുട്ടിയെ ഇവിടേക്ക് തിരിച്ചയച്ചു. അൽപ്പസമയം കഴിഞ്ഞപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളജിലെ വാർഡിലേക്ക് പിതാവ് കുറെ പുരോഹിതൻമാരുമായി വരുന്നു. തിരുമേനിക്ക് പാസ്സിനുവേണ്ടി കാത്ത് നിൽക്കേണ്ട ആവശ്യമില്ല. സന്ദർശനസമയത്തിനായി കാത്തിരിക്കേണ്ടതില്ല. എല്ലാവരും ആദരിക്കുന്ന വ്യക്തിത്വമല്ലേ. അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. വിങ്ങുന്ന വേദനയുമായി ഉയരത്തിൽ കെട്ടിത്തൂക്കിയിരിക്കുന്ന കാലിൽ പല്ലവസദൃശമായ വിരലുകൾ കൊണ്ട് വന്ദ്യപിതാവ് സ്പർശിച്ചപ്പോൾ വല്ലാത്ത ഒരു തണുപ്പാണ് അനുഭവപ്പെട്ടത്. അവിടെ നിന്ന് അച്ചൻമാരുടെ സാന്നിദ്ധ്യത്തിൽ തിരുമേനി പ്രാർത്ഥിച്ചു. ആ പ്രാർത്ഥന കഴിഞ്ഞപ്പോൾ എല്ലാം മറന്ന് ഞാൻ മറ്റൊരു ലോകത്തിലായിപ്പോയി. എന്റെ ദുഃഖാവസ്ഥ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. പരിഹാരമുണ്ടാക്കാം; വിഷമിക്കണ്ടാ; ബഷീറിന്റെ വിരലുകൾ ഒരിക്കലും മുറിക്കപ്പെടില്ല എന്ന് പറഞ്ഞത് അന്വർത്ഥമായി. പിന്നീട് അദ്ദേഹം എന്താണ് ചെയ്തതെന്ന് ഞാൻ അറിയുന്നത് എന്നെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തശേഷമാണ്. തിരുമേനി ഒരു അച്ചനെ വിമാനത്തിൽ മദ്രാസിൽ അയച്ച് വെല്ലൂരിൽ നിന്നും ഘടിപ്പിക്കേണ്ട പ്ലേറ്റുകൾ വാങ്ങിക്കൊണ്ടുവന്നു. ഡിസ്ചാർജ് ചെയ്യുമ്പോൾ അന്ന് എന്നെ പരിശോധിച്ച ഡോക്ടർ അച്ചൻ അലക്സ് എന്നോട് ചോദിച്ചു. എന്താണ് തിരുമേനിയുമായി ഇത്ര വലിയ ബന്ധം എന്ന്. ഞാൻ പറഞ്ഞു: ആ ബന്ധം എന്താണെന്ന് എനിക്കറിയില്ല. അദ്ദേഹത്തിന്റെ മാനവികത കൊണ്ട് തോന്നിയ ഒരു ബന്ധം മാത്രമാണ്. അപ്പോൾ ഡോ. അച്ചൻ അലക്സ് പറയുകയാണ്; എന്നും രാവിലെയും വൈകിട്ടും തിരുമേനി ഫോണിൽ വിളിച്ചു ചോദിക്കുമായിരുന്നു എന്റെ കാലിന്റെ അവസ്ഥ എന്തായി എന്ന്. തിരുമേനിയുടെ ആ സഹായം കിട്ടിയിരുന്നില്ലെങ്കിൽ നാല് വിരലുകൾ നഷ്ടപ്പെട്ട് ഞൊണ്ടി ഞാൻ ജീവിക്കേണ്ടി വന്നേനേ. വികാരനിർഭരമായിട്ടല്ലാതെ ഒരിയ്ക്കലും എനിക്ക് ഇത് ഓർമ്മിക്കാൻ കഴിയില്ല. വന്ദ്യപിതാവിനെ നഗരി കാണിക്കാൻ പ്രദക്ഷിണം വയ്ക്കുമ്പോൾ തലസ്ഥാനനഗരി മുഴുവൻ ജാതിമതഭേദമെന്യേ വിലപിക്കുന്ന കാഴ്ച്ചയാണ് കണ്ടത്.

കാണുമ്പോഴെല്ലാം തിരുമേനി എന്നോട് ചോദിച്ചിരുന്നത് പുതുതായി എന്ത് വായിച്ചു എന്നാണ്. അപ്പോൾ ഇംഗ്ലീഷ് സാഹിത്യത്തിലോ വിദേശ ഗ്രന്ഥങ്ങളിലോ ഉള്ള കാര്യങ്ങൾ ഞാൻ പറയാൻ തുടങ്ങുമ്പോൾ ബാക്കി തിരുമേനി ഇങ്ങോട്ടു പറഞ്ഞു തരുമായിരുന്നു. അഗാധമായ, സാഗരോപമമായ പരിജ്ഞാനം. അത് ഉപമിക്കാൻ പോലും കഴിയുന്നതായിരുന്നില്ല. ഞാൻ നേരിട്ടു കേട്ടിട്ടുണ്ട്; വൈദികരോടും മറ്റും പറയുന്നത് സംസ്കൃതഭാഷ പഠിക്കണം, അത് ഭാരത

ത്തിന്റെ ഭാഷയാണ്, പ്രോൽസാഹിപ്പിക്കണം- അഭിമാനപൂർവ്വം പറഞ്ഞിരുന്നു തിരുമേനി. പല പ്പോഴും എന്റെ സംസ്കൃത ഉദ്ധരണികൾ അദ്ദേഹ ത്തിന് സംതൃപ്തമായ അവസ്ഥയായിരുന്നു.

ഒരു സംഭവം കൂടി പറയട്ടെ. എന്റെ നാട്ടിൽ, പത്തനാപുരം താലൂക്കിലെ ഒരു ഇടവകയിൽ രണ്ടു കുടുംബത്തിൽപ്പെട്ടവർ നമ്മിൽ വല്ലാത്ത തർക്കമുണ്ടായി. പരിഹരിക്കാൻ വയ്യാത്ത പ്രശ്ന മായി അത് വളർന്നുകൊണ്ടിരിയ്ക്കെ തിരുമേനി അവിടെ വന്നു. എന്നിട്ട് നിറഞ്ഞുകവിഞ്ഞ സദസ്സി നോട് ഒരു ചോദ്യം ചോദിച്ചു. വാശി എന്ന വാക്കിന്റെ ഇംഗ്ലീഷ് പറയാമോ എന്ന്. ഒരുപാട് ബിരുദധാരികളും ബിരുദാനന്തരബിരുദധാരി കളും ആ സദസ്സിലുണ്ടായിരുന്നു. ഞാനും അവി ടെയിരുന്ന് ഒത്തിരി ആലോചിച്ചു. വാശി എന്ന തിന് ഇംഗ്ലീഷ് എന്താണ് എന്ന്. തിരുമേനി പറഞ്ഞു; വാശി എന്നതിന് ഇംഗ്ലീഷിൽ പദമില്ല. അത് മലയാളികൾക്ക് മാത്രമേയുള്ളൂവെന്ന്. തിരു മേനി ആ പ്രശ്നം വളരെ ലാഘവമായി പരിഹരി ക്കുകയുണ്ടായി.

ചാലക്കമ്പോളം കത്തിയമരുന്ന സമയത്ത്, വർഗ്ഗീയ കലാപമുണ്ടായപ്പോൾ മറ്റാരും കൂടെയി ല്ലാതെ, തനിച്ചു പോയി മുസ്ലീങ്ങളും ഹിന്ദുക്കളു മായുള്ള ഒരു പ്രശ്നമായി പരിഗണിക്കാതെ അഗാ ധമായ മാനവികത കൊണ്ട് തിരുമേനി അത് ശാന്തമാക്കിയത് ആരും ഒരിക്കലും മറക്കുകയില്ല. ദ് ബുക്ക് എന്ന് പറഞ്ഞാൽ അത് ബൈബിളാണ്. ദ് സിറ്റി എന്നു പറഞ്ഞാൽ ലണ്ടൻ സിറ്റിയാണ്. അതുപോലെ തിരുവനന്തപുരത്തുകാർക്ക് ആർച്ച്ബിഷപ്പ് എന്നു പറഞ്ഞാൽ അത് ബന ഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മാത്രമാണ്. അദ്ദേഹത്തിന്റെ ആദർശവാക്യം തന്നെ സ്നേഹം മമദീപം എന്നതായിരുന്നു. ലോകം അവസാന ത്തോട് എത്തിയിരിക്കുന്ന, കാലം പിരിയുന്ന ഈ കാലത്തിൽ മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായത്തിൽ 13-ാം വാക്യത്തിൽ പറയുന്നത് 'അധർമ്മം പെരുകുന്നതുകൊണ്ട് സ്നേഹം തണുത്തുപോകും' എന്നാണ്. ഈ കാലഘട്ട ത്തിൽ 'സ്നേഹം മമദീപം' എന്ന ആ ആദർശ പുരുഷന്റെ അപാരമായ മാനവികതയും, വാക്കു കൾക്കതീതമായ വൈജ്ഞാനിക പ്രചണ്ഡതയു മൊക്കെ ഇന്നും പ്രകാശിച്ചു നിൽക്കുകയാണ് ആ മഹാധനന്റെ ഓർമ്മകളിലൂടെ കടന്നുപോകു മ്പോൾ.

●



**തയ്യാറാക്കിയത് :**
**ജയ്സ് കോഴിമണ്ണിൽ**

## കാരുണ്യപദ്ധതി ഉദ്ഘാടനം




മലങ്കര കത്തോലിക്കാ സഭ പുനരൈക്യവാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്ര ലിലെ എം.സി.വൈ.എം. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കാ രുണ്യപദ്ധതിയുടെ ഉദ്ഘാടനം താലൂക്ക് ആശുപത്രിയിൽ നഗരസഭാ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ നിർവഹിക്കുന്നു.


**ആശംസകൾ**



ഐക്യദീപം
സർക്കുലേഷൻ &
മാർക്കറ്റിംഗ് മാനേജരായി
ചുമതലയേറ്റ **ബഹു. ഫാ. ജോസഫ് കരിപ്പായിൽ**

**ഐക്യദീപം**
**വായിക്കുക...**
**വരിക്കാരാകുക....**






ഡോ. ഡി. ബാബു പോൾ

# സാൽവിഫിക് ലോ:
# ഒരു പഠനം

**നി**യമത്തെക്കുറിച്ച് പൊതുവേയുള്ള കാഴ്ചപ്പാട് മനുഷ്യനെ നിയന്ത്രിക്കുന്നതിനുള്ള ഒരു ഉപാധി എന്നതാണ്. എന്നാൽ ഈ നിർവ്വചനം കൃത്യമല്ല എന്ന് സമർത്ഥിക്കുവാനാണ് തന്റെ ഗവേഷണപ്രബന്ധമായ 'രക്ഷാനിയമം' (Salvific Law) എന്ന ഈ കൃതിയിൽ ഫാ. തോമസ് കുഴിനാപ്പുറത്ത് ശ്രമിച്ചിട്ടുള്ളത്.

'പൗരസ്ത്യ സഭകളുടെ കാനോനസംഹിത' യെപ്പറ്റി നടത്തിയ ഉപരിപഠനത്തിന്റെ ഭാഗമായി അച്ചൻ തയ്യാറാക്കിയ പഠനം പരിശോധിച്ച ഡോ. ഡിമിട്രിയോസ് സലാക്കാസ് (ഇപ്പോൾ ഗ്രീസിലെ മെത്രാൻ) ആ ബിരുദാനന്തര ബിരുദ ഗവേഷണപ്രബന്ധം ഒരു ഡോക്ടറൽ പ്രബന്ധം ആകേണ്ടിയിരുന്നു എന്നാണ് അഭിപ്രായപ്പെട്ടത്. അങ്ങനെ പിന്നീട് ഒരു ഡോക്ടറൽ പ്രബന്ധം തയ്യാറാക്കി സമർപ്പിക്കുന്നതിന് അച്ചന് ഒരു വർഷം മാത്രമേ വേണ്ടിവന്നുള്ളൂ.

യേശുക്രിസ്തു നേടിത്തന്ന രക്ഷയുടെ അനുഭവത്തിലേക്ക് മാനവരാശിയെ നയിക്കുക എന്നതാണ് സഭയുടെ എക്കാലത്തെയും ദൗത്യം. അതിനാൽ തന്നെ സഭയുടെ എല്ലാ സംവിധാനങ്ങളും ഈ ദൗത്യത്തിലേക്ക് നയിക്കുന്നതാകണം. സഭയുടെ നിയമങ്ങൾ ഇതിനപവാദമായിക്കൂടാ. ദൈവൈകൃത്തിലേക്ക് മനുഷ്യനെ എത്തിക്കുക എന്നതല്ലാതെ മറ്റൊരു ലക്ഷ്യവും കാനൻ നിയമങ്ങൾക്ക് ഉണ്ടാകരുത് എന്ന് പറയുന്നതിന്റെ അടിസ്ഥാനവും മറ്റൊന്നല്ല. ദൈവത്തിന്റെ അനന്തനന്മയുടെ വ്യത്യസ്ത ഭാവങ്ങളാണ് ഈ കൃതിയുടെ കാതൽ. അതോടൊപ്പം സഭാമക്കളായ വിശ്വാസികൾ ദൈവത്തോടും സഹജീവികളോടും പ്രകൃതിയോടും പുലർത്തേണ്ടത് ഇതേ കരുണയും സ്നേഹവും ആണെന്ന കാഴ്ചപ്പാടും പങ്കുവയ്ക്കപ്പെടുന്നു.

നാല് അദ്ധ്യായങ്ങളിലായി നിയമത്തിന്റെ അന്തരാർത്ഥങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിൽ തെളിയുന്ന ചിത്രം കാരുണ്യവാനും സ്നേഹസമ്പന്നനും മാനവവംശത്തെ മുഴുവൻ ആശ്ലേഷിക്കുവാൻ കാത്തു നില്ക്കുന്നവനുമായ ദൈവത്തിന്റേതാണ്. വി. അപ്രേം എഴുതിയത് കുഴിനാപ്പുറത്തച്ചൻ ഉദ്ധരിക്കുന്നതിങ്ങനെ: 'ഭൂമിയിലെ പൂഴിയിലേക്ക്, വെറും മണ്ണിലേക്ക് ദൈവത്തിന്റെ കരുണ ഒഴുകിയിറങ്ങി. നന്മയും വിശുദ്ധിയും തന്നെയായ ദൈവം പൂഴിയിൽ നിന്നും മനുഷ്യനെ- ആദത്തെ-രൂപപ്പെടുത്തിയപ്പോൾ അറിഞ്ഞിരുന്നു അവൻ നന്ദികേട് കാണിക്കുമെന്നും തന്നിൽനിന്നും അകന്നുപോകുമെന്നും. എന്നിട്ടും അവിടുന്നവനെ സൃഷ്ടിക്ക് മകുടവും വിജയശ്രീലാളിതനുമാക്കി.'

പരമനന്മയായ ദൈവം സൃഷ്ടിയുടെ മകുടമായി മനുഷ്യനെ സൃഷ്ടിച്ചപ്പോഴും അവനിൽ

പരിമിതികൾ ഉണ്ടെന്ന് നന്നായി അറിഞ്ഞിരുന്നു. ഈ പരിമിതികളോടെ അവൻ ജീവിച്ച് നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിക്കണം എന്നതായിരുന്നു ദൈവഹിതം. ദൈവത്തിന്റെ രക്ഷാകര മനസ്സ് നമുക്ക് കാണാൻ സാധിക്കുന്ന തിവിടെയാണ്. പരിമിതികളോട് കൂടിയ മനുഷ്യനെ പൂർണതയിലേക്ക് എത്തിക്കുന്നതിന് ദൈവം കല്പനകൾ നല്കി. ദൈവത്താൽ സംസ്ഥാപിതമായ സഭയുടെ നിയമങ്ങൾക്കും ഈ രക്ഷാകരമാനം അനിവാര്യമായി ഭവിക്കുന്നതിന്റെ യുക്തി ഇവിടെയാണ് കാണേണ്ടത്. ഇക്കാര്യമാണ് ഗ്രന്ഥകാരൻ പഠനവിധേയമാക്കുന്നത്.

രക്ഷ എന്ന ആശയത്തിന്റെ വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ വിശകലനങ്ങൾക്കാണ് പ്രഥമ അദ്ധ്യായം മാറ്റിവച്ചിരിക്കുന്നത്. ഈ പദത്തിന്റെ എബ്രായ മൂലത്തിന്റെ വിശകലനമാണ് ആദ്യം. ഈ പദം പഴയ നിയമത്തിൽ പൊതുവേ യുദ്ധപശ്ചാത്തലത്തിലാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഒപ്പം നീതിന്യായ മേഖലയിലും ഈ പദത്തിന് സവിശേഷമായ ഒരു അർത്ഥമുണ്ട് എന്നും കാണാവുന്നതാണ്. അനീതി അനുഭവിക്കുന്നവന്റെ നിലവിളി കേൾക്കുന്ന ഏതൊരുവനും അവനെ രക്ഷിക്കുവാൻ കടമയുണ്ട് എന്ന് ഉദ്ബോധിപ്പിക്കുന്ന പശ്ചാത്തലത്തിലാണ് ഈ പദം ഉപയോഗിക്കപ്പെടുന്നത്. ഇത് ഭരണകർത്താവിനെ സംബന്ധിച്ചിടത്തോളം വലിയ ഉത്തരവാദിത്തമാണെന്ന സൂചനയും വ്യക്തമാണ്.



**ഫാ. തോമസ് കുഴിനാപ്പുറത്ത്**

സമകാലീന സാമൂഹിക വ്യവസ്ഥിതിയിലും ഏറെ പ്രസക്തമായ ഒരു ഉദ്ബോധനമാണ് ഇത്. അനീതി അനുഭവിക്കുന്നവന്റെ നിലവിളിക്കുമുന്നിൽ കാതടയ്ക്കുന്ന ന്യായാധിപനും ഭരണകർത്താവും തത്സ്ഥാനത്തിനു യോഗ്യനല്ല. വേദപുസ്തകത്തിലെ ഈ ദർശനം പങ്കുവയ്ക്കാൻ സഭയുടെ വക്താക്കൾക്ക് ഉത്തരവാദിത്തമുണ്ടെന്ന് 'സാൽവിഫിക് ലോ' ഓർമ്മിപ്പിക്കുന്നു. അതായത് ന്യായാധിപന്മാർ രക്ഷകരുമായിരിക്കണമെന്നതാണ് വേദപുസ്തകത്തിന്റെ പാഠം. പഴയ നിയമത്തിലെ ന്യായാധിപന്മാരെല്ലാം രക്ഷകരും ആയിരുന്നുവല്ലോ.

രക്ഷയുടെ ദൈവശാസ്ത്രം വിശകലനം ചെയ്യുമ്പോൾ സഭാപിതാക്കന്മാരുടെ കൃതികളെയും ആധുനികദൈവശാസ്ത്രജ്ഞന്മാരെയും ഒരുപോലെ ഉദ്ധരിക്കുന്നുണ്ട് ഗ്രന്ഥകർത്താവ്. പരിശുദ്ധാത്മാവിന്റെ സഹായത്തോടെയാണ് ഒരുവൻ ആത്യന്തികമായ രക്ഷ കൈവരിക്കേണ്ടത് എന്ന് ചൂണ്ടിക്കാണിക്കുന്ന ഗ്രന്ഥകാരൻ മനുഷ്യന്റെ ശാരീരിക സൗഖ്യവും സ്വസ്ഥതയും രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് സുറിയാനി പിതാവ് മാർ അപ്രേമിന്റെ രചനകളെ ഉദ്ധരിച്ച് സമർത്ഥിക്കുന്നുമുണ്ട്.

നിയമം എന്ന സംജ്ഞയെ ആഴത്തിൽ പരിശോധിക്കാൻ തുനിയുന്ന ഗ്രന്ഥകാരൻ അഞ്ചു തലങ്ങളിൽ നിയമം വിശകലനം ചെയ്യുന്നു. നിയമത്തെകുറിച്ചുള്ള ദാർശനിക വിചാരത്തിൽ പ്ലേറ്റോ തുടങ്ങിയുള്ള ദാർശനികർ നിയമത്തെ സംബന്ധിച്ച് നടത്തിയിട്ടുള്ള പരാമർശങ്ങളുടെ അന്ത:സത്ത അന്വേഷിക്കുമ്പോൾ നിയമം മൂല്യബദ്ധമായിരുന്നു എന്നും എക്കാലവും സമൂഹം ചില അടിസ്ഥാനമൂല്യങ്ങൾ പാലിച്ചിരിന്നു എന്നും നിരീക്ഷിക്കുന്ന ഗ്രന്ഥകാരൻ പൊതുനന്മ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനലക്ഷ്യമാണെന്നുള്ള കാഴ്ചപ്പാട് മദ്ധ്യകാലത്തിന്റെ സംഭാവനയായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു.

നിയമവ്യവസ്ഥിതികളിലൂടെയുള്ള അന്വേഷണത്തിൽ പാശ്ചാത്യ നിയമ ദർശനത്തിന്റെ പോലും അടിസ്ഥാനമായി ഭാരതീയ തത്വചിന്തയെ കാണുന്ന ഗ്രന്ഥകാരൻ പുരാതന നിയമവ്യവസ്ഥികളിൽ സുപ്രധാനം എന്ന് പറയാവുന്ന റോമൻ, ഇൻഡ്യൻ, ഗ്രീക്ക്, ഈജിപ്ഷ്യൻ, യൂദ വ്യവസ്ഥിതികളെക്കുറിച്ചുള്ള പഠനവും നടത്തിയിരിക്കുന്നു എന്നത് എടുത്ത് പറയണം.

ബൈബിളിലെ നിയമദർശനം ആരംഭിക്കുന്നത് ദൈവം മനുഷ്യനിൽ നന്മ നിക്ഷേപിച്ചിടത്താണ്. പഴയനിയമത്തിൽ ഇത് ഇസ്രായേലുമായി നടത്തിയ ഉടമ്പടിയുടേതാകുന്നു. ഇസ്ര

യേൽ പലപ്പോഴും ഈ ഉടമ്പടിയിൽനിന്ന് വ്യതിചലിച്ചിരുന്നു. ഈ അപചയത്തിൽനിന്നും മോചനത്തിനുള്ള ശ്രമങ്ങൾ ഒരിടത്തും പൂർണ്ണമായും ഫലം കാണുന്നില്ല. അവിടെയാണ് ദൈവംതന്നെ മനുഷ്യനായി അവതരിക്കുന്നതിന്റെ പ്രസക്തി. ദൈവം സ്വജീവിതത്തിലൂടെ ഈ ഭൂമിയിൽ വരച്ചുകാട്ടിയ പുതിയ ഉടമ്പടി സ്നേഹത്തിന്റേതായിരുന്നു.

കത്തോലിക്കാസഭയുടെ പുരാതന പ്രബോധനങ്ങളിലെല്ലാം തന്നെ നിയമത്തിന്റെ ആത്യന്തിക ലക്ഷ്യം മനുഷ്യരക്ഷയാണെന്ന് വ്യക്തമായി പഠിപ്പിച്ചിരുന്നു എന്നും ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. അതായത് മനുഷ്യർ പരസ്പരവും ദൈവത്തോടും പുലർത്തേണ്ട സ്നേഹത്തിന് മനുഷ്യനെ പ്രാപ്തനാക്കുന്ന മാർഗ്ഗങ്ങളായിരിക്കണം സഭാ നിയമങ്ങൾ എന്നതായിരുന്നു കത്തോലിക്കാസഭയുടെ പ്രബോധനം. സഭ ഒരു ദൈവിക യാഥാർത്ഥ്യം എന്നതുപോലെതന്നെ ഒരു സാമൂഹികയാഥാർത്ഥ്യവുമാണ്. ദൈവശാസ്ത്രജ്ഞൻമാരിൽ പ്രമുഖനും രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ ബുദ്ധികേന്ദ്രവുമായിരുന്ന കാൾ റാനറുടെ ഉദ്ധരണികളോടെയാണ് ഈ ആശയം ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഒരു സാമൂഹിക യാഥാർത്ഥ്യം എന്നതിലുപരി ദൈവജനത്തിനു കൃപ പ്രദാനം ചെയ്തുകൊണ്ട് അവരെ ആത്യന്തിക രക്ഷയിലേക്ക് നയിക്കുന്നതിന് ദൈവത്താൽ സംസ്ഥാപിതമായ ഒരു കൃപാസ്ഥാപനം (Institution of Grace) ആണ് സഭയെന്ന ദർശനവും ഈ പുസ്തകത്തിൽ കാണാം. ഇങ്ങനെ ചിന്തിക്കുമ്പോൾ സഭയുടെ നിയമങ്ങൾക്ക് മനുഷ്യനെ കൃപാജീവിതത്തിലേക്ക് നയിക്കുന്ന ഉപകരണങ്ങളാകാതെ നിർവ്വാഹമില്ല.

പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായം പൗരസ്ത്യസഭകളുടെ കാനോന സംഹിതയുടെ ക്രോഡീകരണചരിത്രമാണ്. 20-ൽ പരം വ്യക്തിസഭകൾ കത്തോലിക്കാ കൂട്ടായ്മയിൽ പൗരസ്ത്യ പാരമ്പര്യം പിൻതുടരുമ്പോൾ അവയ്ക്ക് പൊതുവെ ഒരു നിയമസംഹിതയ്ക്ക് രൂപം നൽകുവാൻ സാധിച്ചു എന്നത് ചെറിയ കാര്യമല്ല. വ്യക്തിസഭകൾക്ക് തങ്ങളുടെ തനതായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് വളരുന്നതിനുള്ള അവസരങ്ങൾ നൽകുന്ന ഈ പൊതു കാനോനസംഹിത ഭാരതത്തിലെ രണ്ടു പൗരസ്ത്യ വ്യക്തിസഭകളും പ്രയോജനപ്പെടുത്തി പ്രത്യേക നിയമസംഹിതകൾക്ക് രൂപം നൽകിയിട്ടുണ്ടല്ലോ.

തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ സഭാനിയമത്തിന്റെ രക്ഷാകര സ്വഭാവം 'പൗരസ്ത്യ സഭകളുടെ കാനോനസംഹിത' യുടെ പശ്ചാ



ത്തലത്തിൽ പഠനവിധേയമാക്കുന്നു. പരിശുദ്ധ കുർബ്ബാനയെ സംബന്ധിച്ച നിയമങ്ങൾ ആണ് ഈ അദ്ധ്യായത്തിൽ ആദ്യം ചർച്ച ചെയ്യുന്നത്. ഒരു വിശ്വാസിയുടെ ആദ്ധ്യാത്മികജീവിതത്തിന്റെ കേന്ദ്രബിന്ദുവായ പരിശുദ്ധ കുർബ്ബാനയ്ക്ക് നല്കുന്ന പ്രാധാന്യത്തിലൂടെ ഓരോ വ്യക്തിയുടെയും ആദ്ധ്യാത്മികതയെയും തദ്വാര ആത്മരക്ഷയെയും ഗൗരവമായി നോക്കിക്കാണുന്ന നിയമസംഹിതയാണ് പൗരസ്ത്യ സഭകളുടേതെന്ന് സമർത്ഥിക്കുകയാണ് ഗ്രന്ഥകാരൻ. അന്ത്യോഖ്യായിലെ മാർ ഇഗ്നാത്യോസിന്റെ ഉദ്ധരണിയോടെ വി. കുർബ്ബാന ജീവന്റെ അപ്പവും അമർത്യതയുടെ ദിവ്യഔഷധവുമാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു.

തുടർന്ന് ഈ നിയമസംഹിതയിൽ ഉപയോഗിച്ചിക്കുന്ന രണ്ട് സംജ്ഞകളായ, 'സാലൂസ്' (രക്ഷ) 'സാലൂസ് ആനിമാരും' (ആത്മരക്ഷ) എന്നിവയുടെ വിശകലനമാണ് കാണുന്നത്. ബൈബിളിൽ 'രക്ഷ'യെ സൂചിപ്പിക്കുന്നതിനായി ഉന്നയിച്ചിട്ടുള്ള അതേ പദങ്ങൾ തന്നെയാണ് കാനോനസംഹിതയിലും ഉപയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുത ഏറെ പ്രാധാന്യത്തോടെ ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി നല്കപ്പെട്ട ദൈവവചനത്തിൽ ഉപയോഗിച്ചരിക്കുന്ന പദങ്ങൾ അതേ അർത്ഥത്തിൽ മനുഷ്യരക്ഷയെക്കുറിച്ചുള്ള കരുതൽ മുന്നിൽ കണ്ടുകൊണ്ട് കാനോനസംഹിത അവതരിപ്പിക്കുമ്പോൾ അത് ഈ സംഹിതയുടെ അടിസ്ഥാനപരമായ രക്ഷാകര സ്വഭാവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സംഹിതയിൽ കാണുന്ന ആത്മരക്ഷ എന്ന പ്രയോഗവും ഇതിനോട് ചേർത്തുവച്ച് മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യന്റെ ആത്മരക്ഷയാണ് അത്യുന്നത നിയമം എന്ന് വിവക്ഷിക്കപ്പെടുന്നതിലൂടെ മനുഷ്യന്റെ ശാരീരികരക്ഷ അവഗണിക്കപ്പെടുന്നു എന്ന് അർത്ഥമില്ല. മനുഷ്യന്റെ രക്ഷ ലാക്കാക്കിക്കൊണ്ടായിരിക്കണം സഭാപ്രവർത്തനങ്ങളെല്ലാം മുന്നോട്ട് പോകേണ്ടത് എന്ന് സംഹിത അനുശാസിക്കുന്നു.

നിയമത്തിന്റെ കർശനമായ പാലനത്തോടൊപ്പം നിയമത്തിനപ്പുറത്തുള്ള 'ന്യായദർശന' (Equity)ത്തിലൂടെ നീതി നടപ്പിലാക്കപ്പെടണം എന്ന് 'പൗരസ്ത്യ കാനോന സംഹിത' അനുശാസിക്കുന്നു എന്ന കണ്ടെത്തലും ഗ്രന്ഥകാരൻ നടത്തുന്നുണ്ട്. നിയമത്തിന്റെ പൊളിച്ചെഴുത്തല്ല മറിച്ച് നിയമത്തിനപ്പുറത്തും നീതിക്കുവേണ്ടിയുള്ള അന്വേഷണമാണിത്. നിയമത്തിന്റെ അതിർത്തികളെ അതിലംഘിച്ചുപോലും നീതി നടപ്പിലാക്കുവാനുള്ള സഭയുടെ സമീപനം കല്ലുകളേന്തി പാപിനിക്കുനേരെ നിന്ന നിയമജ്ഞരോട് യേശു പുലർത്തുന്ന സമീപനം തന്നെയാണ്.

അവസാനത്തെ അദ്ധ്യായത്തിൽ പൗരസ്ത്യ കാനോന സംഹിതയുടെ രക്ഷാകര സ്വഭാവം മറ്റുചില ഭാവങ്ങളിൽ നാം കാണുന്നു. ശിക്ഷാനിയമങ്ങളെ സഭ നോക്കിക്കാണുന്നത് ശിക്ഷിക്കപ്പെടുന്ന ആളിന്റെ മാനസ്സാന്തരം ലക്ഷ്യം വച്ചുകൊണ്ടാണ്. ബൈബിളിലെ 'വഴിതെറ്റിപ്പോയ ആടിന്റെ' ഉപമ പരാമർശിച്ചുകൊണ്ടാണ് 'കാനോനസംഹിത'യിൽ ശിക്ഷാനിയമങ്ങളുടെ ഭാഗം ആരംഭിക്കുന്നതു തന്നെ. വഴിതെറ്റിപ്പോയതിനെ തിരിച്ച് ആലയിലേക്ക് നയിക്കുന്നതിനുള്ള ഉപകരണങ്ങളായ ഈ നിയമങ്ങൾ ഒരിക്കലും തെറ്റു ചെയ്തവന്റെ നാശം ആഗ്രഹിക്കുന്നില്ല.

അതുപോലെ സഭയിലെ അനുരഞ്ജനകൂദാശയായ വി.കുമ്പസാരത്തെ സംബന്ധിക്കുന്ന സഭാ നിയമങ്ങളിലും ഈ രക്ഷാകരസ്വഭാവം ദർശിക്കുവാനാകും. പാപങ്ങൾ മോചിക്കാൻ അധികാരമുള്ള വൈദികൻ കുമ്പസാരക്കൂട്ടിൽ ദൈവത്തിന്റെ കരുണയുടെയും നീതിയുടെയും പ്രതിപുരുഷനാകണം എന്നാണ് കാനോനസംഹിത അനുശാസിക്കുന്നത്. കുമ്പസാരിക്കുന്ന ആൾ മരണത്തെ മുഖാമുഖം കാണുന്ന ഒരു സന്ദർഭത്തിലാണെന്നുള്ളതെങ്കിൽ അയാളെ അപ്പോൾ കുമ്പസാരിപ്പിക്കുന്ന വൈദികന് ഏതു പാപവും (മാർപ്പാപ്പയ്ക്ക് മാത്രം ഇളവ് നല്കാൻ പറ്റുന്ന പാപങ്ങൾ പോലും) മോചിക്കുവാൻ സാധിക്കും എന്നും 'കാനോനസംഹിത' അനുശാസിക്കുന്നു. മനുഷ്യന്റെ ആത്മരക്ഷയ്ക്കുമുമ്പിൽ നിയമത്തിന്റെ എല്ലാ വാതിലുകളും മലർക്കെ തുറന്നിടുന്ന സഭയുടെ നിയമദർശനമാണ് ഇവിടെ കാണുന്നത്.

ചുരുക്കത്തിൽ ക്രൈസ്തവ സഭയിലെ നിയമങ്ങൾക്ക് അനിവാര്യമായി വേണ്ടരക്ഷാകരസ്വഭാവം 'പൗരസ്ത്യ കാനോനസംഹിത' യുടെ പശ്ചാത്തലത്തിൽ പഠനവിധേയമാക്കിക്കൊണ്ട് കുഴിനാപ്പുറത്തച്ചൻ അതരിപ്പിക്കുന്ന അടിസ്ഥാന ദൈവശാസ്ത്രതത്വമിതാണ്. 'സഭയുടെ നിയമങ്ങൾ അടിസ്ഥാനപരമായി മനുഷ്യരെ രക്ഷയിലേക്ക് നയിക്കുന്ന ഉപകരണങ്ങളായിരിക്കണം. അവ അങ്ങനെ ആകുന്നില്ലെങ്കിൽ അവ സഭയുടെ നിയമങ്ങളായിരിക്കുകയില്ല.' സഭയിലെ നിയമനിർമ്മാതാക്കളും വ്യാഖ്യാതാക്കളും പാലകരും ഒരുപോലെ മനസ്സിൽ എപ്പോഴും സൂക്ഷിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതത്ത്വമാണിത് എന്നതിൽ അഭിപ്രായഭേദം ഉണ്ടാകാൻ ഇടയില്ല. ●

# 'പരിപാലന'യുടെ പിതാവ്
# മാർ അത്തനാസ്യോസ്



**റവ. ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**



പ്രസംഗത്തേക്കാൾ പ്രവൃത്തിയിൽ വിശ്വസിക്കയും അതുല്യ ദൈവപരിപാലനയെപ്പറ്റി പറയാതെ പ്രസംഗം ഉപസംഹരിക്കാതിരിക്കയും ചെയ്തിരുന്ന അഭി. സഖറിയാസ് മാർ അത്തനാസ്യോസ് പിതാവ് കാലം ചെയ്തിട്ട് നാല്പത്തൊന്ന് വർഷമാവുകയാണ്. രണ്ടു ദശവത്സരത്തിലധികം തിരുവല്ല രൂപതയ്ക്ക് അദ്ദേഹം നേതൃത്വം നല്കി. അദ്ദേഹത്തിന്റെ അഃു ല്യ ക്രാന്തദർശിത്വമാണ് ബത്തേരി രൂപതയുടെ രൂപീകരണവും തിരുവല്ല രൂപതയുടെ വിപുലീകരണവും സാമ്പത്തിക ഭദ്രതയും, സാധുജനോപകാരപ്രദമായ കർമ്മപരിപാടികളും (വിദ്യാഭ്യാസ സഹായപദ്ധതി, കുടുംബരക്ഷാപദ്ധതി തുടങ്ങിയവ) സാദ്ധ്യമാക്കിയത്.

**നിസ്സീമ മൈത്രി**

കോട്ടയത്തെ മുൻ കാതോലിക്കാ മാർ മാത്യൂസ് പ്രഥമൻ ബാവായുടെ ഉറ്റ സതീർത്ഥ്യനായിരുന്നു മാർ അത്തനാസ്യോസ് പിതാവ്. മെത്രാഭിഷേകത്തിൽ രണ്ടുപേരും മാർ അത്തനാസ്യോസ് എന്ന നാമം സ്വീകരിച്ചതും രണ്ടുപേരുടെയും ദർശനത്തിലും വീക്ഷണത്തിലുമുള്ള സാധർമ്മ്യം കൊണ്ടുകൂടെയും ആവണം. ഒരിക്കൽ ഒരു സ്വകാര്യ സംഭാഷണത്തിൽ മാത്യൂസ് മാർ അത്തനാസ്യോസ് തിരുമേനി (പിന്നീട് കാതോലിക്കാ) പറഞ്ഞതോർക്കുന്നു: ''തിരുവല്ലയിലെ മാർ അത്തനാസ്യോസ് എന്റെ ഉറ്റ മിത്രമാണ്. പുതിയ കത്തീഡ്രലിന്റെ (തിരുവല്ല) കൂദാശയ്ക്ക് എന്നെ ക്ഷണിച്ചിട്ടുണ്ട്, സാഹചര്യം അനുവദിക്കുന്ന പക്ഷം പോകണമെന്നുണ്ട്''. സഭാസീമകളെ ഉല്ലംഘിക്കുന്ന ഈ മൈത്രീബന്ധം എത്രയോ ശ്രേയസ്ക്കരമാണ്.

**ഏവർക്കും മാതൃക**

ഒരിക്കൽ ചർച്ച് വീക്കിലിയിൽ ശ്രദ്ധേയമായ ഒരു ലേഖനം മാർ അത്തനാസ്യോസ് പിതാവിനെപ്പറ്റി പ്രസിദ്ധീകരിക്കപ്പെട്ടതോർക്കുന്നു. കാറിൽ നിന്നിറങ്ങി ദുർഘടമായ ഒരു മലകയറി ഒരു രോഗിയെ സന്ദർശിക്കാൻ പോകുന്ന മാർ അത്തനാസിയോസ് പിതാവിന്റെ മാതൃക ഉയർത്തിക്കാണിച്ചുകൊണ്ടുള്ളതായിരുന്നു പ്രസ്തുത ലേഖനം. കൂട്ടത്തിൽ നിഷ്ക്കളങ്കതയും വിനോദവും കലർന്ന സംഭാഷണംവഴി കൂടെയുള്ളവരെ കൂടെക്കൂടെ ചിരിപ്പിക്കുന്ന അദ്ദേഹത്തിന്റെ നർമ്മ രസികതയും മാതൃകാപരമായിരുന്നു എന്ന് ആ ലേഖകൻ അനുസ്മരിക്കയാണ്. തുടർന്ന് എല്ലാ പിതാക്കന്മാരും അനുകരിക്കണമെന്ന് ദൈവജനം ആഗ്രഹിക്കുന്ന സവിശേഷതകളാണിവയെന്നും ലേഖകൻ ഊന്നിപ്പറയുകയാണ്, എത്ര അഭിമാനകരമായ സാക്ഷ്യം.

**സാധുജനപ്രത്യുത്ഥാന പ്രവർത്തനങ്ങൾ**

മദ്ധ്യതിരുവിതാംകൂറിലെ ധാരാളം കുടുംബങ്ങളെ പിതാവ് ഗണ്യമായി സഹായിച്ചിട്ടുണ്ട്. വിദ്യാസമ്പന്നകളായ തൊഴിൽരഹിത യുവതികളെ ജർമ്മനിയിൽ ജോലിക്കയ്ക്കുവാൻ അദ്ദേഹം പദ്ധതിയിട്ടു. വിവാഹസഹായ നിധി ഏർപ്പെടുത്തി. കുടുംബസഹായ പദ്ധതി (Save a Family Scheme), വിദ്യാഭ്യാസ സഹായ പദ്ധതി, ഭവനനിർമ്മാണ പദ്ധതി ഇങ്ങനെ സാധുജനോപകാരപ്രദമായ ധാരാളം കർമ്മപരിപാടികൾ രൂപതയിൽ ആവിഷ്കരിച്ചു. അശരണരുടെ ആലംബമായിരുന്നു അദ്ദേഹം.

**സജീവ സ്മാരകങ്ങൾ**

അദ്ദേഹത്തിന്റെ പുനരൈക്യത്തിനു തന്നെ ഹേതുഭൂതയായത് വി. ചെറുപുഷ്പമെന്നറിയപ്പെടുന്ന വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാണ്. അദ്ദേഹം രൂപതയുടെ പേരിൽ ആരംഭിച്ച പുഷ്പഗിരി ആശുപത്രി ആ മഹനീയ മദ്ധ്യസ്ഥതയ്ക്ക് ഉപഹാരമായി സമർപ്പിക്കപ്പെട്ട ഉത്തുംഗഹാരമാണ്. വിദഗ്ധചികിത്സയ്ക്കും, സാധുജന പരിഗണനയ്ക്കും സംവിധാനമുള്ള ഈ സ്ഥാപനം മദ്ധ്യതിരുവിതാംകൂറിന്റെ അഭയമാണ്. പിതാവിന്റെ ശാശ്വത സ്മാരകവുമാണിത്. ഇന്ന് വിശ്രുതമായ മെഡിക്കൽ കോളജായി വിരാജിക്കുന്നു. എത്രയോ ശ്രേയസ്ക്കരം. സീരി (SEERI) യുടെ സമാരംഭത്തിലും ആ ക്രാന്തദർശിയുടെ കരങ്ങളുണ്ട്.

**അദ്ദേഹം രൂപതയുടെ പേരിൽ ആരംഭിച്ച പുഷ്പഗിരി ആശുപത്രി ആ മഹനീയ മദ്ധ്യസ്ഥതയ്ക്ക് ഉപഹാരമായി സമർപ്പിക്കപ്പെട്ട ഉത്തുംഗഹാരമാണ്. വിദഗ്ധചികിത്സയ്ക്കും, സാധുജന പരിഗണനയ്ക്കും സംവിധാനമുള്ള ഈ സ്ഥാപനം മദ്ധ്യതിരുവിതാംകൂറിന്റെ അഭയമാണ്. പിതാവിന്റെ ശാശ്വത സ്മാരകവുമാണിത്.**

**വശ്യമായ ആരാധനാ ശൈലി**

വി. ആരാധനാക്രമത്തിന്റെ അനുഷ്ഠാനത്തിൽ സമുന്നത നിഷ്ഠകൾ പുലർത്തിയിരുന്ന പിതാവ് രൂപതയിലെ വൈദികരെയും ദൈവജനത്തെയും ദൈവാലയാരാധനയിൽ ഭക്തിപൂർവ്വം പങ്കെടുക്കുവാനും അവിടെനിന്ന് ചൈതന്യം ഉൾക്കൊണ്ട് ശക്തരാകുവാനും കരുത്തരാക്കി. ആ ശ്രദ്ധയും നിഷ്ഠയും മറ്റുള്ളവരിലേക്ക് കാന്തശക്തിപോലെ പ്രവഹിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇന്നും സജീവമായ ഈ ആവേശം രൂപതയായി കാത്തുസൂക്ഷിക്കാൻ കഴിഞ്ഞാൽ ഭാഗ്യകരമായി. സന്യസ്തരോടും വൈദിക വിദ്യാർത്ഥികളോടും കരുതൽ കാട്ടിയിരുന്ന പിതാവ് തന്റെ വൈദികരെ കരുതിയതിന് കണക്കില്ല.

**ഉത്തുംഗപൈതൃകം, അടുക്കുംതോറും അത്യാദരം**

പിന്നീട് രൂപതയുടെ നേതൃത്വം ഏറ്റെടുത്ത ഗീവറുഗീസ് മാർ തിമോത്തിയോസ് പിതാവ് മാർ അത്തനാസ്യോസ് പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയുടെ അനുഭവങ്ങൾ വിവരിക്കുന്നത് കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ പിതാവിനോട് ഏറ്റം അടുത്ത് പ്രവർത്തിച്ച മാർ തിമോത്തിയോസ് പിതാവ്, മാർ യൂഹാനോൻ പിതാവിനെപ്പോലെ തന്നെ അദ്ദേഹത്തിന്റെ ചൈതന്യവും സവിശേഷതകളും പിൻചെന്നു എന്നതിൽ സംശയമില്ല. അടുക്കുംതോറും ആദരം, വർദ്ധിക്കുന്ന അഭിഭാവങ്ങളാണ് മഹത്തുക്കൾക്കുണ്ടാവുക. അതായിരുന്നു മാർ അത്തനാസ്യോസ് പിതാവ്.

**ആദരണീയ സമയനിഷ്ഠ**

സമയനിഷ്ഠയുടെ കാര്യത്തിൽ ഒരത്ഭുതമായിരുന്നു മാർ അത്തനാസ്യോസ് പിതാവ്. ഒരു ചട

ങ്ങിനും ഒരു നിമിഷം വൈകിയെത്തിയ ചരിത്രം അദ്ദേഹത്തിനില്ല. പൊതുജനപ്രവർത്തകർ മാതൃകയാക്കേണ്ട ഈ നിഷ്ഠ ആയിരങ്ങളുടെ പ്രശംസയും ആദരവും നേടിയിട്ടുണ്ട്.

കൈമുത്തായി കിട്ടുന്ന പണം രൂപതയുടെ സാമ്പത്തിക കാര്യദർശി (പ്രൊക്കുറേറ്ററെ) യെ ഏല്പിച്ചിട്ടേ അദ്ദേഹം സ്വന്തം മുറിയിൽ പ്രവേശിക്കുമായിരുന്നുള്ളൂ എന്ന രഹസ്യം അനേകർക്കും അജ്ഞാതമാവും.

**വ്യാപകമായ ആരാധകവൃന്ദം**

ബോംബെയിലും മറ്റുമുള്ള മലങ്കരമക്കൾ വലിയ അദരവോടും ഭക്തിയോടും കൂടിയാണ് അഭി. പിതാവിനെ അനുസ്മരിക്കുക. അവരുടെ ആവശ്യങ്ങളോടും പരിതോവസ്ഥയോടും അദ്ദേഹത്തിനുണ്ടായിരുന്ന ആഴമായ അനുഭവമാണ് അവരുടെ ഹൃദയം കവർന്നിട്ടുള്ളത്. സമാരംഭത്തിന്റെ നാല്പതാം വാർഷികം ആഘോഷിക്കുന്ന ബത്തേരി രൂപതയ്ക്ക് പിതാവിനോടുള്ള കടപ്പാട് അനിർവചനീയമാണ്. മലങ്കരയ്ക്ക് ലഭിച്ച വലിയ ദാനമായ പിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

**ജീവിതരേഖ**

**സക്കറിയാസ് മാർ അത്തനാസ്യോസ്**

**(1908–1977)**

യാക്കോബായ സഭയിലെ മെത്രാൻകക്ഷിയിൽ ഓർത്തഡോക്സിൽപെട്ട ആളായിരുന്നു അദ്ദേഹം. സ്നാനപ്പെട്ടതും വളർന്നതുമെല്ലാം അവിടെ ആയിരുന്നു. തിരുമൂലപുരത്ത് പോളച്ചിറയ്ക്കൽ കുടുംബത്തിൽ ജനിച്ചു. സക്കറിയാസ് എന്നായിരുന്നു മാമോദീസാപ്പേര്. തിരുവല്ല എം.ജി.എം. ഹൈസ്കൂളിലും കോട്ടയം എം.ഡി.സെമിനാരി ഹൈസ്കൂളിലും പഠിച്ചു. അതിനുശേഷം 12 വർഷം ബാങ്കിൽ ജോലി ചെയ്തു. പുത്തൻകൂർ സമുദായത്തിലെ കലഹങ്ങളെ പറ്റിയും കേസുകളെ പറ്റിയും അദ്ദേഹം ചിന്തിച്ചു. കത്തോലിക്കാസഭയെ പറ്റി വായിച്ചുപഠിച്ചു. ആറു വർഷത്തെ പ്രാർത്ഥനയ്ക്കും പഠനത്തിനും ശേഷം 1938 –ൽ കത്തോലിക്കാ സഭയിൽ പ്രവേശിച്ചു. മലങ്കരസഭയിൽ സമർപ്പിതജീവിതം നയിക്കാൻ തീരുമാനിച്ച് പട്ടത്തുള്ള മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്രം ആലുവായിലും ദൈവശാസ്ത്രം കാൻഡിയിലും പഠിച്ചിട്ട് 1946 –ൽ 38–ാം വയസ്സിൽ വൈദികനായി. തിരുവല്ല രൂപതയിലെ പല പള്ളികളിലും ശുശ്രൂഷ ചെയ്തു. 1954–ൽ അത്തനാസ്യോസ് എന്ന പേരിൽ സേവേറിയോസ് തിരുമേനിയുടെ സഹായമെത്രാനായി. 1955 ജനുവരി 18–ന് സേവേറിയോസ് തിരുമേനി കാലം ചെയ്തപ്പോൾ, 20–ന് അഡ്മിനിസ്ട്രേറ്ററും 27–ന് രൂപതാധ്യക്ഷനുമായി.

അദ്ദേഹം 23 വർഷം തിരുവല്ല രൂപതയ്ക്ക് നേതൃത്വം നല്കി. അദ്ദേഹത്തിനും ദൈവപരിപാലനയിൽ ഉറച്ച വിശ്വാസം ഉണ്ടായിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ നല്ല ഇടയനായി അദ്ദേഹം അധ്വാനിച്ചു. തിരുവല്ല രൂപതയ്ക്ക് പണസംബന്ധമായി ബലവത്തായ അടിത്തറ ഉണ്ടാക്കി. അദ്ദേഹം നല്ല ഭരണകർത്താവായിരുന്നു. അന്ത്യോക്യൻ ലിറ്റർജിക്കൽ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കാൻ അദ്ദേഹം നിഷ്കർഷിച്ചിരുന്നു. തിരുവല്ല രൂപത മലബാർ, കർണാടക, തമിഴ്നാട് ഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചത് അദ്ദേഹത്തിന്റെ കാലത്താണ്. അങ്ങനെ പൊന്നാനിപ്പുഴയ്ക്കപ്പുറത്തേക്ക് കടക്കാൻ മലങ്കര സഭയ്ക്ക് കഴിഞ്ഞു. എന്നാൽ അതൊരു വലിയ വെല്ലുവിളിയായിരുന്നു. അദ്ദേഹം മിഷൻ പ്രവർത്തനം ആ ഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചു.

**പുനരൈക്യപ്രസ്ഥാനത്തിന്റെ നല്ല ഇടയനായി അദ്ദേഹം അധ്വാനിച്ചു. തിരുവല്ല രൂപതയ്ക്ക് പണസംബന്ധമായി ബലവത്തായ അടിത്തറ ഉണ്ടാക്കി. അദ്ദേഹം നല്ല ഭരണകർത്താവായിരുന്നു. അന്ത്യോക്യൻ ലിറ്റർജിക്കൽ പാരമ്പര്യങ്ങൾ അഭംഗുരം പാലിക്കാൻ അദ്ദേഹം നിഷ്കർഷിച്ചിരുന്നു. തിരുവല്ല രൂപത മലബാർ, കർണാടക, തമിഴ്നാട് ഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചത് അദ്ദേഹത്തിന്റെ കാലത്താണ്. അങ്ങനെ പൊന്നാനിപ്പുഴയ്ക്കപ്പുറത്തേക്ക് കടക്കാൻ മലങ്കരസഭയ്ക്ക് കഴിഞ്ഞു.**

**കാലം ചെയ്ത പിതാക്കന്മാർ**

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ വോട്ടവകാശത്തോടുകൂടി അദ്ദേഹം പങ്കെടുത്തു. തദവസരം അനേകം കത്തോലിക്ക മെത്രാന്മാരുമായി പരിചയപ്പെടാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. അദ്ദേഹം പുഷ്പഗിരി ആശുപത്രി വികസിപ്പിച്ചു. ബേക്കർ സായിപ്പിന്റെ പ്ലാൻ അനുസരിച്ച് കത്തീഡ്രൽ പണിതു. ചെറുതും വലുതുമായ പല തോട്ടങ്ങളും വാങ്ങി. ഈ ലേഖകൻ റോമിലായിരുന്നപ്പോൾ അദ്ദേഹം റോമിൽ വരികയും ഞാൻ പല സ്ഥലങ്ങളിലും അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്തു. തിരികെയെത്തി അധികം താമസിയാതെ 1977 സെപ്റ്റംബർ 28–ന് അദ്ദേഹം കാലം ചെയ്തു. സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കി.

തിരുവല്ല രൂപതയെ മൂന്നായി തിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ആദ്യവിഭജനത്തിന് അദ്ദേഹം കളമൊരുക്കിയെങ്കിലും, അദ്ദേഹത്തിന്റെ മരണശേഷം 1978–ലാണ് അത് പ്രവൃത്തിപഥത്തിൽ എത്തിയത്. അങ്ങനെ 1978–ൽ ബത്തേരി രൂപത നിലവിൽ വന്നു. അടുത്ത വിഭജനം മൂവാറ്റുപുഴ രൂപതാസ്ഥാപനത്തോടുകൂടി 2003–ൽ നിലവിൽ വന്നു. തന്റെ സ്വപ്നം യാഥാർഥ്യമായതിനാൽ അദ്ദേഹത്തിന് സന്തോഷിക്കാം.





ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

# 'നിങ്ങൾ കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ'

## ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്

**മ**ഹത്തായ തന്റെ ജീവിതത്തിന്റെ അന്ത്യം അടുക്കാറായി എന്നു ബോദ്ധ്യമായപ്പോൾ മാർ ഈവാനിയോസ് പിതാവ് തന്റെ ഏറ്റം പ്രിയങ്കരരായ മലങ്കര കത്തോലിക്കാ വിശ്വാസി സമൂഹത്തിനു വികാരവായ്പോടെ നല്കിയ അന്ത്യ ഉപദേശത്തിലെ ഒരു കൊച്ചു വാചകമാണ് ''നിങ്ങൾ കത്തോലിക്കരായിത്തീർന്നിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ'' എന്നത്. തീർച്ചയായും നിങ്ങൾ മലങ്കര കത്തോലിക്കരായിത്തീർന്നതിൽ അഭിമാനം കൊള്ളുവിൻ എന്നു തന്നെയാണ് പിതാവ് ഇവിടെ വിവക്ഷിച്ചത്. പുനരൈക്യത്തിന്റെ 88-ാം വാർഷികാഘോഷത്തിന്റെ ഈ പ്രത്യേക കാലയളവിൽ മലങ്കര കത്തോലിക്കരെയെല്ലാം ആഴത്തിൽ ചിന്തിപ്പിക്കേണ്ട സ്നേഹനിർഭരമായ ഒരു ഉപദേശമാണിത്. കാരണം, ഏതൊരു പ്രസ്ഥാനത്തിന്റെയും സംഘടനയുടെയും നിലനില്പിനും കാലികമായ വളർച്ചയ്ക്കും അവശ്യമായ ഘടകമാണ് അതിൽ ഉൾപ്പെടുന്ന അംഗങ്ങൾക്ക് ആ പ്രസ്ഥാനത്തിലായിരിക്കുന്നതിൽ അഭിമാനബോധം ഉണ്ടാവുക എന്നത്. സഭാ കൂട്ടായ്മയുടെയും സ്ഥിതി ഇതിൽനിന്നു വിഭിന്നമല്ല. ഇവിടെ അഭിമാനം എന്നു പറയുമ്പോൾ ഉപരിപ്ലവമായ ചില വികാരപ്രകടനങ്ങളെയോ വ്യർത്ഥാഭിമാനത്തെയോ അല്ല സൂചിപ്പിക്കുന്നത്. പിന്നെയോ ദൈവം ഈ സഭാസമൂഹത്തിനു നല്കിയിരിക്കുന്ന നന്മകളെയും സവിശേഷതകളെയും ആഴത്തിൽ മനസ്സിലാക്കി അതിൽ ക്രിയാത്മകമായി പങ്കുചേരുന്നതിൽനിന്നുളവാകുന്ന പ്രത്യേകമായ ഒരു ആന്തരിക അനുഭൂതിയാണ്. ഈ അഭിമാന ബോധമാണ് സഭയെ സംരക്ഷിക്കുവാൻ, സഭയുടെ വിശ്വാസസത്യങ്ങൾക്കും പാരമ്പര്യങ്ങൾക്കും വേണ്ടി നിലകൊള്ളുവാൻ, സഭാകാര്യങ്ങളിൽ തീഷ്ണമായി പങ്കുചേരുവാൻ, സഭയുടെ ആവശ്യങ്ങളിൽ നിർലോപമായി സഹായിക്കുവാൻ ഒരു സഭാംഗത്തെ നിരന്തരമായി പ്രേരിപ്പിക്കുന്നത്. ഈ അഭിമാനബോധം സഭാമക്കളിൽ കുറഞ്ഞുപോയാൽ, ഇല്ലാതായാൽ അത് സഭയുടെ ജീവിതത്തെയും വളർച്ചയെയും പ്രതികൂലമായി ബാധിക്കും. ഈ പശ്ചാത്തലത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ ചില സവിശേഷതകൾ ഇവിടെ എടുത്തു കാട്ടുകയാണ്.

**മഹത്തായ അന്ത്യോക്യൻ സുറിയാനി പാരമ്പര്യം**

മലങ്കര സുറിയാനി കത്തോലിക്ക സഭ അതിപുരാതനമായ അന്ത്യോക്യൻ സുറിയാനി പാരമ്പര്യ

ത്തിൽ രൂപപ്പെട്ടു വളർന്നു വന്ന ഒരു സഭാസമൂഹ മാണ്. ഈ സഭാസമൂഹത്തിന്റെ പാരമ്പര്യങ്ങളും ആരാധനക്രമാനുഷ്ഠാനങ്ങളും ആദ്ധ്യാത്മിക തയും സഭാനിയമങ്ങളുമെല്ലാം അന്ത്യോക്യൻ പാരമ്പര്യത്തിൽ നിന്നുദ്ഭൂതമായിട്ടുള്ളതാണ്. ഈ പാരമ്പര്യത്തിന്റെ മനോഹാരിതയും വശ്യ തയും ആഗോളസഭയെ ഏറെ ആകർഷിച്ചിട്ടുണ്ട്.

മലങ്കര കത്തോലിക്കാസഭയുടെ ആരാധന ക്രമം അന്ത്യോക്യൻ ആരാധനക്രമമാണ്. അത് വി. യാക്കോബിന്റെ ആരാധനക്രമം എന്നു കൂടി അറി യപ്പെടുന്നു. ജറുസലേമിലെ ആദ്യത്തെ ഈ ആരാ ധനക്രമം യേശുവിന്റെ സഹോദരനായ വി. യാ ക്കോബ് ശ്ലീഹാ അനുഷ്ഠിച്ചുപോന്ന ആരാധനക്ര മമാണ്. ഇപ്പോഴുള്ള ആരാധനക്രമം പൂർണ്ണരൂപം പ്രാപിച്ചത് 4–5 നൂറ്റാണ്ടുകളിലാണെങ്കിലും അതി ന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ പുരാതനമായ അപ്പ സ്തോലിക കാലഘട്ടത്തിൽ ആവിർഭവിച്ചിട്ടുള്ള വയാണ്. നമ്മുടെ കർത്താവും അപ്പസ്തോല ന്മാരും സംസാരിച്ചിരുന്ന അരമായിക് (സുറി യാനി) ഭാഷയിലാണ് ഇത് രൂപപ്പെട്ടത്. ഈ ആരാ ധനക്രമത്തിൽ വേദപുസ്തകത്തിന്റെ പുതിയ നിയമത്തിന്റെയും പഴയനിയമത്തിന്റെയും, പശ്ചാ ത്തലവും സ്വാധീനവും, വളരെ ശക്തമാണ്. വേദ പുസ്തകത്തിലെ പ്രതിബിംബങ്ങൾ, സാദൃശ്യ ങ്ങൾ ഭാവാർത്ഥങ്ങൾ ഇവയെല്ലാം ആരാധനക്രമ ത്തിലെ പ്രാർത്ഥനകളുമായി ഇഴുകിച്ചേർന്നിട്ടു ള്ളത് അതിനെ സമ്പുഷ്ടമാക്കുന്നു. അതുപോലെ തന്നെ ത്രിത്വൈക രഹസ്യങ്ങളിൽ ശക്തമായി അടിസ്ഥാനപ്പെടുത്തിയതും ത്രിത്വൈക പദ്ധതി യിൽ ആഴമായി ഉൾച്ചേർന്നിട്ടുള്ളതും അത് പ്രഘോഷിക്കുന്നതുമായ ആരാധനക്രമമാണിത്.

ക്രിസ്തുവിന്റെ ജീവിതം മുഴുവൻ രക്ഷാകരപ്ര വർത്തനങ്ങളെല്ലാം-മംഗലവാർത്ത, മനുഷ്യാവ താരം, ജോർദ്ദാനിലെ മാമ്മോദീസ, രക്ഷാകരമായ പീഡാനുഭവം, കുരിശിലെ മരണം, കബറടക്കം, മഹത്തായ പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പിതാവിന്റെ വലത്തുഭാഗത്തുള്ള സ്ഥാനം അലങ്ക രിക്കൽ, രണ്ടാമത്തെ വരവ്-അനാവരണം ചെയ്യ പ്പെടുന്ന സമ്പൂർണ്ണമായ ഒരു ആരാധനക്രമമാണി ത്. ഈ ആരാധനക്രമത്തിൽ പങ്കുചേരുന്നവരിൽ ദൈവികരഹസ്യങ്ങളുടെ മുൻപാകെ ഭയഭക്തി ബഹുമാനവും അത്ഭുതാദരവുകളും ഉളവാക്കു ന്നു. അനുതാപം, പാപങ്ങളെപ്പറ്റിയുള്ള പശ്ചാ ത്താപം, ഇവയെല്ലാം അന്ത്യോക്യൻ ആരാധനക്രമ ത്തിലെ പ്രധാന വിഷയമാണ്. അതോടൊപ്പം ചേർന്നുവരുന്ന ശക്തമായ വിഷയമാണ് ദൈവ ത്തിന്റെ സ്നേഹവും കരുണയും.

പ.ദൈവമാതാവിനോടും പ്രവാചകന്മാർ, നിബിയന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ ഇവരോ ടെല്ലാമുള്ള ബന്ധവും ഭക്തിയും വളരെ പ്രകട മായി അവതരിപ്പിക്കപ്പെടുന്നുണ്ട്. നമ്മുടെ പരേ തർക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകളി ലൂടെ അവരെ നിരന്തരമായി ഈ ആരാധനക്രമ ത്തിൽ അനുസ്മരിക്കുന്നു. നമ്മുടെ കർത്താ വിന്റെ രണ്ടാം വരവും അതിനു വേണ്ടിയുള്ള കാത്തിരിപ്പും ഈ പശ്ചാത്തലത്തിലെ മറ്റൊരു പ്രധാന വിഷയമാണ്.

അന്ത്യോക്യൻ ആരാധനക്രമത്തിൽ വൈദിക നോടൊപ്പം ജനങ്ങളും ഒന്നുചേർന്ന് പ്രാർത്ഥന കൾ ചൊല്ലുകയും ഗീതങ്ങളാലപിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ ഈ വലിയ പങ്കാളിത്തം കണക്കിലെടുത്ത് 'ജനങ്ങളുടെ ആരാധനക്രമം' എന്നും ഇതറിയപ്പെടുന്നു. പ്രതീകാത്മകമായ ധാരാളം അനുഷ്ഠാനങ്ങൾ ഉള്ള ഈ പൗരസ്ത്യാ രാധനാപാരമ്പര്യം ഭാരതീയ സംസ്കാരത്തോട് ഏറെ ചേർന്നുപോകുന്നതാണ്. മനോഹരവും മഹത്തരവുമായ അന്ത്യോക്യൻ പാരമ്പര്യം മല ങ്കര സുറിയാനി കത്തോലിക്കാസഭയുടെ അമൂല്യ മായ സമ്പത്താണ്.

**സുസംഘടിതമായ വ്യക്തിഗത സഭ**

മലങ്കര സുറിയാനി കത്തോലിക്കാസഭ ആഗോള കത്തോലിക്കാസഭയിലെ സ്വയംഭരണാ വകാശമുള്ള വ്യക്തിഗത സഭാസമൂഹമാണ്. ചരിത്രം സാക്ഷിക്കുന്നതുപോലെ കൂനൻകുരിശു സംഭവത്തിലൂടെയാണ് മലങ്കര സുറിയാനി സഭാ വിഭാഗം സാർവ്വത്രിക സഭാകൂട്ടായ്മയിൽ നിന്നു വേർപെട്ടത്. ഈ പിളർപ്പിന്റെ ചരിത്രവസ്തുത കളും അതിന്റെ തിക്തഫലങ്ങളും ബൗദ്ധിക മായും പ്രായോഗികമായും വളരെ അടുത്തറിഞ്ഞ നുഭവിച്ച വ്യക്തിയായിരുന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്. ഇതിനൊരു പരിഹാരം കണ്ടെത്തുവാനും നഷ്ടപ്പെട്ട സഭാകൂട്ടായ്മയി ലേക്കു തിരികെ വരുവാനുമുള്ള ശക്തമായ അഭി വാഞ്ഛ അദ്ദേഹത്തിനുണ്ടായിരുന്നു. അതി നായി അദ്ദേഹം ആത്മാർത്ഥമായി പരിശ്രമി ക്കയും ചെയ്തു. അതിന്റെ പരിണിതഫലമാണ് 1930 ലെ ചരിത്രപ്രസിദ്ധമായ പുനരൈക്യവും അതിനെത്തുടർന്നുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആവിർഭാവവും.

പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കരസഭ അതിന്റെ ആദ്യാവസ്ഥയിലേക്ക് തിരികെയെത്തു കയാണുണ്ടായത്. കാതോലികവും അപ്പസ്തോ ലികവും ഏകവും വിശുദ്ധവുമായ സാർവ്വത്രിക സഭാകൂട്ടായ്മയിലേക്കുള്ള പുനഃപ്രവേശനം എന്ന മഹത്തായ കാര്യമാണിവിടെ സാക്ഷാത്ക്ക രിക്കപ്പെട്ടിരിക്കുന്നത്. ആഗോളകത്തോലിക്കാസഭ വിവിധങ്ങളായ വ്യക്തിഗത സഭകളുടെ കൂട്ടായ്മ യാണ്. ഈ സാർവ്വത്രിക കൂട്ടായ്മയിലേക്കാണ് മലങ്കര കത്തോലിക്കസഭയും കടന്നു വന്നിരിക്കു ന്നത്. ഇതു വഴി ലോകമെമ്പാടുമുള്ള കത്തോലി ക്കാസഭയുടെ ഭാഗമായി മലങ്കര കത്തോലിക്കാ സഭ മാറിയിരിക്കുന്നു. കത്തോലിക്കാസഭയിലൂടെ ലോകത്തെവിടെയും കടന്നുചെല്ലുന്നതിനും ഒരു വ്യക്തിഗത സഭയെന്ന നിലയിൽ പ്രവർത്തിക്കുന്ന

തിനുമുള്ള ഭാഗധേയം കൈവന്നിരിക്കുകയാണ്. ആഗോള കത്തോലിക്കാസഭയുടെ ബാഹ്യവും ആന്തരികവുമായ സംരക്ഷണവും ബലപ്പെടുത്തലും മലങ്കര കത്തോലിക്കസഭയ്ക്ക് ഇതുവഴി ലഭിക്കുന്നു. ആഗോള കത്തോലിക്കാ സഭയുടെ നൂതനാഭിമുഖ്യങ്ങൾ, ആനുകാലിക വിഷയങ്ങളോടുള്ള സമീപനങ്ങൾ ഇവയൊക്കെ വേഗം അടുത്തു മനസ്സിലാക്കുന്നതിനും സ്വായത്തമാക്കുന്നതിനുമുള്ള അവസരങ്ങൾ ധാരാളമാണ്.

അതേസമയം മലങ്കര കത്തോലിക്കാസഭ ഒരു വ്യക്തിഗത സഭയാണ്. ആ നിലയിൽ സഭയുടെ തനിമയും പൈതൃകങ്ങളും പാരമ്പര്യങ്ങളും ആരാധനാരീതികളും ആഗോള കത്തോലിക്കാ സഭ അതേപടി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അവയെല്ലാം സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള അധികാരാവകാശങ്ങൾ മലങ്കര കത്തോലിക്കാസഭയിൽ നിക്ഷിപ്തമാണ്. ആഗോളകത്തോലിക്ക സഭ പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാസഭയെ വിഴുങ്ങിക്കളഞ്ഞു എന്നൊക്കെയുള്ള വാദഗതികൾക്ക് ഇവിടെ യാതൊരു സ്ഥാനവുമില്ല. അപക്വമായ ഒരു കാഴ്ചപ്പാടാണത്. മലങ്കര കത്തോലിക്ക സഭയും ആഗോളകത്തോലിക്ക സഭയും തമ്മിലുള്ള ഈ കൂട്ടായ്മ പരസ്പര പൂരകങ്ങളാണ്. ഒന്ന് മറ്റൊന്നിനെ അലങ്കരിക്കുകയും പരിരക്ഷിക്കുകയുമാണ് ചെയ്യുന്നത്.

ഒരു വ്യക്തിഗത സഭയെന്ന നിലയിൽ സിനഡൽ ഭരണസമ്പ്രദായമുള്ള സ്വതന്ത്രസഭയായി മലങ്കര കത്തോലിക്കാസഭ ഇന്നു വളർന്നു ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2005 ഫെബ്രുവരി 10-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ മലങ്കര കത്തോലിക്കാസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായുയർത്തുകയും അന്നത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായെ മേജർ ആർച്ചുബിഷപ്പും മലങ്കര കത്തോലിക്കാസഭയുടെ കാതോലിക്കാബാവായുമായി നിയമിച്ചു. അതിനുശേഷം 2012 ഒക്ടോബർ 24-ാം തീയതി അന്ന് സഭയുടെ തലവനും പിതാവുമായിരുന്ന മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാബാവയെ ബനഡിക്ട് 16-ാമൻ മാർപാപ്പാ കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തി. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്കുയർത്തപ്പെട്ട സഭയുടെ വളർച്ച വേഗത്തിലായി. അതിഭദ്രാസനങ്ങളും, ഭദ്രാസനങ്ങളും എക്സാർക്കേറ്റും, മറ്റ് ഭരണസംവിധാനങ്ങളും കേരളത്തിനകത്തും ഭാരതത്തിലുടനീളവും വിദേശരാജ്യങ്ങളിലുമെല്ലാമുണ്ടായിത്തുടങ്ങി. ഇന്ന് ഒരു മേജർ അതിരൂപതയും ഒരു അതിരൂപതയും 8 രൂപതകളും ഒരു എക്സാർക്കേറ്റും ഒരു മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസും ഒരു ആർച്ചുബിഷപ്പും 13 മെത്രാന്മാരും ഉള്ള സുശക്തമായ സിനഡൽ ഭരണ സംവിധാനം മലങ്കര കത്തോലിക്കാ സഭയ്ക്കുണ്ട്. ഈ ഭരണസംവിധാനങ്ങളും അതു നല്കുന്ന ദിശാബോധവും ഭരണസ്വാതന്ത്ര്യവും മലങ്കര കത്തോലിക്കാസഭയുടെ നാനാവിധമായ വളർച്ചക്കും വികസനത്തിനും ആക്കം കൂട്ടുന്നു.

**പ്രബുദ്ധമായ വൈദിക നേതൃത്വം**

ഒരു സഭാസമൂഹത്തിന്റെ അഭിവൃദ്ധിയിലും വളർച്ചയിലും നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ് അതിലെ വൈദികർ. അതുകൊണ്ടാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പറഞ്ഞത്, 'വൈദികരുടെ ഉയർച്ചയാണ് സമുദായത്തിന്റെ ഉയർച്ചയെന്നും അവരുടെ വിജ്ഞാനമാണ് സമുദായത്തിന്റെ മുലധനമെന്നും'. മലങ്കര കത്തോലിക്കാസഭയുടെ ഒരു വിലപ്പെട്ട ശക്തി സ്രോതസ്സാണ് വന്ദ്യരും തീഷ്ണമതികളുമായ അതിലെ വൈദികർ, സഭയ്ക്കാവശ്യമായ എല്ലാ സേവനങ്ങളും, അത് ആത്മീയതലങ്ങളിലായാലും ഭൗതികതലങ്ങളിലായാലും, ആത്മസമർപ്പണത്തോടും കഠിനാദ്ധ്വാനത്തോടും കൂടെ അവർ നിർവ്വഹിക്കുന്നു.

മലങ്കര കത്തോലിക്കാസഭ രൂപപ്പെട്ട ആദ്യനാളുകളിൽ ബഥനി ആശ്രമവൈദികരും ഓർത്തഡോക്സ്-യാക്കോബായ സഭകളിൽ നിന്നു പുനരൈക്യപ്പെട്ട തീഷ്ണമതികളായ ചില വൈദികരും സീറോ മലബാർ സഭയിൽ നിന്നു മിഷൻ പ്രവർത്തനങ്ങൾക്കായി സധൈര്യം കടന്നുവന്ന ഏതാനും വൈദികരുമായിരുന്നു സഭാശുശ്രൂഷകളിൽ ഏർപ്പെട്ടിരുന്നത്. അവർ ഏറെ എതിർപ്പുകളും വെല്ലുവിളികളും ഇല്ലായ്മയും കഷ്ടപ്പാടുകളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അവരുടെ വീരോചിതമായ പ്രവർത്തനങ്ങളിലൂടെ നിലവിലുണ്ടായിരുന്ന ഇടവകകളെ ശക്തിപ്പെടുത്തുകയും പുതിയ ഇടവകകളും, മിഷൻ കേന്ദ്രങ്ങളും സ്ഥാപിക്കുകയും അവയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. തുർന്നുള്ള കാലങ്ങളിൽ മലങ്കര കത്തോലിക്കാ സഭയിൽനിന്നുതന്നെ വൈദികാന്തസ്സിലേക്കുള്ള ദൈവവിളികൾ പരിപോഷിപ്പിച്ച് അവരെ വിവിധ സെമിനാരികളിലയച്ച് പരിശീലിപ്പിച്ച് വൈദികരാക്കി സഭാ ശുശ്രൂഷകൾക്ക് നിയോഗിക്കുന്ന പതിവുണ്ടായി. പിന്നീട് ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും മറ്റ് ഉപയുക്തമായ വിഷയങ്ങളിലും ഉപരിപഠനവും ഗവേഷണവും നടത്തി ഉന്നത ബിരുദങ്ങൾ നേടുവാനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും വൈദികർക്ക് ലഭിച്ചു തുടങ്ങി. കാലക്രമേണ മലങ്കര കത്തോലിക്കാസഭയ്ക്ക് സഭയുടെ തനിമ നിലനിർത്തിക്കൊണ്ടും കാലോചിതമായും വൈദികപരിശീലനം നടത്തുവാൻ പ്രാപ്തമായ ഒരു മേജർ സെമിനാരി ഉണ്ടായി.

ഇപ്രകാരം പാണ്ഡിത്യവും ആദ്ധ്യാത്മികതയും പ്രേഷിത ചൈതന്യവും സേവനസന്നദ്ധതയുമുള്ള വൈദികരുടെ സാന്നിദ്ധ്യവും പ്രവർത്ത

നങ്ങളും മലങ്കര കത്തോലിക്കാ സഭാഗാത്രത്തെ ശക്തിപ്പെടുത്തുന്നതിനും അതിന്റെ പ്രേഷിത ശുശ്രൂഷകളെ വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും അതുല്യമായൊരു പങ്കാണ് വഹിക്കുന്നത്. ഈ വൈദികസമൂഹത്തിന്റെ പ്രാഗത്ഭ്യവും ആത്മസമർപ്പണവും സേവനതത്പരതയും മുന്നിൽ കണ്ടുകൊണ്ടാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധങ്ങളായ പ്രേഷിതപ്രവർത്തനങ്ങൾക്കായി സഭാനേതൃത്വം മുന്നോട്ടിറങ്ങുന്നത്. വൈദികജീവിതത്തിലേക്കുള്ള ദൈവവിളികൾ കുറഞ്ഞുവരുന്ന ഈ കാലയളവിലും മലങ്കര കത്തോലിക്ക സഭയിലെ വിവിധ രൂപതകളിലായി 770 ലധികം രൂപതാവൈദികർ കർമ്മനിരതരാണ്. അതോടൊപ്പം 300 ലധികം മേജർ സെമിനാരി വിദ്യാർത്ഥികളും 170-ഓളം മൈനർ സെമിനാരി വിദ്യാർത്ഥികളും നമ്മുടെ സഭയ്ക്കുള്ളത് ദൈവത്തിന്റെ വലിയൊരു പരിപാലനയാണ്. സഭയുടെ ഭാവി ഐശ്വര്യങ്ങളുടെ സുപ്രധാനമായൊരു സൂചനകൂടിയാണിത്.

**ആത്മനിറവുള്ള സമർപ്പിതർ**

സമർപ്പിതരായ സ്ത്രീപുരുഷന്മാർ സഭയുടെ ആദ്ധ്യാത്മിക ശക്തിസ്രോതസ്സുകളാണ്. സഭയുടെ ആരംഭകാലം മുതലേ ക്രിസ്തുവിനെ ഏറ്റം അടുത്തു പിൻചെല്ലുന്ന സർവ്വസംഗപരിത്യാഗികളായ സന്യസ്തർ സഭാശുശ്രൂഷകളിൽ ഏർപ്പെട്ടിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. സഭയുടെ ഹൃദയഭാഗത്തായിരിക്കുന്ന സന്യസ്തർ ഏതു പ്രതികൂല സാഹചര്യങ്ങളെയും ത്യാഗപൂർവ്വം അതിജീവിച്ചുകൊണ്ട് സുവിശേഷപ്രചരണ ദൗത്യനിർവ്വഹണത്തിൽ മുന്നണിപ്പോരാളികളായി ഇറങ്ങുവാൻ സദാ സന്നദ്ധരായിരുന്നു. സന്യാസത്തിന്റെ സ്വാധീനവും സംഭാവനകളും കണക്കിലെടുത്ത് പൗരസ്ത്യസഭകൾ 'സന്യാസസഭകൾ' (Monastic Churches) എന്ന് വിളിക്കപ്പെട്ടിരുന്നു. സഭയുടെ തനിമ, പാരമ്പര്യങ്ങൾ, ആരാധനാനുഷ്ഠാനങ്ങൾ, ആദ്ധ്യാത്മികത ഇവയുടെയെല്ലാം കലവറക്കാരും കാത്തുസൂക്ഷിപ്പുകാരുമായിട്ടാണ് സന്യാസികൾ അറിയപ്പെട്ടിരുന്നത്.

മാർ ഈവാനിയോസ് പിതാവ് സന്യാസത്തെ നിർവ്വചിച്ചത് ''വിശുദ്ധ സഭയ്ക്കുള്ളിലെ വിശുദ്ധ സഭ- തിരുസഭയുടെ ചങ്കാകുന്ന 'ചെറിയസഭ' എന്നാണ്.'' മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ബഥനി സന്യാസ പ്രസ്ഥാനത്തിലൂടെയാണ് മാർ ഈവാനിയോസ് പിതാവ് പുനരൈക്യപ്രസ്ഥാനത്തിലേക്കും അതുവഴി മലങ്കര കത്തോലിക്കാ സഭയുടെ രൂപീകരണത്തിലേക്കും കടന്നുവന്നത്. മലങ്കര കത്തോലിക്കാ സഭയിലെ ആദ്യ അംഗങ്ങൾ സന്യാസീ-സന്യാസിനികളുമായിരുന്നു. സഭയുടെ പാരമ്പര്യങ്ങളും ആരാധനക്രമവും നോമ്പനുഷ്ഠാനങ്ങളും ആദ്ധ്യാത്മികതയുമെല്ലാം പൂർണ്ണമായി ജീവിച്ച് സഭാംഗങ്ങളെ പഠിപ്പിച്ച് അവരുടെയിടയിൽ പ്രചരിപ്പിച്ച് നിലനിർത്തി



പ്പോന്നത് ഈ ആദ്യകാല സന്യസ്തരായിരുന്നു. ഈ പശ്ചാത്തലത്തിൽ മലങ്കര കത്തോലിക്കാസഭ യെയും ഒരു 'മൊണാസ്റ്റിക് ചർച്ച്' എന്നു വിളിക്കു ന്നതിൽ അതിശയോക്തിയില്ല. അവരുടെ പ്രാർത്ഥനാനുഭവവും താപസജീവിതവും അടി യുറച്ച പ്രേഷിതചൈതന്യവും സഭയെ വളരെയ ധികം ശക്തിപ്പെടുത്തിയിരുന്നു.

കാലാന്തരത്തിൽ മാർ ഈവാനിയോസ് പിതാ വുതന്നെ സ്ഥാപിച്ച സന്യാസസമൂഹാംഗങ്ങളും മലങ്കര കത്തോലിക്കാസഭയിൽ പിന്നീട് സ്ഥാപി തമായ മറ്റു സമൂഹാംഗങ്ങളും ഈ സഭയിലേക്ക് കടന്നുവന്ന് പ്രേഷിത പ്രവർത്തനങ്ങൾ ഏറ്റെ ടുത്തു നടത്തുന്ന സമൂഹാംഗങ്ങളും ഉൾപ്പെടുന്ന ശക്തമായൊരു സമർപ്പിത സാന്നിദ്ധ്യം സഭയ്ക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ സമർപ്പിതരും സഭ യുടെ നാനാവിധമായ വളർച്ചയിൽ നിർണ്ണായക മായ പങ്കുവഹിക്കുന്നുണ്ട്. ഏതാണ്ട് 240 ഓളം സന്യാസവൈദികരും 27 സന്യാസസഹോദര ന്മാരും 2000–ത്തിലധികം സന്യാസിനീ സഹോദ രിമാരും മലങ്കര കത്തോലിക്കാ സഭയിലെ വിവിധ സന്യാസീ–സന്യാസിനി സമൂഹങ്ങളിലായുണ്ട്. ദൈവം നമ്മുടെ സഭയ്ക്കു നല്കുന്ന വിലപ്പെട്ട സംഭാവനയാണിത്.

**സഭാസ്നേഹികളായ അത്മായ സമൂഹം**

ഏതു സഭാസംവിധാനത്തിന്റെയും അടി സ്ഥാനം അതിലെ വിശ്വാസിസമൂഹമാണ്. അവരി ലൂടെയാണ് സഭാസമൂഹം പടുത്തുയർത്തപ്പെടു ന്നത്. അഞ്ചുലക്ഷത്തിൽ താഴെ മാത്രം അംഗസം ഖ്യയുള്ള മലങ്കര കത്തോലിക്കാസഭ മറ്റു ചില വ്യക്തിഗത സഭാസമൂഹങ്ങളുമായി താരതമ്യപ്പെ ടുത്തുമ്പോൾ എണ്ണത്തിൽ അല്പം ചെറു തായിരിക്കാം. എന്നാൽ സഭയുടെ വിശ്വാസം, തനിമ, പാരമ്പര്യങ്ങൾ ഇവയെല്ലാം നിലനിർത്തു ന്നതിലും പ്രേഷിതപ്രവർത്തനങ്ങളുടെ മുന്നേറ്റ ത്തിലും മലങ്കര കത്തോലിക്കാസഭ മുൻപന്തി യിൽ തന്നെയാണ് നില്ക്കുന്നത്. അതുകൊ ണ്ടാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 'അതിവേഗം വളരുന്ന' ഒരു സഭാസമൂ ഹമായി മലങ്കര കത്തോലിക്കാസഭയെ വിശേഷി പ്പിച്ചത്. ഈ സഭാസമൂഹത്തിലെ അത്മായ സഹോദരീസഹോദന്മാരുടെ വിശ്വാസസ്ഥിരത, സഭയോടുള്ള ഐക്യദാർഢ്യം, പ്രതിബദ്ധത, വിധേയത്വം, നിർലോപമായ സഹായസഹക രണം ഇവയെല്ലാമാണ് സഭയുടെ അഭിമാനാർഹ മായ ഈ വളർച്ചയുടെ പിന്നിലെ ചാലകശക്തി. കേരളത്തിലായാലും ഭാരതമാസകലവും വിദേശ രാജ്യങ്ങളിലും മലങ്കര കത്തോലിക്കാസഭയുടെ ഇടവകകളും മിഷൻകേന്ദ്രങ്ങളും രൂപപ്പെട്ടിട്ടു ള്ളത് ഈ വിശ്വാസിസമൂഹമെന്ന അടിസ്ഥാന ത്തിന്മേലാണ്. അവരുടെ വിശ്വാസതീക്ഷ്ണ തയും ത്യാഗമനോഭാവവും മഹാമനസ്കതയു മാണ് പുതിയ സംരംഭങ്ങൾക്ക് ആരംഭം കുറിക്കു വാൻ സഭാധികാരികളെ പ്രചോദിപ്പിക്കുന്നത്.

മലങ്കര കത്തോലിക്കാസഭയിലെ വിശ്വാസി സമൂഹത്തെ രൂപപ്പെടുത്തുവാനും ശരിയായ ദിശ യിൽ നയിക്കുവാനും സഭ സംഘടിതമായ രീതി യിൽ പല പദ്ധതികളും ഫലപ്രദമായി ആവിഷ്ക രിച്ചു നടപ്പാക്കുന്നുണ്ട്. ചെറുപ്രായം മുതൽ മത ബോധനക്ലാസ്സുകളിലൂടെയും ബാലവേദി (എം. സി.സി.എൽ) പോലുള്ള സംഘടനകളിലൂടെയും കുട്ടികൾക്കു വിശ്വാസപരിശീലനം നല്കുവാനും അവരെ വിശ്വാസവിഷയങ്ങളിൽ ആകൃഷ്ടരാക്കു വാനും തീവ്രമായ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. സഭയിലെ യുവതി യുവാക്കന്മാരെ സഭാകാര്യങ്ങ ളിലും വിശ്വാസവിഷയങ്ങളിലും ആശയപര മായും പ്രായോഗികതലങ്ങളിലും കൂടുതൽ പ്രബുദ്ധരാക്കുവാൻ എം.സി.വൈ.എം. പോലുള്ള യുവജനപ്രസ്ഥാനങ്ങളിലൂടെ അവസരം സൃഷ്ടി ക്കുന്നു. സുവിശേഷമൂല്യങ്ങളിലധിഷ്ഠിതമായ ഭാവിതലമുറയെ രൂപപ്പെടുത്തുവാനാണ് ഇവിടെ പ്രത്യേകം ശ്രദ്ധിക്കുന്നത്. പിതൃവേദി, മാതൃവേ ദി, കുടുംബകൂട്ടായ്മകൾ, സുവിശേഷസംഘം, ലീജിയൻ ഓഫ് മേരി, വിൻസന്റ് ഡി പോൾ, മല ങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) പോലുള്ള സംഘടനകളിലൂടെ മലങ്കര കത്തോ ലിക്കാ സഭയിലെ പ്രായപൂർത്തിയായ സ്ത്രീപുരു ഷന്മാരുടെയിടയിൽ വിശ്വാസപരിപോഷണവും, ധാർമ്മികമൂല്യസംരക്ഷണവും സുവിശേഷപ്രചാ രണ സാദ്ധ്യതകളും കാരുണ്യപ്രവൃത്തികളും പ്രോത്സാഹിപ്പിക്കുവാനും വർദ്ധിപ്പിക്കുവാനും അവസരങ്ങൾ സൃഷ്ടിക്കുന്നു. ഇപ്രകാരം സഭ യോടു പ്രതിബദ്ധതയുള്ള ജീവസ്സുറ്റ ഒരു വിശ്വാ സിസമൂഹം മലങ്കര കത്തോലിക്കാ സഭയ്ക്കു ള്ളത് അഭിമാനാർഹമായ വസ്തുതയാണ്.

**തീവ്രമായ പ്രേഷിതപ്രവർത്തനങ്ങൾ**

ഭാരത സുവിശേഷവത്ക്കരണം എന്ന മാർ ഈവാനിയോസ് പിതാവിന്റെ വലിയ ദർശനത്തി ന്റെയും അതിനായി അദ്ദേഹം ആവിഷ്കരിച്ച ദീർഘവീക്ഷണത്തോടുകൂടിയ കർമ്മപദ്ധതികളു ടെയും പരിണിതഫലമായിട്ടാണ് മലങ്കര സുറി യാനി കത്തോലിക്ക സഭ നിലവിൽ വന്നത്. പിതാ വിന്റെ ഈ ദർശനത്തിന്റെ ഘട്ടം ഘട്ടമായിട്ടുള്ള പരിണാമമാണ് മലങ്കര കത്തോലിക്കാസഭയുടെ ശക്തമായ പ്രേഷിതപ്രവർത്തന ആഭിമുഖ്യങ്ങളി ലൂടെ പ്രകടമാകുന്നത്. സഭാരൂപീകരണത്തിന്റെ ആദ്യഘട്ടങ്ങളിൽ പുനരൈക്യപ്രവർത്തനങ്ങ ളുടെ വിപുലീകരണത്തിലും ശാക്തീകരണത്തി ലുമാണ് മലങ്കര കത്തോലിക്കാസഭ ശ്രദ്ധയൂന്നി യിരുന്നത്. അതോടൊപ്പം കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ, ഇന്നത്തെ മാർത്താണ്ഡം, പാറ ശ്ശാല രൂപതകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ ശക്തമായ മിഷൻ പ്രവർത്തനങ്ങൾ നടത്തിയിരു ന്നു. ക്രമേണ കേരളത്തിനു പുറത്തും ഭാരതത്തി നുള്ളിലും ഉള്ള മലങ്കര കത്തോലിക്കരെ ഏകോ

പിപ്പിക്കുന്നതിനും മലങ്കര സഭയുടെ തനിമയിലും പാരമ്പര്യങ്ങളിലും ആരാധനാനുഷ്ഠാനങ്ങളിലും അവരെ നിലനിർത്തുന്നതിനും വളർത്തിയെടുക്കുന്നതിനുമുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഭാരതത്തിലെ മിക്ക പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും പള്ളികളും ഇടവകകൂട്ടായ്മകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂഹ്യപ്രവർത്തനകേന്ദ്രങ്ങളും സ്ഥാപിതമായി. സഭയുടെ ആരാധനക്രമം തമിഴ്, ഹിന്ദി, കന്നഡ മുതലായ ഭാഷകളിലേക്ക് വിവർത്തനം ചെയ്തുകഴിഞ്ഞു. ഭാരതത്തിലെ ഈ വിവിധ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഗുഡ്ഗാവ് രൂപതയും പൂനെ എക്സാർക്കേറ്റും ഇതിനകം സ്ഥാപിതമായി. അതോടെ ഈ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഏകോപനവും ശക്തിപ്പെടുത്തലും കൈവന്നിരിക്കുകയാണ്.

പുതിയ രൂപതകളുടെ ആവിർഭാവത്തോടെ ഈ പ്രദേശങ്ങളിലെ പ്രേഷിതപ്രവൃത്തിക്ക് പുതിയൊരു മാനം കൂടി കൈവന്നിരിക്കുകയാണ്. അത് വടക്കേ ഇന്ത്യയിലെ ക്രൈസ്തവവേതരരുടെയിടയിലുള്ള പ്രവർത്തനങ്ങളാണ്. നമ്മുടെ വൈദികരും സന്യസ്തരും അത്മായപ്രേഷിതരും ഒന്നുചേർന്ന് അസ്സം, ഒറീസാ, പഞ്ചാബ്, ആന്ധ്ര മുതലായ സ്ഥലങ്ങളിലെ യാതൊരുസൗകര്യങ്ങളുമില്ലാത്ത ഉൾപ്രദേശങ്ങളിലേക്ക് കടന്നുചെന്ന് ക്രിസ്തുവിനെ പ്രസംഗിക്കുവാനും സാക്ഷ്യം നല്കുവാനും ശ്രമിക്കുന്നു.

ഇവയ്ക്കെല്ലാം സമാന്തരമായിത്തന്നെ അമേരിക്ക, കാനഡ, ഇംഗ്ലണ്ട്, അയർലന്റ്, ജർമ്മനി, സ്വിറ്റ്സർലാന്റ്, ഓസ്ട്രിയ, ഇറ്റലി, ഖത്തർ, ബഹ്റൈൻ, സൗദി അറേബ്യ, മസ്കറ്റ്, യു.എ.ഇ. മുതലായ വിദേശരാജ്യങ്ങളിൽ മലങ്കര കത്തോലിക്കാ സഭാകൂട്ടായ്മകൾ രൂപീകരിക്കുകയും ഇടവകകൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. ഈ പ്രദേശങ്ങളിലെ മലങ്കര കത്തോലിക്കാസഭാ മക്കളെ പ്രത്യേകിച്ച് നമ്മുടെ യുവതലമുറയെ, സഭാപാരമ്പര്യത്തിലും ചൈതന്യത്തിലും വളർത്തിയെടുക്കുവാൻ ഈ സംവിധാനങ്ങളിലൂടെ സർവ്വാത്മനാ പരിശ്രമിക്കുന്നു. അമേരിക്ക-കാനഡ രൂപത സ്ഥാപനം ഇവിടുത്തെ പ്രവർത്തനങ്ങൾക്കുള്ള വലിയ അംഗീകാരമാണ്.

മലങ്കര സുറിയാനി കത്തോലിക്കസഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെ മറ്റൊരു മുഖമാണ് സഭയുടെ വിവിധങ്ങളായ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ. നമ്മുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ സുവിശേഷപ്രചരണോപാധികളായിട്ടാണ് കണക്കാക്കപ്പെടുന്നത്. അപ്രകാരമാണവ പ്രവർത്തിക്കേണ്ടതും. മാർ ഈവാനിയോസ് പിതാവു തന്നെയും ഇത്തരം പ്രവർത്തനങ്ങളിലൂടെ അവയുടെ പ്രാധാന്യവും സാംഗത്യവും നമുക്കു മനസ്സിലാക്കി തന്നിട്ടുണ്ട്. മലങ്കര കത്തോലിക്കാസഭ വിദ്യാഭ്യാസ രംഗത്ത് കോളജുകളിലൂടെ, സ്കൂളുകളിലൂടെ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ, സ്പെഷ്യൽ സ്കൂളുകളിലൂടെ, സമുന്നതമായ സേവനമാണ് കേരളത്തിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ സഭയുടെ കീഴിലുള്ള മെഡിക്കൽ കോളജ്, ഹോസ്പിറ്റൽസ്, ക്ലിനിക്കുകൾ, പാലിയേറ്റീവ് കെയർ സെന്റേഴ്സ് ഇവയിലൂടെയെല്ലാം ആതുരസേവനരംഗത്ത് നല്കുന്ന ശുശ്രൂഷകൾ സ്തുത്യർഹമാണ്. മലങ്കര കത്തോലിക്ക സഭയും അതിലെ സന്യാസസമൂഹങ്ങളും നടത്തുന്ന ബാലഭവനങ്ങൾ, അനാഥ മന്ദിരങ്ങൾ, മാനസികാസ്വാസ്ഥ്യമുള്ളവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ ഇവയെല്ലാം ധാരാളമാളുകൾക്ക് അഭയവും ആശ്വാസവും പ്രത്യാശയും നല്കുന്നുണ്ട്. ഇവ കൂടാതെ സഭയിലെ ഭദ്രാസനങ്ങളുടെയും സന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിലുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലൂടെ വിവിധ സ്ഥലങ്ങളിൽ ചെയ്തുവരുന്ന കാരുണ്യപ്രവൃത്തികൾ നിരവധിയാണ്.

**ഉപസംഹാരം**

മലങ്കര കത്തോലിക്കാ സഭയ്ക്കു കൈവന്നിരിക്കുന്ന നന്മകളെല്ലാം ഇവിടെ അനുസ്മരിക്കുമ്പോൾ അപാകതകളും അപൂർണ്ണതകളും ചില മേഖലകളിൽ ഉണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയുന്നില്ല. മാനുഷികമായ സാഹചര്യങ്ങളിൽ അതു പ്രതീക്ഷിക്കാം. ന്യൂനതകൾ മനസ്സിലാക്കുവാനും അംഗീകരിക്കുവാനും അവയ്ക്കു പരിഹാരം കണ്ടെത്തുവാനുമുള്ള തുറവി സഭയ്ക്കുള്ളിലുണ്ടാകണം. അതിന്റെ പേരിൽ സഭയെയും സഭാസംവിധാനങ്ങളെയും അടച്ചാക്ഷേപിക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷം അഭിലഷണീയമല്ല. ഇത്തരം പ്രവണത കേരളസഭയിൽ വർദ്ധിച്ചുവരുന്ന ഒരു കാലയളവാണിത്. എവിടെയെങ്കിലും ഒരു വീഴ്ച കണ്ട് അല്ലെങ്കിൽ ആരോപിച്ച് സഭയേയും സഭാവിശ്വാസങ്ങളെയും പാരമ്പര്യങ്ങളെയും മനഃപൂർവ്വം തരം താഴ്ത്തുവാനും താറടിക്കുവാനും അവഹേളിക്കുവാനും ഇല്ലായ്മചെയ്യുവാനുമുള്ള കുത്സിതശ്രമങ്ങൾ ഏറിവരുന്ന സാഹചര്യങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. ഇവിടെയാണ് സഭാമക്കളുടെ അഭിമാനബോധം സഭയെ സംരക്ഷിക്കേതും. എന്നു തന്നെയല്ല ഈ അഭിമാനബോധം നമ്മുടെ ഭാവിതലമുറയ്ക്ക് ശക്തമായി പകർന്നു കൊടുക്കുകയും വേണം. മലങ്കര കത്തോലിക്കാ സഭയുടെ ദൈവിക നടത്തിപ്പും ദൈവം നല്കിക്കൊണ്ടിരിക്കുന്ന നിരവധിയായ നന്മകളേയും നാം നന്ദിയോടെ തിരിച്ചറിയണം. നമ്മുടെ പിതാവ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പിതൃതുല്യമായ അന്തിമസന്ദേശം ഇത്തരുണത്തിൽ നമ്മുടെ ഹൃദയഭിത്തികളിൽ കോറിയിടാം. 'നിങ്ങൾ മലങ്കര കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ'. ●

## സമീക്ഷ – കാറ്റക്കിസം ഡിപ്ലോമാ കോഴ്സ് – II









## എം.സി.സി.എൽ. സമ്മാനവിതരണം





## പ്രളയദുരിതത്തിൽ സഹായിച്ചവരെ ആദരിച്ചു












## ദൈവശാസ്ത്രവും



ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ



# ദൈവത്തിലേക്കുള്ള വാതായനങ്ങൾ മുറിവുകൾ

### സഹനലോകത്തിലെ പ്രവാചകൻ ദസ്തോയേവ്സ്കി

**ആ**ൽഫ്രഡ് ഐൻസ്റ്റെൻ പറഞ്ഞു: ''ഏതൊരു ചിന്തകനേക്കാളും എനിക്ക് നല്കിയത് ദസ്തോയേവ്സ്കിയാണ്''. 'കാരമസോവ് സഹോദരങ്ങൾ', 'കുറ്റവും ശിക്ഷയും' എന്നീ നോവലുകളെ ചരിത്രത്തിലെ മഹത്തായ നോവലുകളായി പരിഗണിക്കുന്നവർ ഒരുപാടുണ്ട്. ജീവിതവും രചനകളും ഇദ്ദേഹത്തിൽ ദൈവാവേശിതമായ മനുഷ്യന്റെ ആത്മീയ വഴികളായിരുന്നു. ദൈവശാസ്ത്രപഠനത്തിന് കലാരൂപങ്ങളോളം ഉദാത്തമായ മറ്റൊന്നും വഴികാട്ടാനില്ല. മിസ്റ്റിക്കുകളുടെ ദൈവാന്വേഷണം പോലെ കലയിലൂടെ ഇവർ ദൈവത്തിലേക്ക് സഞ്ചരിക്കുന്നു. അത്തരം നിരീക്ഷണങ്ങളിൽ ആദ്യം പരിഗണിക്കേണ്ടത് ദസ്തോയേവ്സ്കിയെ തന്നെയാണ്. 1821 ൽ ദസ്തോയേവ്സ്കി ജനിച്ചു. റഷ്യൻ ഓർത്തഡോക്സ് വിശ്വാസിയായ കർക്കശക്കാരനായ പിതാവിന്റെ മകനായി. നോവലിസ്റ്റിന്റെ 18-ാം വയസ്സിൽ പിതാവ് കൊല്ലപ്പെട്ടു. ദൈവം സ്നേഹനിധിയായ പിതാവാണെന്ന് ഒരിക്കലും തോന്നാത്തവിധത്തിലായിരുന്നു ദസ്തോയേവ്സ്കിയുടെ ബാല്യം. പ്രധാനപ്പെട്ട നാലു നോവലിലും പിതാവിന്റെ കൊലപാതകത്തിന്റെ അനുരണനങ്ങൾ ഒരുപക്ഷേ കണ്ടെത്താം. പെട്രാഷ്‌വ്സ്കി (Petrashevsky Circle) എന്ന ഉട്ടോപ്യൻ സോഷ്യലിസ്റ്റ് സംഘത്തോട് ബന്ധമാരോപിച്ച് പിന്നീട് നോവലിസ്റ്റും വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരുന്നു. ''മനുഷ്യൻ ഒരു നിഗൂഢരഹസ്യമാണ്. നിങ്ങളുടെ ആയുസ്സുമുഴുവൻ അതിന്റെ ചുരുളഴിക്കാൻ ശ്രമിച്ചിട്ട് ജീവിതം വ്യർത്ഥമാക്കി എന്നു പറയരുത്. എനിക്ക് ഒരു മനുഷ്യനാകണം അതിനാൽ ഞാൻ ഈ രഹസ്യത്തിനായി എന്നെ സമർപ്പിക്കും'' ഇത് ദസ്തോയേവ്സ്കിയുടെ വാക്കുകളാണ്. മനുഷ്യജീവിതത്തിനർത്ഥം തിരയുന്ന മുറിവുകൾ നിറഞ്ഞ യാത്രയിൽ ക്രിസ്തുവായിരുന്നു വഴികാട്ടി. അതിനാൽ അദ്ദേഹം പറഞ്ഞു. ആരെങ്കിലും ക്രിസ്തു സത്യത്തിനു പുറത്താണെന്നു തെളിയിച്ചാലും, ഞാൻ ക്രിസ്തുവിനൊപ്പം നിൽക്കും. അപ്പോളോൺ മിക്കോവ് (Apollon Mykov) എന്ന റഷ്യൻ കവിയുടെ വാക്കുകൾ ദസ്തോയേവ്സ്കിയുടെ പേരിൽ അറിയപ്പെടുന്നുണ്ട്. ''രാത്രി എത്ര ഇരുണ്ടതാണോ, നക്ഷത്രങ്ങൾ അത്രയും ദീപ്തമാണ്. വേദന എത്ര കടുത്തതാണോ, ദൈവം അത്ര സമീപസ്ഥനാണ്''. സഹനത്തെ സംബന്ധിച്ച ദസ്തോയേവ്സ്കിയൻ ദർശനവും ഇതുതന്നെ.


ആദ്യനോവലായ 'പുവർ ഫോക്ക്' 1845 ൽ

മികച്ച അഭിപ്രായം നേടി. 'സാഹിത്യ സദസ്സിലെ പുത്തൻ താരോദയം' എന്നാണ് പ്രശസ്ത റഷ്യൻ സാഹിത്യ വിമർശകൻ ബെലിൻസ്കി (Belinsky) അഭിപ്രായപ്പെട്ടത്. സാമൂഹ്യ രാഷ്ട്രീയ ചിന്തകളിലേക്കു പതിയെ ഇദ്ദേഹം ആകൃഷ്ടനായി. വധശിക്ഷ ഇളവ് ചെയ്ത് കഠിന ജോലിക്കായി സൈബീരിയയിലേക്ക് നാട് കടത്തി ഇദ്ദേഹത്തെ അപമാനിച്ചു. സഹനത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും കാലമായതിനെ കാണാം. ബൈബിൾ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായത് അവിടെവച്ചാണ്. 10 വർഷത്തെ സൈബീരിയൻ വാസത്തിൽനിന്നും മടങ്ങിയിട്ടും സഹനങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ കുരിശിന്റെ വഴിയായി തുടർന്നു. ഇവയുടെ ഫലങ്ങളാണ് അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികൾ. മുറിവേറ്റ ആത്മാക്കൾക്ക് സൗഖ്യവഴികൾ കാട്ടിക്കൊടുത്തു. ജീവിതത്തിന്റെ അർത്ഥംതേടൽ ദൈവവിശ്വാസത്തിലേക്ക് ഇദ്ദേഹത്തെ നയിച്ചു. ക്രിസ്തുവിലൂടെ മനുഷ്യർ ദൈവത്തിലേക്ക് വഴി കണ്ടെത്തുമെന്നതിന് യുക്തിപരമായ വിശദീകരണമില്ല. ദസ്തോയേവ്സ്കിയുടെ മതബോധത്തെ റഷ്യൻ ചരിത്രപശ്ചാത്തലത്തിൽ കണ്ടെത്താൻ Steven Cassedy ശ്രമിക്കുന്നത് 'Dostoevsky's Religion' ൽ കാണാം. റഷ്യൻ ഓർത്തഡോക്സ് സഭ, സ്ലാവോഫിലിസം (Slavophilism) എന്നിങ്ങനെ വിവിധ വിശ്വാസധാരകളുടെ സ്വാധീനം ഇദ്ദേഹത്തിന്റെ മതബോധത്തിൽ ഉണ്ട്. ഇതിലൂടെയെല്ലാം ഒരു വിശ്വക്രൈസ്തവികത (Universal Christianity) എന്നൊരു ആശയത്തിലേക്ക് അദ്ദേഹം വളർന്നു. ദൈവത്തെക്കുറിച്ചുള്ള ചോദ്യം മാനുഷികവും മനുഷ്യനെക്കുറിച്ചുള്ള അന്വേഷണം ദൈവികവുമായിരുന്നു ദസ്തോയേവ്സ്കിക്ക്. ഇദ്ദേഹത്തിന്റെ കാലത്തെ റഷ്യൻ മതാത്മക മനസ്സിനെ 'Kenosis' എന്നാണ് ഫെദോതോവ് (Fedotov) അടയാളപ്പെടുത്തുന്നത്. സുവിശേഷകൻ ദൈവപുത്രനെ പ്രതിഷ്ഠിക്കുന്ന അവസ്ഥയാണ് സഹനം (മത്തായി 4:6). യൂറോപ്യൻ ഭാഷകളിലേക്ക് പടിഞ്ഞാറൻ എഴുത്തുകാരിൽ ചിലർ സഹനത്തിന്റെ മതമാണ് ദസ്തോയേവ്സ്കി എന്നാണ് അവതരിപ്പിച്ചത്. കുറ്റവാളിയെ സ്നേഹിക്കാനും, തെറ്റുകൾ ഏറ്റെടുക്കുകയും രക്ഷകനാകുകയും ചെയ്യുന്ന ക്രിസ്തു മാതൃക ആരാധിച്ചു. സംവിധാനങ്ങൾ ഉപേക്ഷിച്ച് ശുദ്ധമായ ക്രിസ്തീയതയായിരുന്നു ദസ്തോവ്സ്കിയുടെ മതം. ആത്മാവിന്റെ സഞ്ചാരത്തെക്കുറിച്ച് അയാൾ പറഞ്ഞുകൊണ്ടിരുന്നു. നന്മയും തിന്മയും ഒരേ ആത്മാവിൽ ഉൾപ്പെടുന്ന സഞ്ചാരം ഇദ്ദേഹത്തെ ഭ്രമിപ്പിച്ചു.

'ദി ഇഡിയറ്റി'ലെ പ്രിൻസ് മിഷ്കിൻ മനുഷ്യനായ ക്രിസ്തുവിനെ തേടലാണ്. ''ദൈവാവേശിതനായ മനുഷ്യനായിരുന്നു ദസ്തോയേവ്സ്കി, അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ. അയാൾ സൃഷ്ടിച്ച എല്ലാ എഴുത്തിലും കഥാപാത്രത്തിലും വ്യക്തമാകുന്നതുപോലെ. ജീവിതം മുഴുവൻ ദൈവത്തെ തേടുകയായിരുന്നു, കണ്ടെത്തുകയും ചെയ്തു ("A Third Testament': Malcolm Muggeridge). മനുഷ്യനെ യേശുവായി അവതരിപ്പിക്കുന്നു 'ദി ഇഡിയറ്റി'ലെ മിഷ്കനിലൂടെ.

**വിശുദ്ധ വിഡ്ഢി**

"At around nine in the morning towards the end of a thawing November, the warsaw train was approaching Petersburg at full steam'' ('The Idiot', Fydor Dostoevsky, Oxford, 1992, A. Myers (trains)) സെന്റ് പീറ്റേഴ്സ് ബർഗിലേക്കുള്ള പ്രിൻസ് ലെവ് നിക്കോളേവിച്ച് മിഷ്കിന്റെ മടക്കം വിവരിച്ചാണ് 'ദി ഇഡിയറ്റ്' തുടങ്ങുന്നത്. അലസമായ വസ്ത്രധാരണത്താൽ മിഷ്കിൻ തീവണ്ടി യാത്രയിൽ വ്യത്യസ്തനായി. റോഗോഷിനുമായുള്ള പരിചയം, ജനറലിന്റെ കുടുംബത്തിലെ അനുഭവങ്ങൾ, വിഡ്ഢിയെന്ന വിളിപ്പേരിലേക്കുള്ള മാറ്റം, ഇങ്ങനെ മിഷ്കിൻ നോവലിൽ നിറയുന്നു. ബ്രഹ്മചാരിയായി തുടരുന്ന മിഷ്കിൻ എന്ന വിശുദ്ധ വിഡ്ഢിയെ അടയാളപ്പെടുത്താൻ റോഗോഷിന്റെ



ഒരു പ്രസ്താവന മതിയാകും. ""You are an out-and out holy fool, and God loves the likes of you". ആരോപണങ്ങളാൽ ആതുരയായ നടാഷയുമായി ബന്ധപ്പെട്ടു വികസിതമാകുന്ന കഥയിൽ സഹനത്തിന്റെ ദിവ്യഭാവങ്ങൾ കഥാകാരൻ അവതരിപ്പിക്കുന്നു. മിഷ്കിന്റെ വിവാഹാഭ്യർത്ഥനയെ അവൾ നിരസിക്കുന്നത് അവനെ മുറിപ്പെടുത്താൻ ആഗ്രഹമില്ലെന്ന മറുപടിയോടെയാണ്. പൊതുഇടങ്ങളിലെ അവഹേളനവും ബോധപൂർവ്വമായ പ്രണയ നിഷേധങ്ങളും തീർക്കുന്ന വിഡ്ഢിവേഷം മിഷ്കിൻ എന്ന കഥാപാത്രത്തിലേക്ക് ഗൗരവതരമായ പഠനയാത്ര സമ്മാനിക്കും. 'കഴുത', അതാണ് ദസ്തോയേവ്സ്കിയുടെ പ്രിൻസ് മിഷ്കിൻ. റോബർട്ട് ബ്രസോണിന്റെ 'ബാൽത്തസർ' (Au Hasard Balthazar,1966) എന്ന ലോക ക്ലാസിക്കിലെ 'കഴുത' മിഷ്കിന്റെ പ്രതീകമാണ്, ഒപ്പം ക്രിസ്തുവിന്റെയും. അതോടൊപ്പം പുരാണ സമാനമായ "The Golden Ass' എന്ന ലൂസിയുസിന്റെ (Lusius)നോവലിലെ 'കഴുത'യും സാധ്യതകളുടെ കലവറയായി സാഹിത്യ ചരിത്രത്തിലുണ്ട് ('The Metamorphoses of Apuleuns' (Asinus Aureus) ലത്തീനിലുള്ള പുരാതന റോമൻ നോവൽ). ഇത്തരം സങ്കല്പങ്ങളുടെ ആവിഷ്കാരമാണ് മിഷ്കിനെക്കുറിച്ചുള്ള പ്രസ്താവം, ""The asses are the most useful creatures, hard working, strong, patient, cheap, and long suffering". സഹനങ്ങളുടെയും തിരസ്കാരത്തിന്റെയും അതിവേദന സൃഷ്ടിക്കുന്ന അപസ്മാരബാധയാൽ അടയാളപ്പെടുത്തപ്പെട്ട മിഷ്കിന്റെ കഥ ബാക്കിവയ്ക്കുന്നത് സഹനത്തിന്റെ അതിഭൗതിക ദൈവശാസ്ത്രവായനയാണ്.

മങ്ങിയ ചില്ലിന്റെ പാളികളിലൂടെ ക്രിസ്തുവിനെ കാണുകയാണിവിടെ. ദസ്തോയേവ്സ്കിയുടെ നാലുവർഷത്തെ പ്രവാസകാലത്താണ് (1867–1871) 'ഇഡിയറ്റ്' രചിക്കപ്പെട്ടത്. അവധിക്കാലത്ത് കുറച്ചുനാളുകൾ, പക്ഷേ കടം മേടിച്ചതിന്റെ പേരിൽ ജയിലിൽ അടയ്ക്കുമെന്ന ഭയത്താൽ പ്രവാസം നീണ്ടുപോയി. പരാജയത്തിന്റെ അവതരണം, അഭിമാനം തേടുന്നവന്റെ പരാജയപ്പെട്ട പരിശ്രമങ്ങളുടെ ആലേഖനം. എഴുത്തുകാരന്റെ അനുഭവങ്ങളും ചിന്തകളും ധാരാളം ഇതിലുണ്ട്. സൗന്ദര്യം, കത്തോലിക്കാവിശ്വാസം, സോഷ്യലിസം, ആത്മീയപാപ്പരത്തം തുടങ്ങി മിഷ്കിൻ നേരിടുന്ന (എല്ലാത്തരം) സമകാലലോകത്തെ യാഥാർത്ഥ്യങ്ങളോടുമുള്ള സമീപനം എഴുത്തുകാരന് നോവലിൽ വ്യക്തിപരമാണ്. ജീവിതസമരമുഖത്ത് ദൈവത്തെതേടുന്ന എഴുത്തുകാരൻ, രക്ഷയെക്കുറിച്ചാണ് ചിന്തിക്കുന്നത്. സൗന്ദര്യത്താൽ ലോകം രക്ഷിക്കപ്പെടും, സൗന്ദര്യത്തിന്റെ ശക്തിയാണ് നോവലിന്റെ താത്ത്വികരൂപകല്പന. 'Idiotes' (gk) ൽ നിന്നാണ് Idiot എന്ന വാക്കിന്റെ ഉത്ഭവം. Private person, a common man, an ignorant uninformed person ഇതൊക്കെയാണ് അർത്ഥസാധ്യതകൾ. വ്യക്തിയും സമൂഹവുമെന്ന ദ്വന്ദചിന്തയിലെ സംഘട്ടനങ്ങൾ ഇതിൽ കണ്ടെത്താം. പൊതുബോധത്തിന്റെ സങ്കുചിതവേലിക്ക് പുറത്തു നില്ക്കുന്ന വ്യക്തി 'Idiot' ആകുന്നു എന്നൊരു ഭീഷണിയും സമൂഹത്തിലുണ്ട്.

(തുടരും....)

## യു.എ.ഇ. എം.സി.സി.എൽ. പ്രഥമ സമ്മേളനം ഉദ്ഘാടനം



യു.എ.ഇ. എം.സി.സി.എൽ. പ്രഥമ സമ്മേളനം കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്യുന്നു. സമീപം: ബിരൺ ഫിലിപ്, സേവ്യർ മാത്യു, ഫാ.ഏബ്രഹാം തൈപ്പറമ്പിൽ, ജോസി വാഴപ്പിള്ളത്തു, അമല ബാബു, മീഖാ തോമസ്,ഫാ.മാത്യു കണ്ടത്തിൽ, ടെസ്സ സന്തോഷ്, ടിജിൻ എബി തോമസ്, ക്രിസ്റ്റി മാത്യു, കെവിൻ മാത്യു, നൈനാൻ അജു, ഷിബു സഖറിയ, ബി.വി.തോമസ്, അനശ്വര അമിത്.



# 'നമ്മളി'ലൂടെ അതിജീവനം



ഫാ. മാത്യു ചിറയിൽ

**കേ**രളചരിത്രത്തിലെ ഏറ്റവും വലിയ ജലപ്രളയ കെടുതിയിലൂടെ 2018 ആഗസ്റ്റ് മാസം നാം കടന്നുപോയി. എല്ലാം നഷ്ടപ്പെട്ടവർ ഇനിയെന്തു ചെയ്യും എന്ന അവസ്ഥയിൽ ജീവിക്കുന്നു. മുന്നോട്ടുള്ള ജീവിതം താറുമാറായി കിടക്കുന്നു. പകച്ചു നിൽക്കുന്ന ജീവിതാവസ്ഥ. സ്വന്തം കുടുംബങ്ങളുടെ ജീവൻ നഷ്ടപ്പെട്ടവർ അതിലേറെ വേദനയിൽ കഴിയുന്നു. മാനസികമായി നിരാശയിലായിരിക്കുന്നവർ അനേകർ. ഇവരുടെ മുൻപിൽ ഒരു ചോദ്യം മാത്രം അവശേഷിക്കുന്നു. ഇതിനെ എങ്ങനെ ഇനി അതിജീവിക്കും? എങ്ങനെ ജീവിതത്തിലേക്ക് തിരിച്ചു വരും? തീർച്ചയായും ഈ ചിന്തയിലൂടെ കടന്നുപോകാത്തവർ വളരെ വിരളമായിരിക്കും.

വി. ലൂക്കായുടെ സുവിശേഷത്തിൽ 16-ാം അദ്ധ്യായത്തിൽ 19 മുതൽ 31 വരെ വാക്യങ്ങളിൽ യേശു ധനവാന്റെയും ലാസറിന്റെയും ഉപമ പഠിപ്പിക്കുന്നുണ്ട്. ധനവാന് എല്ലാ സുഖസൗകര്യങ്ങളും ഉണ്ടായിരുന്നു. ലാസറിന് കഷ്ടതകളും. ദൈവം തുണയായിട്ടുള്ളവനാണ് ലാസർ. അവന്റെ കഷ്ടപ്പാടുകളിൽ ദൈവമാണ് അവന്റെ തുണ. രണ്ടു പേരും ഒരുനാൾ മരിച്ചു. മരണം യാദൃച്ഛികമല്ല, യാഥാർത്ഥ്യമാണ്, അനിവാര്യമാണ്. മരണശേഷം ധനവാൻ നരകത്തിൽ യാതന അനുഭവിക്കുന്നു. ലാസർ അബ്രഹാമിന്റെ മടിയിൽ ആനന്ദിക്കുന്നു. അപ്പോൾ ധനവാൻ നരകത്തിൽ കിടന്ന് ലാസറിനെ നോക്കുന്നു. ഒരിറ്റ് വെള്ളം കിട്ടുവാൻ ധനവാൻ ആഗ്രഹിക്കുന്നു. എന്നാൽ ധനവാന് ലാസറിന്റെ അടുത്തേക്ക് പോകുവാനോ, അവിടെ നിന്ന് ഇങ്ങോട്ട് വരുവാനോ സാധ്യമാകാത്തവിധം അവർ രണ്ടുപേരുടെയും മധ്യത്തിൽ ഒരു ഗർത്തം രൂപപ്പെട്ടിരിക്കുന്നു. ഈ ഗർത്തമാണ് ഞാനും-നീയും, ഞങ്ങളും-നിങ്ങളും എന്ന മനോഭാവം. ഈ ഗർത്തം ഇല്ലാതാകണമെങ്കിൽ, ഇല്ലാതാക്കണമെങ്കിൽ അവിടെ നമ്മൾ എന്ന മനോഭാവം രൂപപ്പെടണം.

ഭൂമിയിൽ നാം ജീവിച്ചിരിക്കുമ്പോൾ നമ്മൾ എന്ന ബന്ധത്തിൽ ജീവിക്കുവാൻ ശ്രദ്ധിച്ചിരിന്നുവെങ്കിൽ, ശ്രമിച്ചിരുന്നുവെങ്കിൽ ഞങ്ങൾ-നിങ്ങൾ, ഞാൻ-നീ എന്ന ഗർത്തം രൂപപ്പെടുകയില്ലായിരുന്നു. എല്ലാം നഷ്ടപ്പെട്ടവരുടെ മുൻപിൽ നാം നമ്മൾ (we feeling) മനോഭാവത്തിൽ സഹായിക്കണം, കരുതണം, സ്നേഹിക്കണം. ഒരുമിച്ച് നമുക്ക് സാധ്യമാണ് എന്ന ചിന്ത വളരണം. നമ്മൾ ഒന്നാണ്, നമ്മൾ അതിജീവിക്കും എന്നത് ഐക്യത്തിന്റെ ശക്തിയാണ്, ശബ്ദമാണ്. ഈ അതിജീവനം നമ്മൾ എന്ന മനോഭാവത്തിലൂടെ സാധ്യമാകും. ഇവിടെ ഞാനും-നീയും എന്നല്ല, ഞങ്ങളും-നിങ്ങളും എന്നല്ല, ഞങ്ങളുടെ പാർട്ടി-നിങ്ങളുടെ പാർട്ടി എന്നല്ല, എന്റെ മതം-നിന്റെ മതം എന്നല്ല, നമ്മൾ എന്ന ജീവിതരീതി വളർന്നുവരട്ടെ.

ഫരിസേയ മനോഭാവമാണ് തന്നിൽ തന്നെ ആശ്രയിക്കുന്നവരും, മറ്റുള്ളവരെ പുച്ഛിക്കുന്നവരും, ഈ മനോഭാവത്തിൽ ജീവിച്ചവരെ യേശു വിമർശിച്ചിട്ടുണ്ട്. അതാണ് ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ നമ്മെ പഠിപ്പിക്കുന്നത്. നമുക്കാർക്കും നമ്മിൽ തന്നെ ആശ്രയിക്കാനാവില്ല. ആരേ തള്ളിക്കളയുവാനും സാധ്യമല്ല. അപരന്റെ സഹായം ആവശ്യമുള്ള സമയം വരും. ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്ക് പരിശ്രമിക്കാം. നമുക്ക് നേരിട്ടിരിക്കുന്ന ഈ ജലപ്രളയക്കെടുതിയിൽ നിന്ന് നാം കരകയറും, നാം അതിജീവിക്കും എന്ന ചിന്ത ശക്തമാവണം. നമ്മൾ എന്നത് ഐക്യമാണ്, സ്നേഹമാണ്, സാഹോദര്യമാണ്. അത് വർഗിയതയല്ല, രാഷ്ട്രിയമല്ല, വർഗമല്ല, ജാതിയല്ല, മതമല്ല. ഈ തിരിച്ചറിവ് നാം നേടിയെടുക്കണം. അപ്പോൾ ഈ ദുരിതത്തെ അതിജീവിക്കുവാൻ നമുക്ക് സാധിക്കും. ഇവിടെ ആരും ഒറ്റയ്ക്കല്ല. ഇവിടെ നാം എല്ലാവരും ഉണ്ട്. നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. അപ്പോൾ നമ്മൾ അതിജീവിക്കും. അതിനായി നമുക്ക് പ്രാർത്ഥിക്കാം, ഒന്നായി നീങ്ങാം. ഒരു പുതിയ കേരളം രൂപപ്പെടട്ടെ.

Together we can do all things.

അനുസ്മരണം

# ശ്രേഷ്ഠതയുടെ ഔന്നത്യവും ജീവിതലാളിത്യവും കോർത്തിണക്കിയ

# വന്ദ്യ ജോൺ ബർക്ക്മാൻസച്ചൻ





**ഫിലിപ്പ് നടുവിലേടം**
**ഗുഡ്ഗാവ് രൂപത, ഡൽഹി**

**ബാ**ഹ്യകേരള മലങ്കര കത്തോലിക്കാ സഭാമക്കൾക്ക് മറക്കാനാവാത്ത വിധം നിസ്തുല്യ സേവനം ചെയ്തിട്ടുള്ള ബഥനി മിശിഹാനുകരണ സന്യാസ സഭയിലെ ഒരു ശ്രേഷ്ഠ പുരോഹിതനും നമ്മുക്കേവർക്കും പ്രിയങ്കരനുമായിരുന്ന ബഹുമാനപ്പെട്ട ബർക്കുമാൻസച്ചൻ 2018 സെപ്റ്റംബർ 9 ന് വൈകുന്നേരം 7.50 ന് തന്റെ നിത്യസമ്മാനത്തിനായി കർതൃസന്നിധിയലേക്ക് വിളിച്ച് ചേർക്കപ്പെട്ട വിവരം അതീവ ദുഃഖത്തോടെയാണ് സഭാമക്കൾ ഉൾക്കൊണ്ടത്. 2 ആഴ്ച കാലത്തോളം പുഷ്പഗിരി മെഡിക്കൽ കോളജ് ഹോസ്പിറ്റലിൽ ബ്രയ്ൻ ട്യൂമറായി ബന്ധപ്പെട്ട ചികിത്സയിൽ ആയിരിക്കുമ്പോഴായിരുന്നു അന്ത്യം.

ബാഹ്യകേരള മലങ്കര സഭയുടെ കുലപതി, ഒരു ശ്രേഷ്ഠ വേദപണ്ഡിതൻ, മഹത്തായ ഒരു ദൈവശാസ്ത്രജ്ഞൻ, കഴിവുറ്റ സെമിനാരി പ്രൊഫസർ, ബഹുഭാഷാ പണ്ഡിതൻ, പി.ഒ.സി. സമ്പൂർണ്ണ ബൈബിളിന്റെ മലയാള ഭാഷയിലേക്കുള്ള ട്രാൻസ്ലേറ്റർ & അസോസിയേറ്റഡ് എഡിറ്റർ, ബഥനിയുടെ പ്രാഗൽഭ്യമുള്ള സുപ്പീരിയർ ജനറൽ, മാതൃക സെമിനാരി റെക്ടർ, വി.കുർബ്ബാന ദൈവശാസ്ത്രത്തിൽ ജ്ഞാനിയായ പ്രൊഫസർ, ബാഹ്യകേരള മലങ്കര കത്തോലിക്കാ സഭാമക്കളുടെ ഊർജ്ജസ്വലനായ കോ-ഓർഡിനേറ്റർ, സെമിനാരി വിദ്യാർത്ഥികളുടെ വിശ്വസ്തനായ ആത്മീയ പിതാവ്, ദൈവവചനത്തിന്റെ പ്രഘോഷകൻ, തീഷ്ണമതിയായ ഒരു മിഷനറി, ജീവിതാവസാനം വരെ സേവനനിരതനും, സേവനതത്പരനുമായ ഒരു പുരോഹിതശ്രേഷ്ഠൻ എന്നിവയൊക്കെ വന്ദ്യ ബെർക്ക്മാൻസ് അച്ചനെ സംബന്ധിച്ചിടത്തോളം ചുരുക്കം ചില വിശേഷണങ്ങൾ മാത്രം. അറിവിലും, പാണ്ഡിത്യത്തിലും, ദൈവീക ജ്ഞാനത്തിലും ഉന്നത നിലവാരം പുലർത്തിയിരുന്നെങ്കിലും തന്റെ ജീവിതം മുഴുവൻ സ്നേഹത്തിന്റേയും സേവനത്തിന്റേയും എളിമയുടേയും, ജീവിത വിശുദ്ധിയുടേയും മാതൃകയായിരുന്നു കൊണ്ട് സഭയ്ക്കും സഭാമക്കൾക്കും (വൈദിക- സന്യസ്ത-വിശ്വാസിഗണത്തിന്) വന്ദ്യ ബർക്ക്മാൻസ് അച്ചൻ ഒരു പ്രേരകശക്തിയും, വെല്ലുവിളിയും ആയിരുന്നു എന്നത് നിസ്തർക്കമുള്ള കാര്യമാണ്.

തിരുവല്ല, കടമാൻകുളം ഇടവകയിൽ, കല്ലൂപ്പാറയിൽ പ്രശസ്ത മുണ്ടുപാലത്തിങ്കൽ തറവാടിന്റെ ശാഖയായ പുളിയൻകീഴ് സേവ്യർ വിലാസം കുടുംബത്തിൽ വർഗ്ഗീസ്-അന്നമ്മ ദമ്പതികളുടെ 6 മക്കളിൽ ഒരാളാണ് ബർക്ക്മാൻസച്ചൻ. 3 സഹോദരന്മാരും 2 സഹോദരിമാരുമുള്ളതിൽ ഒരാൾ ബഥനി സന്യാസവൈദികനും (Late Fr. Vincent OIC) ഒരാൾ ബഥനി സന്യാസിനി (Sr. Rosalia SIC) യും ആണ്. കുരിയാക്കോസ് എന്ന മാമോദീസ പേരിലും, 'തമ്പി' എന്ന ഓമനപ്പേരിലും അറിയപ്പെട്ടിരുന്ന അദ്ദേഹം 1953-ൽ ബഥനി സന്യാസ സമൂഹത്തിൽ ചേർന്ന് വ്രതവാഗ്ദാനം ചെയ്തപ്പോഴാണ് 'John Berchmans' എന്ന നാമം സ്വീകരിച്ചത്. 1963 സെപ്റ്റംബർ 21 ന് അന്നത്തെ പൂന ബിഷപ്പായിരുന്ന Bp. Andrew D'Souza യിൽ

നിന്നും വൈദിക പട്ടം സ്വീകരിച്ചു വി. ഗ്രന്ഥത്തിൽ ഡോക്ടറേറ്റ് നേടി (Christos in the Gospel of St. Luke).

55 വർഷത്തെ തന്റെ ശ്രേഷ്ഠമായ പൗരോഹിത്യജീവിതത്തിൽ 4 പതിറ്റാണ്ടിലേറെ കാലം അദ്ദേഹം പൂന-മുംബൈ മേഖലയിലായിരുന്നു തന്റെ ശുശ്രൂഷയുടെ ഏറിയ പങ്കും ചിലവഴിച്ചത്. തന്റെ വിവിധ നിലകളിലുള്ള ശുശ്രൂഷകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു 1997 മുതൽ 2007 വരെയുള്ള 10 വർഷ കാലത്തെ ബാഹ്യകേരള മലങ്കര കത്തോലിക്കാസഭയുടെ കോ-ഓർഡിനേറ്റർ പദവി. ഈ കാലയളവിൽ ബ. അച്ചൻ ചെയ്ത സ്തുത്യർഹമായ സേവനവും നേതൃത്വവുമാണ് 2007-ൽ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് ഏറ്റെടുത്തതും ഇന്ന് കാണുന്ന ഗുഡ്ഗാവ് രൂപതയുടേയും പൂന-എക്സാർക്കേറ്റിന്റേയും അടിസ്ഥാനമായി നാം കാണുന്നത്.

ബാഹ്യകേരള മലങ്കര സഭാമക്കൾക്കു വേണ്ടി 1 മുതൽ 7 വരെയുള്ള ഇംഗ്ലീഷ് കാറ്റക്കിസം പുസ്തകം പ്രസിദ്ധീകരിച്ചത് (മലങ്കരസഭയുടെ ഏകീകൃത പാഠ്യാവലി 2002-ൽ തുടങ്ങുന്നതിന് മുമ്പ്) ''Vishal Malankar Voice'' എന്ന ദ്വൈമാസികയുടെ തുടക്കം, Transliterated Qurbono Text -ന്റെ പ്രസിദ്ധീകരണം എന്നിവക്ക് വഴിയൊരുക്കിയത് ബർക്കുമാൻസച്ചന്റെ നേതൃത്വത്തിലാണ്. അഹമ്മദാബാദ്, സൂററ്റ്, ജയ്പൂർ, ലുധിയാന, ജലന്തർ, നാസിക്, ഔറംഗബാദ് എന്നീ മലങ്കര മിഷൻ കൂട്ടായ്മകൾക്ക് തുടക്കം കുറിച്ചതും ബ. ബർക്കുമാൻസച്ചന്റെ നേതൃകാലത്താണ് എന്ന് നന്ദിയോടെ സ്മരിക്കുന്നു. ഈ വന്ദ്യ പുരോഹിതനോട് ഗുഡ്ഗാവ് രൂപതയിലെ ചില ഇടവക സമൂഹത്തിന് പ്രത്യേക കടപ്പാടുണ്ട്. ഈ കാലയളവിൽ ദേവാലയ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വെസ്റ്റ് ഡൽഹി, ദിൽഷാദ് കോളനി, മയൂർ വിഹാർ, ലുധിയാന, ജയ്പൂർ എന്നീ ഇടവക സമൂഹങ്ങൾക്കൊപ്പം ശക്തമായി നിൽക്കുകയും, പിന്തുണക്കുകയും, സാമ്പത്തിക സഹായം ചെയ്യുകയും ചെയ്തത് ബർക്കുമാൻസച്ചനാണ്. തന്റെ അറിവിന്റേയും പാണ്ഡിത്യത്തിന്റേയും നീരുറവകളായിരുന്നു ''ജ്ഞാനദൃഷ്ടി'' എന്ന വചനാധിഷ്ഠിത ദൈവശാസ്ത്ര ലേഖന പരമ്പര.

അഭി. ജേക്കബ് ബർണബാസ് പിതാവിന്റെ ഗുരുവും ആത്മീയ ഉപദേശകനുമായിരുന്നു ബർക്കുമാൻസച്ചൻ. 1997 മുതൽ 2018 വരെ കഴിഞ്ഞ 21 വർഷക്കാലം സഭയുടെ വിവിധ പ്രവർത്തനങ്ങളിലും ശുശ്രൂഷകളിലും ബർക്കുമാൻസച്ചനുമായി ഒത്തുചേർന്ന് പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ച ഒരു വ്യക്തിയാണ് ഈ ലേഖകൻ. അതിലൂടെ അച്ചന്റെ പാണ്ഡിത്യവും ജീവിതലാളിത്യവും ഒരുപോലെ അനുഭവിച്ചറിയാൻ എനിക്കു കഴിഞ്ഞു. ബെഞ്ചിലോ കസേരയിലോ, കട്ടിലിലോ മെത്തയിലോ മണൽപ്പുറത്തോ എവിടെയായാലും പരിഭവങ്ങളില്ലാതെ സന്തോഷപൂർവ്വം കിടന്നുറങ്ങുന്ന ഒരു വ്യക്തി. അതുപോലെ ബസ്സിലോ, കാറിലോ, ഓട്ടോറിക്ഷയിലോ, സൈക്കിൾ റിക്ഷയിലോ, ട്രെയിനിലോ ഏത് സാഹചര്യത്തിലും മടികൂടാതെ യാത്രചെയ്യാൻ ഉൽസുകൻ. എപ്പോഴും സേവനസന്നദ്ധൻ. ''N.C., you are one of the Lay-Theologians of our church'' എന്ന അച്ചന്റെ കമന്റ് എന്നെ പലപ്പോഴും ഇരുന്ന് ചിന്തിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. 80 വയസ്സു കഴിഞ്ഞിട്ടും ഒരു 40 കാരന്റെ ചുറുചുറുക്കോടെ ഗുഡ്ഗാവ് രൂപതയുടെ വിവിധ മിഷൻ പ്രദേശങ്ങളിൽ (Odisha, Assam, Meghalaya, Punjab etc) ഒരു തീക്ഷ്ണമതിയായ മിഷനറിയായി ഓടിനടന്ന് വചനം പങ്കുവെച്ചതും മിഷൻ പാസ്റ്ററിനും മറ്റും ക്ലാസ്സുകൾ എടുത്തതും പുതുതലമുറയിലെ സഭാമക്കൾക്ക് അത്ഭുതവും, ആവേശവും, വെല്ലുവിളിയുമായി മാറുന്നു.

1999-ൽ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഡൽഹി സന്ദർശിച്ചപ്പോൾ പരി. മാർപാപ്പക്കൊപ്പം ദിവ്യബലിയർപ്പിക്കുവാൻ (J.N. Stadium) ഭാഗ്യം ലഭിച്ച ചുരുക്കം ചില മലങ്കര കത്തോലിക്ക വൈദികരിൽ ഒരാളാണ് വന്ദ്യ ബർക്ക്മാൻസച്ചൻ. മലങ്കര സഭയുടെ സഭാത്മകമായ, ദൈവശാസ്ത്രപരമായ, ആരാധനാപരമായ, അജപാലന പരമായ അദ്ദേഹത്തിന്റെ സേവനങ്ങൾ എന്നും നിസ്തുലമാണ്. ബർക്കുമാൻസച്ചനു പകരക്കാരനായി മറ്റാരുമില്ല എന്നാണ് ഈ ലേഖകന്റെ വിശ്വാസം.

സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ തിരുമനസ്സിന്റെ മുഖ്യകാർമികത്വത്തിൽ 2018 സെപ്റ്റംബർ 11-ാം തീയതി തിരുവല്ല ബഥനി ദയറായിൽ വച്ച് നടന്ന അച്ചന്റെ ശവസംസ്ക്കാരശുശ്രൂഷയിൽ രൂപതയിലെ വിവിധ മിഷൻ മേഖലകളിൽ നിന്നുമുള്ള വൈദിക-സന്യസ്ത-അൽമായ പ്രതിനിധികളുടേയും ഗുഡ്ഗാവ് രൂപതയിൽ മുമ്പ് ശുശ്രൂഷ ചെയ്തിട്ടുള്ള വൈദിക-സന്യസ്ത-അൽമായരുടേയും നിറസാന്നിദ്ധ്യം ബർക്ക്മാൻസച്ചനോടുള്ള സ്നേഹത്തിന്റേയും ആദരവിന്റേയും സാക്ഷ്യമായിരുന്നു.

എല്ലാവരേയും നിറപുഞ്ചിരിയോടെ സ്വീകരിക്കുന്ന ബർക്കുമാൻസച്ചൻ തന്റെ അന്ത്യയാത്രയിലും ആ മുഖത്ത് മാനുഷികമായ ഒരു ഓജസ്സും ദൈവികമായ ഒരു തേജസ്സും പ്രകടമാക്കിയിരുന്നു. ശ്രേഷ്ഠതയുടെ ഔന്നത്യത്തിലും വിനയത്തിന്റെ മാതൃകയും, ലാളിത്യത്തിന്റേയും, ജീവിത വിശുദ്ധിയുടേയും പര്യായമായ വന്ദ്യ ബർക്കുമാൻസച്ചൻ ഇന്നും സഭാമക്കളുടെ ഹൃദയത്തിൽ ജീവിക്കുന്നു. ഈ പുരോഹിതശ്രേഷ്ഠന്റെ ആത്മാവ് സ്വർഗ്ഗത്തിൽ നിത്യാനന്ദം അനുഭവിച്ചുകൊണ്ട് സഭയ്ക്കും സമൂഹത്തിനും പ്രേഷിത ചൈതന്യം വർഷിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ●

ആരോഗ്യദീപം

# മരുന്നിനല്പം കാർഡിയോളജി



**ഹൃ**ദ്രോഗത്തിന്റെ കാരണങ്ങൾ, ലക്ഷണങ്ങൾ, പരിശോധനകൾ, അപകടങ്ങൾ എന്നിവയെക്കുറിച്ചൊക്കെ മുൻപംക്തികളിൽ നമ്മൾ വായിച്ചതാണല്ലോ. ഹൃദ്രോഗികൾ സാധാരണയായി കഴിക്കുന്ന മരുന്നുകളെക്കുറിച്ച് നമുക്കു ലഘുവായി മനസ്സിലാക്കാം...

**1. ആസ്പിരിൻ (Aspirin)**

രക്തം കട്ടിപിടിക്കാതിരിക്കാനുള്ള മരുന്നുകളിൽ ഏറ്റവും പരിചയസമ്പന്നൻ. ഹൃദയാഘാതം കഴിഞ്ഞ രോഗികൾ, ആൻജിയോപ്ലാസ്റ്റി, ബൈപ്പാസ് സർജറി തുടങ്ങിയ ചികിത്സ കഴിഞ്ഞവർ സാധാരണയായി കഴിക്കുന്ന മരുന്നാണ്.




**2. ക്ലോപിഡോഗ്രൽ (Clopidogrel)**

രക്തം കട്ടിപിടിക്കാതിരിക്കാനുള്ള മറ്റൊരു മരുന്ന്. പലപ്പോഴും ആസ്പിരിന്റെ കൂടെ ഇത് നല്കാറുണ്ട്.




**3. സ്റ്റാറ്റിൻ (Statin)**

അറ്റോർവാ സ്റ്റാറ്റിൻ (Atorvastatin), റോസുവാ സ്റ്റാറ്റിൻ (Rosuvastatin) എന്നിവയാണ്. സാധാരണയായി കൊളസ്ട്രോൾ നിയന്ത്രിക്കുന്നതിനായി നല്കുന്നത്. കൂടാതെ, ഹൃദയാഘാതം കഴിഞ്ഞ രോഗികളും ഹൃദയരക്ത ധമനികളിൽ 'ബ്ലോക്ക്' ഉള്ള വ്യക്തികളും ഇത് കഴിക്കേണ്ടതാണ്.




**4. നൈട്രേറ്റ് (Nitrates)**

'ബ്ലോക്ക്' ഉള്ളവർക്കുണ്ടാകുന്ന നെഞ്ചുവേദന (ആൻജൈന) കുറക്കുവാനുള്ള മരുന്നാണിത്; ഉദാഹരണം: സോർബിട്രേറ്റ്. വേദനയുള്ളപ്പോൾ നാവിനടിയിൽ ഈ ഗുളിക വയ്ക്കാറുമുണ്ട്.



**5. ബീറ്റാ ബ്ലോക്കർ (Beta Blocker)**

ഉദാഹരണങ്ങൾ മെറ്റോപ്രലോൾ (metoprolol), കാർവഡിലോൾ (Carvedilol), നെബിവലോൾ (Nebivolol). ബി.പി. കുറയ്ക്കുവാനും, ഹൃദയത്തിന്റെ തുടിപ്പ്/താളം നിയന്ത്രിക്കാനും, 'പമ്പിംഗ്' മെച്ചപ്പെടുത്താനും മറ്റും കഴിവുള്ള ഒരു സകലകലാവല്ലഭൻ!




**6. റാമിപ്രിൽ, എനലാപ്രിൽ, ടെൽമിസാർട്ടാൻ, ലൊസാർട്ടാൻ**

രക്തസമ്മർദ്ദത്തിന്റെ (Hypertension) യും, ഹാർട്ട് ഫെയ്‌ലിയറിന്റെയും മറ്റും ചികിത്സക്കായി ഉപയോഗിക്കുന്ന മരുന്നുകളാണിവ.



**7. ലാസിക്സ് (Lasix)**



ശ്വാസംമുട്ടൽ, നീര് തുടങ്ങിയ ഹൃദ്രോഗലക്ഷണങ്ങൾക്കായി നല്കുന്ന മരുന്നാണിത്.

**8. സ്പൈറോണോലാക്റ്റോൺ (Spironolactone)**

ഹൃദയപേശികളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ശ്വാസംമുട്ടൽ കുറയ്ക്കാനുമാണിത്.



**9. ഡിജോക്സിൻ (Digoxin)**

'ഡിജിറ്റാലിസ്' എന്ന് പേരുള്ള ഒരു ചെടിയിൽനിന്ന് അനേക വർഷങ്ങൾക്കു മുൻപ് തയ്യാറാക്കപ്പെട്ട ഒരു മരുന്നാണിത്. ഹൃദയമിടിപ്പിന്റെ വേഗത നിയന്ത്രിക്കാനും, പമ്പിംഗ് കൂട്ടാനുമാണ് ഉപയോഗിക്കുന്നത്.



**10. വാർഫാറിൻ (Warfarin)**

രക്തം കട്ടിപിടിക്കാതിരിക്കാൻ ചില പ്രത്യേക സാഹചര്യങ്ങളിൽ ഉപയോഗിക്കുന്ന ഒരു മരുന്നാണിത്. ഉദാഹരണത്തിന്: ഏട്രിയൽ ഫിബ്രിലേഷൻ (ഹൃദയതാളത്തിന്റെ ഒരു അപാകത), കൃത്രിമ ഹൃദയവാൽവ് ശസ്ത്രക്രിയ (Prosthetic Valve), കാലിലെ വെയ്നുകളിലെ രക്തക്കട്ട (Deep Vein Thrombosis).




**11. ഇൻജക്ഷൻസ് (Injections)**

ലാസിക്സ് ഇൻജക്ഷനു പുറമെ രക്തക്കട്ടകളെ അലിയിക്കാനുള്ള സ്ട്രെപ്റ്റോകൈനേസ് (Streptokinase), രക്തം കട്ടപിടിക്കാതിരിക്കാനുള്ള ഹെപ്പാരിൻ (Heparin), ബി.പി.യും ശ്വാസംമുട്ടലും കുറക്കാനുള്ള നൈട്രോഗ്ലിസറിൻ (NTG) എന്നിവയാണ് സാധാരണയായി ഉപയോഗിക്കുന്നത്.



**12. 'പുതിയ' മരുന്നുകൾ ('New' Releases)**

ചില ഉദാഹരണങ്ങൾ: രക്തം കട്ടപിടിക്കാതിരിക്കാനുള്ളവ (ടികാഗ്രലോർ, പ്രാസുഗ്രൽ), രക്തക്കട്ട അലിയിക്കാനുള്ള ഇൻജക്ഷൻ (ടെനക്ടപ്ലേസ്, റെറ്റിപ്ലേസ്) നെഞ്ചുവേദന കുറക്കാനുള്ളവ (നികോറാണ്ടിൽ, ട്രൈമെറ്റാസിഡിൻ, റാനോലസിൻ), പമ്പിംഗ് കൂട്ടാനുള്ളത് (സാകുബിട്രിൽ), വാർഫാറിനു പകരം, അനുയോജ്യ സാഹചര്യങ്ങളിൽ മാത്രം രക്തക്കട്ട വരാതിരിക്കാൻ ഉപയോഗിക്കാവുന്നവ (ഡാബിഗാട്രാൻ, അപിക്സബാൻ, റിവറോക്സബാൻ).



***അടിക്കുറിപ്പ്: ഏതൊരു മരുന്നും ഡോക്ടറുടെ നിർദ്ദേശാനുസരണവും മേൽനോട്ടത്തിലും മാത്രമേ കഴിക്കുവാൻ പാടുള്ളൂ!***





# കുട്ടികൾക്കുള്ള കഥകൾ

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



## സ്റ്റെതസ്കോപ്പ്

**ഡോ**ക്ടർ ആകാൻ പഠിക്കുന്ന മെഡിക്കൽ വിദ്യാർത്ഥികളോട് അവരുടെ അദ്ധ്യാപകൻ ഒരിക്കൽ ചോദിച്ചു, ''നിങ്ങൾ ഒരു രോഗിയെ സ്റ്റെതസ്കോപ്പ് (STETHOSCOPE)ഉപയോഗിച്ച് പരിശോധിക്കുകയാണെന്ന് കരുതുക. രോഗനിർണ്ണയത്തിന് സഹായിക്കുന്ന ആ ഉപകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഏതാണ് ?''



രോഗിയുടെ ദേഹത്ത് വയ്ക്കുന്ന ഡയഫ്രം, ശബ്ദം കടന്നു വരുന്ന ട്യൂബ്, ചെവിയിൽ വയ്ക്കുന്ന 'ഇയർ പീസ്' തുടങ്ങിയ പല ഭാഗങ്ങളാണ് പ്രധാനം എന്ന് ഉത്തരമായി കുട്ടികൾ പറഞ്ഞു.

അപ്പോൾ ആ അദ്ധ്യാപകൻ പറഞ്ഞു, ''അവയൊക്കെ പ്രധാനം തന്നെ. എന്നാൽ, ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഇവയൊന്നുമല്ല. ഇടത്തേ ചെവിയിൽ വയ്ക്കുന്ന ഇയർപീസിന്റെയും വലത്തേ ചെവിയിൽ വയ്ക്കുന്ന ഇയർ പീസിന്റെയും ഇടയിൽ ഉള്ള ഭാഗമാണ് ഏറ്റവും പ്രധാനം. അതാണ്, ഡോക്ടറുടെ തലച്ചോർ. അത് ഉപയോഗിച്ചാണ് രോഗം ഏതെന്ന് കണ്ടെത്തേണ്ടത്. ഉപകരണത്തിന് രണ്ടാം സ്ഥാനം മാത്രമേയുള്ളു.''

വിശുദ്ധീകരണത്തിനായി തീർത്ഥാടനം, ധ്യാനം, നൊവേന, ജപമാല തുടങ്ങിയ ഭക്താഭ്യാസങ്ങൾ നമ്മൾ സ്വീകരിക്കാറുണ്ട്. ഇവ നല്ല മാർഗ്ഗങ്ങൾ ആണ്. എന്നാൽ വിശുദ്ധരാകണമെങ്കിൽ നമ്മൾക്ക് മാനസാന്തരം ഉണ്ടാകണം. മാനസാന്തരം ഉണ്ടാകേണ്ടത് ഓരോ വ്യക്തിയുടെയും മനസ്സിൽ ആണ്. മനസ്സാണ് മാർഗ്ഗങ്ങളെക്കാൾ പ്രധാനം.


## പത്രോസിന്റെ പട്ടി

**പ**ത്രോസ്ചേട്ടൻ പതിവായി അതിരാവിലെ അടുത്തുള്ള കുളത്തിൽ ഇറങ്ങി നീന്തിക്കുളിക്കാറുണ്ട്. കുളത്തിലേക്കുള്ള യാത്രയിൽ, ചേട്ടന്റെ വളർത്തു നായഎന്നുംചേട്ടനെ അനുഗമിക്കാറുണ്ട്.

ഒരുദിവസം രാവിലെ, പതിവുപോലെ കുളത്തിലേക്ക് ഇറങ്ങാൻ ചേട്ടൻ തയ്യാറെടുക്കുകയായിരുന്നു. കൂടെയുണ്ടായിരുന്ന പട്ടി പെട്ടെന്ന് ഉറക്കെ കുരയ്ക്കാൻ തുടങ്ങി. കുളത്തിലേക്ക് ഇറങ്ങാൻ തുടങ്ങിയ ചേട്ടനെ പട്ടി തടഞ്ഞു. ചേട്ടൻ പട്ടിയെ വഴക്കുപറഞ്ഞു കൊണ്ട് തള്ളി നീക്കി. പക്ഷേ, ചേട്ടനെസർവ്വ ശക്തിയും ഉപയോഗിച്ച് അവൻ തടഞ്ഞു. ദേഷ്യംവന്ന ചേട്ടൻ ഒരു കമ്പ് കൊണ്ട് അവനെ വീണ്ടും വീണ്ടുംതല്ലി. എന്നിട്ടും അവൻ യജമാനനെ തടഞ്ഞുകൊണ്ടിരുന്നു. അവന്റെ തടസ്സം അവഗണിച്ചുകൊണ്ട് ചേട്ടൻ കുളത്തിലേക്ക് എടുത്തുചാടാൻ ഒരുങ്ങിയപ്പോൾ, ആ പട്ടി പെട്ടെന്ന് ചേട്ടന് മുമ്പേതന്നെ കുളത്തിലേക്ക് എടുത്ത് ചാടി. പെട്ടെന്ന് കുളത്തിൽ ഇളക്കം ഉണ്ടായി. വലിയ ഒരു മുതല വെള്ളത്തിൽ വീണ പട്ടിയെ കടിച്ചുകുടഞ്ഞു. കരയിൽ നിന്നുകൊണ്ട് ആ ദാരുണ രംഗം കണ്ട ചേട്ടൻ വളർത്തു നായയുടെ സ്നേഹം നന്ദിയോടെ തിരിച്ചറിഞ്ഞു.



ആ കുളത്തിലേക്ക് അന്ന് ആദ്യമായി എവിടെ നിന്നോവന്നു ചേർന്ന ആ മുതലയെ ആ നായ നേരത്തേ കാണുവാൻ ഇടയായി. ആ വിവരം അറിയാത്ത സ്വന്തം യജമാനനെ അപകടത്തിൽ നിന്നും രക്ഷിക്കാൻ അവൻ തന്റെ കഴിവ് മുഴുവൻ ഉപയോഗിച്ചു; അടിയുടെ വേദനപോലുംഅവൻ സഹിച്ചു.അവസാനം, മറ്റൊരു മാർഗ്ഗവും ഇല്ലാതെ വന്നപ്പോൾ, അവൻ തന്റെ ജീവൻ തന്നെ,തന്റെ യജമാനന്റെ ജീവൻ രക്ഷിക്കാനായി ദാനം ചെയ്തു. വളർത്തു നായയുടെ സ്നേഹവും കരുതലും ത്യാഗവും ഓർത്ത് ചേട്ടൻ അവിടെയിരുന്ന് കരഞ്ഞുപോയി. വി. ബൈബിളിലെ ഒരു വചനം അപ്പോൾ ചേട്ടൻഓർത്തു,''സ്നേഹിതർക്കു വേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല'' (വി. യോഹന്നാൻ15: 13)


ജൂനിയർ
മോസസ്
കുട്ടികളുടെ കൂട്ടുകാരൻ
SAMEEKSHA CATECHISM Thiruvalla
മോസസ്... ആ കോൺട്രാക്ടർ ഞങ്ങൾ കളിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തെ മരങ്ങളും ചെടികളും എല്ലാം വെട്ടിനശിപ്പിച്ചു...
അവിടെ അയാൾ ഫ്ലാറ്റ് പണിയാൻ പോകുവാണെത്രേ!
കോൺട്രാക്ടറെ എങ്ങനെ ഒന്നു പറഞ്ഞു മനസ്സിലാക്കാൻ പറ്റും, മരങ്ങളും ചെടികളും വെട്ടിനശിപ്പിക്കുന്നത് ഭൂമിക്ക് അപകടമാണെന്ന്?
വരൂ കൂട്ടരെ... നമുക്ക് കർത്താവായ ദൈവത്തോടു പ്രാർത്ഥിക്കാം. എന്തെങ്കിലും വഴി കാണിച്ചുതരും ദൈവം.
അവർ ഒരുമിച്ച് മുട്ടിപ്പായി പ്രാർത്ഥിച്ചു.
തുടരും..

# വിശ്വസ്തനായ കാര്യവിചാരിപ്പുകാരൻ

## കൈപ്പള്ളിപറമ്പിൽ തങ്കച്ചൻ



സി. ഗ്ലാഡിസ് ഒ.എസ്.എസ്.

മനോഹരമായ പച്ചവിരിപ്പാടങ്ങളും ആമ്പൽപൊയ്കകളും പമ്പയാറിന്റെ കൈത്തോടുകളാലും ചുറ്റപ്പെട്ട ഒരു ഗ്രാമമുണ്ട്, കുട്ടനാടിനും പത്തനംതിട്ടയ്ക്കും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന, കർഷകരും മത്സ്യതൊഴിലാളികളും ജീവിക്കുന്ന നാട്. വട്ടടികടവിന്റെ അടുത്ത് സ്ഥിതിചെയ്യുന്ന ഈ ഗ്രാമത്തിലാണ് തിരുവല്ലാ അതിരൂപതയിലെ, നിരണം മേഖലയിൽപ്പെട്ട ഇടവകയായ ആനപ്രമ്പാൽ സൗത്ത് മലങ്കര കത്തോലിക്ക ദൈവാലയം സ്ഥിതിചെയ്യുന്നത്. പമ്പയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന നിത്യസഹായമാതാവിന്റെ നാമത്തിൽ അറിയപ്പെടുന്ന ദൈവാലയം ഈ നാടിന്റെ തന്നെ ഒരു അനുഗ്രഹമാണ്. ഈ ദേവാലയത്തിന്റെ മുറ്റത്തു നിന്നാൽ അർക്കന്റെ ഉദയവും അസ്തമയവും നല്കുന്ന കാഴ്ച മനോഹരമാണ്. പാണ്ടൻങ്കേരി പള്ളി എന്നറിയപ്പെടുന്ന ഈ ദൈവാലയം 1962-ലാണ് സ്ഥാപിതമായത്. 62 കാലയളവിൽ റോഡ് ഗതാഗതമോ യാത്ര സൗകര്യമോ ഇല്ലാതിരുന്ന കാലഘട്ടത്തിൽ ഈ ഇടവകയെ നയിച്ച വൈദികരുടെ ആദ്ധ്യാത്മികമായ നേതൃത്വം വളരെയേറെ ശ്ലാഘനീയമാണ്. 8 വീട്ടുകാരിൽ തുടങ്ങിയ ഈ ദൈവാലയത്തിൽ ഇപ്പോൾ 80 വീട്ടുകാരുണ്ട്. നിരണത്തു നിന്ന് ചെറിയ വള്ളത്തെ ആശ്രയിച്ചാണ് ഇവിടേക്ക് 60 മുതൽ 90 കാലഘട്ടതുടക്കം വരെ വൈദികരും സന്യസ്തരും ദൈവശുശ്രൂഷയ്ക്കായി എത്തിയിരുന്നത്. ഇവിടുത്തെ ഇടവക തിരുനാൾ വ്യത്യസ്തത പുലർത്തുന്നതാണ്. വള്ളങ്ങൾ മനോഹരമായി ദൈവാലയതുല്യം അലങ്കരിച്ചും ആൾക്കാർ ആറ്റുതീരത്തിലൂടെ മെഴുകുതിരി കത്തിച്ചുപിടിച്ചു കൊണ്ടു നീങ്ങുന്ന കാഴ്ചയും, പിണ്ടിവെട്ടി മെഴുകുതിരി അതിന്മേൽ കത്തിച്ച് വെള്ളത്തിൽ ഒഴുക്കിവിടുന്ന മനോഹരമായ കാഴ്ചയും ഈ നാടിന്റെ പ്രത്യേകതയാണ്. കുട്ടനാട്ടിലെ വട്ടടി കടവിൽ സ്ഥിതിചെയ്യുന്ന ഈ



കത്തോലിക്ക ദൈവാലയം ഈ നാടിന്റെ വിളങ്ങിനില്ക്കുന്ന ദീപമാണ്. ഈ ഇടവകയ്ക്ക് ഒപ്പംതന്നെ എന്നും പ്രശോഭിച്ചു വിളങ്ങുന്ന ഒരു വ്യക്തിത്വമാണ് ബഹുമാനപ്പെട്ട കൈപ്പള്ളിപറമ്പിൽ തങ്കച്ചായൻ. കർത്താവിന്റെ ആലയത്തിലെ പ്രധാന ശുശ്രൂഷകനായ തങ്കച്ചായൻ തന്റെ ദൗത്യത്തിന്റെ 54ാം വർഷത്തിലാണ്.

ഇടവകയുടെ തുടക്കംമുതൽ ഇന്നുവരെ ആ കർത്തവ്യം അതിന്റെ പരിപൂർണ്ണതയിൽ തുടരുന്നു. 1962 ൽ, അന്നത്തെ വികാരിയായിരുന്ന പാലത്തിങ്കൽ അച്ചൻ ഈ ഇടവകയിലെ നാലുയുവാക്കളെ മദ്ബഹാ ശുശ്രൂഷയ്ക്കായി നിയോഗിക്കുകയും. 1964–ൽ യൊവാക്കീം അച്ചൻ ഇടവക വികാരി സ്ഥാനം ഏറ്റെടുത്തപ്പോൾ നാലുപേരിൽ ഒരാളെ പ്രധാന ശുശ്രൂഷകനായി തെരഞ്ഞെടുക്കണം എന്ന് തീരുമാനിക്കുകയും മനോഹരമായ ധൂപാർപ്പണം നടത്തിയ തങ്കച്ചായനെ പള്ളിയുടെ താക്കോൽ ഏല്പിക്കുകയും ചെയ്തു. അന്നുമുതൽ ഇന്നുവരെ യാതൊരുവിധ പരാതികളും പരിഭവങ്ങളും ഇല്ലാതെ പ്രധാന ശുശ്രൂഷകന്റെ ഉത്തരവാദിത്വം അതിന്റെ പരിപൂർണ്ണതയിൽ ചെയ്യുന്ന കർത്താവിന്റെ ഭവനത്തിലെ കാര്യവിചാരിപ്പുകാരനാണ് തങ്കച്ചായൻ.

വിണ്ടുകീറിയകാല്പാദങ്ങളോടെ, ആത്മാവിൽ ദൈവനിയോഗമന്ത്രം കേട്ട്, ഈശ്വരന്റെ വിരൽത്തുമ്പ് പിടിച്ച് വിശുദ്ധ മദ്ബഹായിലേക്ക് നടന്നുകയറുന്ന വിശ്വസ്തദാസൻ... ജീവിതത്തിൽ ഒരേ ഒരു ലക്ഷ്യം അത് ദൈവസേവനം.

1964–ൽ രണ്ട് രൂപ മാസവേതനത്തിൽ തുടങ്ങിയ ദൈവശുശ്രൂഷ ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. പരാതികളോ പരിഭവങ്ങളോ ഇല്ലാത്ത സൗമ്യമായ പ്രകൃതം മുഖത്തു നേത്തപുഞ്ചിരിയുമായി കുട്ടനാടിന്റെ വയലോരത്തുടെ കാലൻകുടയും തൂക്കിനടന്നുനീങ്ങുന്ന തങ്കച്ചായനെ കൊച്ചുകുട്ടികൾക്കുപോലും പരിചിതമാണ്. ബഹളങ്ങളോ ആർഭാടങ്ങളോ ഇല്ലാത്ത ശാന്തപ്രകൃതം. കാർക്കശ്യസ്വഭാവമുള്ളവരും അല്ലത്തവരും ആയ നിരവധി വൈദികർ വന്നുപോയിട്ടും എല്ലാ വൈദികർക്കും ഒരുപോലെ ഇഷ്ടപ്പെടുന്ന വ്യക്തിത്വം. എല്ലാദിവസവും വൈകുന്നേരം 5 മണിക്ക് പള്ളിയിലെത്തി പ്രാർത്ഥിച്ച് 6 മണിക്ക് സന്ധ്യാമണിയടിച്ച് 6.30 ഭവനത്തിൽ തിരിച്ചെത്തി കുടുബത്തോടുചേർന്ന് സന്ധ്യാപ്രാർത്ഥന നടത്തുന്നു. ഒരോ പ്രാവിശ്യവും നാട്ടിൽ വെള്ളം പൊങ്ങുമ്പോൾ, ഒരു പരിഭവവുംകൂടാതെ പള്ളിയും പരിസരവും വൃത്തിയാക്കും. തുടക്കകാലഘട്ടങ്ങളിൽ ഈ ഇടവകയിൽ വൈദികരെ സന്യസ് തരെ വള്ളത്തിൽ പള്ളിയിലും വീടുകളിലും എത്തിക്കുന്നതിനും അവർക്ക് ഭക്ഷണം നല് കുന്നതിനും ദൈവാലയ മണിയടിക്കുന്നതിനും പള്ളിപ്പരിസരം വൃത്തിയാക്കുന്നതിനും പള്ളിമൂപ്പൻ എന്നപേരിൽ കുറച്ചാളുകളെ നിയോഗിച്ചിരുന്നു. മുണ്ടശ്ശേരിച്ചിറ ശാമുവേൽ, മുണ്ടുചിറ ജോണിച്ചായൻ തുടങ്ങിയവർ 90 കാലഘട്ടംവരെ പള്ളിമൂപ്പൻ സ്ഥാനത്ത് തുട ർന്നു എന്നാൽ 90 കൾക്ക് ശേഷം പള്ളിമൂപ്പൻ ചെയ്തിരുന്ന എല്ലാ ഉത്തരവാദിത്വവും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു ഈ ശുശ്രൂഷകൻ. 54 വർഷങ്ങൾക്കിടയിൽ ഒരു കമ്മറ്റി മീറ്റീങ്ങിൽ പോലും തങ്കച്ചായനെതിരെ ഒരു പരാതിയും ആരും ഉന്നയിച്ചിട്ടില്ല. തികഞ്ഞ ഒരു മരിയ ഭക്തൻ. വർഷങ്ങൾ കടന്നു പോയിട്ടും ഏല്പിക്കപ്പെട്ട ദൈവനിയോഗത്തെ അതിന്റെ പരിപൂർണ്ണതയിൽ ചെയ് തുതീർക്കുന്ന കർമ്മയോഗി. ചെറിയൊരുകാറ്റടിച്ചാൽ പറന്നുപോകുന്ന തിരുവോസ്തിയിൽ വൻകാറ്റിനെ ശാന്തമാക്കുന്ന എന്റെ സ്രഷ്ടാവ് ഉണ്ട് എന്ന വിശ്വാസം, എന്താണ് വിശ്വാസം? ആഴമേറിയ ആത്മീയതയാണ് വിശ്വാസം. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്കുമുമ്പിലും പതറാത്ത മനസ്സുമായി ഒരാളെ പിടിച്ചു നിർത്തുന്ന ഊർജ്ജം. വി. കുർബാനയിൽ നിന്നും ലഭിക്കുന്ന ഈ ഊർജ്ജമാണ് തങ്കച്ചായന്റെ ശക്തി. ഇടയ്ക്ക് പൊടിയലർജിമൂലം രോഗത്തിന്റെ പിടിയിലമരുമ്പോഴും അതൊന്നും വകവയ്ക്കാതെ ദൈവാലയശുശ്രൂഷ ചെയ്യുന്ന തങ്കച്ചായന്റെ മഹനീയ വ്യക്തിത്വം ഏറെ പ്രശംസനീയമാണ്. അദ്ദേഹത്തിന്റെ ഇളയമകൾ തന്റെ പിതാവിനെക്കുറിച്ച് പങ്കുവച്ചത് ഓർക്കുന്നു വെള്ളപൊക്കസമയത്ത് ഞായറ്ച്ച ദിവസങ്ങളിൽ അച്ചായൻ ഞങ്ങൾ പിള്ളാരെയും അമ്മയേയുംകൂട്ടി വള്ളത്തിൽ പള്ളിയിലെത്തി പ്രഭാതപ്രാർത്ഥന നടത്തി തിരികെപ്പോരും. മകൾ പലപ്പോഴും പരിഭവിച്ചിട്ടുണ്ട് ആരും വരാറില്ല, അതുമല്ല വഴി മുഴുവൻ വെള്ളം, പിന്നെ എന്തിന്? അന്ന് അപ്പൻ കാട്ടിക്കൊടുത്ത ആ വിശ്വാസതീക്ഷണതയിൽ മക്കൾ ഇന്ന് പൂർണ്ണ സംതൃപ്തരാണ്. ഞായറാഴ്ച്ച ഒഴികെ ബാക്കി ദിവസങ്ങളിൽ ഇദ്ദേഹം ഒരു തനികർഷകനാണ്. അതികാലത്തുതന്നെ ഒരു തോർത്തുമുണ്ടുടുത്ത് സ്വന്തം പാടത്ത് പണിക്കിറങ്ങും, എന്റെ ഓർമ്മയിൽ ഞങ്ങളുടെ നാട്ടിൽ വലിയ മോട്ടറിന്റെ ഉടമ. കണ്ടത്തിൽ നിന്നും വെള്ളമടിച്ച് പുറത്തുകളയുന്നതും മീൻപിടിക്കുന്നതും, നെല്ല് വിത്തുവിതച്ചു കഴിഞ്ഞ് പാടത്തുനിന്ന് കൊക്ക് മുണ്ടിയെ പേടിപ്പിച്ച് ഓടിക്കാൻ പടക്കം പൊട്ടിക്കുന്നത്, കുട്ടികൾ ചിരട്ടയിൽവെള്ളത്തുണി പൊതിഞ്ഞ് മീൻപിടിക്കാൻ കുടുക്കയിടുന്നത്, കൊയ്ത്ത് കഴിഞ്ഞ് പട്ടം പറപ്പിക്കുന്നത് മുതലായ മനോഹരകാഴ്ചകൾ അന്ന് കുട്ടികളായ ഞങ്ങൾക്ക് സന്തോഷം ജനിപ്പിക്കുന്ന കാഴ്ചകളായിരുന്നു.

രോഗം വല്ലാതെ അലട്ടിയിട്ടും ദൈവത്തോടു ഒട്ടും പരിഭവിക്കാത്ത മനുഷ്യൻ. വി. ബൈബി

ളിൽ ദൈവത്തോട് കലഹിച്ചവർ ഏറെയുണ്ട്. യാക്കോബ് ദൈവത്തോട് മൽപ്പിടുത്തം നടത്തി, മോശ പരാതി പറഞ്ഞു, ദൈവം തന്റെ ഹൃദയത്തിലിണങ്ങിയ മനുഷ്യനെ കണ്ടെത്തിയത് ദാവീദിലായിരുന്നു, ദാവീദും ഒരോ പ്രാവിശ്യവും ആവലാതിചൊരിഞ്ഞും ദുരിതം നിരത്തിയും പരിഭവപ്പെട്ടു. ജോബിനെ ചൂണ്ടിക്കാട്ടി ദൈവം സാത്താനോടുപറഞ്ഞു 'ഇവനെക്കാൾ നിഷ്കളങ്കൻ ആരും ഇല്ല' എന്ന് എന്നാൽ സഹനം വന്നപ്പോൾ ജോബും ദൈവത്തോടു മിണ്ടുകയില്ല എന്ന് പ്രതിഷേധിച്ചു. ജനിക്കുന്നതിനുമുമ്പ് വിശുദ്ധീകരിച്ച ജറെമിയ സങ്കടനേരത്തു കർത്താവു വഞ്ചിച്ചു എന്നു പറഞ്ഞ് പരിഭവിച്ചു. ക്രിസ്തുശിഷ്യന്മാരും ദൈവത്തെ വേദനിപ്പിച്ചു. എല്ലാവരും ആത്മീയതയിൽ പരിഭവിച്ചവർ. എന്നാൽ തങ്കച്ചായനെക്കുറിച്ച് ഓർക്കുമ്പോൾ ദൈവമുമ്പാകെ കലഹിക്കാത്ത മനുഷ്യവ്യക്തിത്വം. 76-ാം വയസ്സിൽ എത്തി നിൽക്കുമ്പോഴും ചെറുപുഞ്ചിരിയോടെ ധൂപാർപ്പണം ചെയ്യുന്നു. പല വൈദികരും സന്യസ്തരും പലപ്പോഴും പങ്കുവെച്ചിരിക്കുന്ന ഒരു കാര്യം, ദൈവാലയത്തിൽ തങ്കച്ചായനുള്ളപ്പോൾ ഒന്നും അറിയേണ്ട കാര്യമില്ല എന്നതാണ്. വൈദികർക്കുമുൻപേ നടന്നു നീങ്ങുന്ന കർമ്മയോഗി. മുൻ വികാരിമാരായ ബഹുമാനപ്പെട്ട ഷിനു അങ്ങാടിയച്ചൻ, റിജോച്ചൻ, തൈക്കാട്ടച്ചൻ തുടങ്ങിയ വൈദികർക്കെല്ലാം ഒരേ സ്വരത്തിൽ പറയാനുള്ളത് വിശ്വാസമുള്ള ശുശ്രൂഷകൻ, ഏതുനേരത്തും ജോലിചെയ്യാൻ സന്നദ്ധൻ, വേറുകൃത്യങ്ങളോ വലിപ്പചെറുപ്പമോ നോക്കാതെ എല്ലാവരെയും ശുശ്രുഷിക്കുന്നവൻ, വൈദികരോടും സന്യസ്തരോടും ചേർന്നുനിന്ന് പ്രവർത്തിക്കുന്ന വ്യക്തിത്വം. അദ്ദേഹത്തിന്റെ മറ്റുള്ളവരോടുള്ള മാനുഷീക പരിഗണന കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ചുട്ടുമാലിപ്രദേശത്തെ നാട്ടുകാർക്ക് കാണാൻ കഴിഞ്ഞു. അനേകം വീട്ടുകാർക്ക് സ്വന്തം ഭവനത്തിൽ അഭയം നല്കിയും വെള്ളം കയറാത്ത തന്റെ കിണറ്റിൽനിന്ന് പലർക്കും വെള്ളം നൽകിയും മാതൃകകാട്ടി.

ജീവിതം മുഴുവൻ സഹനബലിക്കല്ലിൽ, ദിവസം മുഴുവൻ ആൾത്താരയ്ക്ക് മുമ്പിൽ മെഴുകുതിരിപോൽ ഉരുകുന്ന ജീവിതം. 34 വർഷമായി സണ്ടേസ്ക്കൂൾ അദ്ധ്യാപികയായിതുടരുന്ന തങ്കച്ചായന്റെ ഭാര്യഗ്രേസിമാമ്മയും അദ്ദേഹത്തോടു ചേർന്ന് ദൈവശുശ്രൂഷയിലാണ്. ഈ ദമ്പതികൾക്ക് 4 മക്കളാണ്. ഒരു മകൾ ഹോളിസ്പിരിറ്റ് സന്യാസസമൂഹത്തിൽ സേവനം അനുഷ്ഠിക്കുന്ന സി. ഷൈനി ഒ.എസ്.എസ്. ഇപ്പോൾ ബാംഗ്ലൂരിൽ നൊവിഷ്യറ്റ് അർത്ഥിനികൾക്ക് പരിശീലനം നല്കുന്നു, മറ്റ് രണ്ടു പെൺമക്കൾ കുടുബജീവിതം നയിക്കുന്നു. ഏകമകൻ അവിവിവാഹിതനാണ്. ദൈവശുശ്രൂഷ ഒരു നിയോഗമായി കാണുന്ന തങ്കച്ചായൻ ഈ ദൈവാലയത്തിന്റെ വിശുദ്ധകർമ്മയോഗിയാണ്.

''എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായി ജീവിക്കുമ്പോൾ സാധു ഞാനീ ക്ഷോണിതന്നിൽ ക്ലേശിപ്പാൻ'' എന്ന കൊച്ചുകുഞ്ഞ് ഉപദേശിയുടെ മനോഹരഗാനം വേദനയിലും സഹനത്തിലും സന്തോഷപൂർവ്വം പാടുന്ന മനുഷ്യൻ. ●

## എം.സി.എ. തിരുവല്ല അതിരൂപത മെമ്പർഷിപ്പ് ഉദ്ഘാടനം



എം.സി.എ. തിരുവല്ല അതിരൂപത മെമ്പർഷിപ്പ് ഉദ്ഘാടനം റാന്നി മേഖല പ്രസിഡന്റ് ശ്രീ. ടി.എസ്. ജോർജ്ജ് സാറിന് മെമ്പർഷിപ്പ് നല്കിക്കൊണ്ട് സഭാതല ജനറൽ സെക്രട്ടറി ശ്രീ. ബാബു കല്ലുങ്കൽ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീ. ജോജി വിഴലിൽ, വൈസ് പ്രസിഡന്റ് ശ്രീ. ബിനു ഏബ്രഹാം, ജനറൽ സെക്രട്ടറി ശ്രീ. സുരേഷ് വർഗീസ്, ട്രഷറാർ ശ്രീ. എ.ഡി. ജോൺ എന്നിവർ പങ്കെടുത്തു.

**ഉപകാരസ്മരണ**



ഒരു വിശ്വാസി നെടുമ്പ്രം

**ഉപകാരസ്മരണ**



ഒരു വിശ്വാസി നെടുമ്പ്രം

## കാറ്റക്കിസം ഡിപ്ലോമ കോഴ്സ് അസൈൻമെന്റ് വിഷയങ്ങൾ

1. മനുഷ്യൻ പ്രപഞ്ചത്തിന്റെ കാവൽക്കാരൻ – ഉൽപത്തി 1:26-28 ('അങ്ങേയ്ക്കു സ്തുതി' എന്ന ചാക്രികലേഖനത്തിന്റെ വെളിച്ചത്തിൽ എഴുതുക) – ഫാ. ഡോ. ജോളി കരിമ്പിൽ
2. പ്രവേശക കൂദാശകളിലൂടെ ക്രിസ്തുവിലുള്ള രക്ഷയുടെ അനുഭവം വിശദമാക്കുക. – ഫാ. ഡോ. ചെറിയാൻ കോട്ടയിൽ
3. നമ്മുടെ കർത്താവിന്റെ പെരുന്നാളുകൾ എന്നറിയപ്പെടുന്ന ഏഴ് മാറാനായ പെരുന്നാളുകളെക്കുറിച്ചും, അതിന്റെ ദൈവശാസ്ത്രമാനത്തെക്കുറിച്ചും വിശദീകരിക്കുക (10-12 പേജ്) – ഫാ.ഡോ. ഐസക് പറപ്പള്ളിൽ




# ഇന്റർനെറ്റ് ബോട്ട്

**റോ**ബോട്ടുകൾ ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഭാഗമായി കൊണ്ടിരിക്കുകയാണ്. നിത്യജീവിതത്തിൽ ഇവ നമുക്ക് വളരെ അധികം സഹായം ചെയ്യുന്നു. റോബോട്ടുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നമുക്ക് ഇവിടെ കാണാം.

**ഇന്റർനെറ്റ്റോബോട്ട്**

ഇന്റർനെറ്റ് ബോട്ട് എന്നത് ഇന്റർനെറ്റ് വഴി ഓട്ടോമേറ്റഡ്ടാസ്കുകൾ (സ്ക്രിപ്റ്റുകൾ) പ്രവർത്തിക്കുന്നസോഫ്റ്റ്വെയർ ആപ്ലിക്കേഷനാണ്. സാധാരണഗതിയിൽ, യന്ത്രങ്ങൾ ലളിതവും ഘടനാപരമായി ആവർത്തനസ്വഭാവമുള്ളതുമായ ജോലികൾ ചെയ്യുന്നു. ഇത് ഒരു മനുഷ്യന് സാധിക്കാവുന്നതിനേക്കാൾ ഉയർന്നനിരക്കിലാണ്

**ചാറ്റ്ബോട്ട്**

ഒരു ചാറ്റ്ബോട്ട് (talkbot, chatterbot, ബോട്ട്, IM ബോട്ട്, ഇന്ററാക്ടീവ് ഏജന്റ് അല്ലെങ്കിൽ കൃത്രിമ സംഭാഷണ എന്റിറ്റി എന്നും അറിയപ്പെടുന്നു) ഒരു കമ്പ്യൂട്ടർ പ്രോഗ്രാം അല്ലെങ്കിൽ ഒരു കൃത്രിമ ഇന്റലിജൻസ് ആണ്. ഇത് ഓഡിറ്ററി അല്ലെങ്കിൽ ടെക്സ്റ്റ് രീതികൾ വഴി സംഭാഷണങ്ങൾ നടത്തുന്നു.


**റോബോട്ട്**

റോബോട്ട് ഒരു യന്ത്ര മാണ്, ഒരു കമ്പ്യൂട്ടർ. പ്രത്യേകിച്ച് ഒരു സങ്കീ ർണ്ണമായ ശ്രേണി പ്രവ ർത്തനങ്ങൾ നടത്തുന്ന ഒരു കമ്പ്യൂട്ടർ. ഒരു ബാഹ്യ കൺട്രോൾ ഉപകരണം ഉപയോഗിച്ച് റോബോട്ടുകൾക്ക് മാർഗനിർദേശം നൽകാം അല്ലെങ്കിൽ നിയന്ത്രണം ഉൾച്ചേർത്തേക്കാം. മനുഷ്യരൂപത്തിൽ നിർത്താൻ റോബോട്ടുകൾ നിർമ്മിക്കപ്പെടാറുണ്ടെങ്കിലും മിക്ക റോബോട്ടുകളും ഒരു ജോലിയെ എങ്ങനെ നോക്കിക്കാണുന്നു എന്നതിനെപ്പറ്റി രൂപകൽപ്പന ചെയ്തിട്ടുള്ളവയാണ്.

**ബോട്ടുകൾ**

ബോട്ടുകളുടെ ഏറ്റവും വലിയ ഉപയോഗം വെബ് സ്പൈഡിംഗ് (വെബ് ക്രോളർ) ആണ്. ഇതിൽ ഒരു ഓട്ടോമേറ്റഡ് സ്ക്രിപ്റ്റ്, ഒരു സെർവറിന്റെ വെബ് സെർവറുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നു, വിശകലനം ചെയ്യുന്നു. എല്ലാ വെബ് ട്രാഫിക്കിളിൽ പകുതിയും ബോട്ടുകളാണ്.

ബോട്ടുകളെ പ്രതിരോധിക്കാൻ സെർവറുകളുടെ വെബ് സെർവറുകളിലൂടെയുള്ള ശ്രമങ്ങൾ വ്യത്യാസപ്പെടുന്നു. ഒരു robots.txt ഫയൽ നടപ്പിലാക്കുന്നതിലൂടെ സെർവറുകൾ ഇന്റർനെറ്റ് ബോട്ടുകളുടെ പെരുമാറ്റത്തെക്കുറിച്ച് ഔട്ട്ലൈൻ നിയമങ്ങൾ തിരഞ്ഞെടുക്കാം: ആ സെർവറിലെ ഒരു ബോട്ട് പെരുമാറ്റത്തെ നിയന്ത്രിക്കുന്നനിയമങ്ങൾ സൂചിപ്പിക്കുന്നതാണ് ഈ ഫയൽ. ഈ നിയമങ്ങൾ പാലിക്കാത്ത ഏതെങ്കിലും സെർവറുമായി (അല്ലെങ്കിൽ 'സ്പൈഡർ') ആശയവിനിമയം നടത്തുന്ന ഏതെങ്കിലും ബോട്ട്, തകരാറിലാവുകയാണെങ്കിൽ ബാധിതമായ വെബ്സൈറ്റിൽ നിന്ന് ആക്സസ് ചെയ്യാനോ അല്ലെങ്കിൽ നീക്കംചെയ്യാനോ പാടില്ല. ചിലബോട്ടുകൾ 'നല്ലത്' ആണ് – ഉദാ. സെർച്ച്എഞ്ചിൻ. spiders ബോട്ടുകൾ ചിലപ്പോൾ രാഷ്ട്രീയപ്രചരണങ്ങളിൽ ദോഷകരമായതും കടുത്തതുമായ ദുഷ്ട ആക്രമണങ്ങൾ നടത്താൻ ഉപയോഗിക്കാറുണ്ട്. ●



## കൂദാശ നിർവഹണം

തിരുവല്ല മെഡിസിറ്റി കാമ്പസിൽ നിർമിച്ച പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ഗ്രോട്ടോയുടെ കൂദാശ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിർവഹിക്കുന്നു.

**ഉപകാരസ്മരണ**



താമസിച്ചതിനു ക്ഷമാപണം
ഒരു വിശ്വാസി, അമ്പാട്ടുഭാഗം



സ്വരാജ് പോൾ

# ഇനിയും തോരാത്ത കണ്ണുനീർ

**മ**റിയ, നിൻ കണ്ണുനീർ
തോരാത്ത മഴച്ചാറ്റലായ്
എൻ പാദങ്ങൾ കഴുകവെ
എവിടെയോ പോയ് മറഞ്ഞു
പാപാന്ധകാരമേഘപാളികൾ.
നിത്യവെളിച്ചത്തിൽ അശ്രുകണങ്ങൾ
നിൻ ശിരസ്സിൽ പതിക്കവേ
നിൻ കാർകൂന്തൻ എൻ കാലുകൾ
തലോടവേ
എൻ മിഴികളും
വർഷധാരയായ് മാറിടുന്നു
മറിയ, സൗഹൃദത്തിൻ അഗാധമാം
സ്നേഹപാശത്താൽ വീണ്ടും ഞാൻ
നിൻ ഭവനത്തിൻ അന്തികേ എത്തവേ
വിരഹത്തിൻ വേദനയാൽ
ഇനിയും തോരാത്ത കണ്ണുനീർ
ഘോരമാം വേദന പേമാരി തീർക്കവേ
എൻ മിഴികളും വർഷധാരയായ് മാറിടുന്നു.
തോരാത്ത കണ്ണുനീർ
ലാസറിൻ പുനരുത്ഥാനശക്തിയായ്
അരൂപിയായ് തീർന്നുയിർക്കുന്നു.
മറിയ, എൻ ജീവബലിയിൻ
അമൂർത്തമാം വേളയിൽ
നിൻ ഹൃത്തടം തകർന്നു
നിൻ മിഴികൾ കണ്ണുനീർ കടലായ് തീരവേ
ആകാശവും ഭൂമിയും
കൂരിരുൾ വർഷധാരയായ് മാറുന്നുവെങ്കിലും
ഉയിർപ്പിൻ പ്രഭാതമായ് പെയ്തിറങ്ങുന്നു.
മറിയ, എൻ കല്ലറ വാതിൽക്കൽ
കണ്ണുനീർ ധാരയായ് മാറവേ
ഞാൻ പുനരുത്ഥാനരൂപിയായ് തീർന്നിടുന്നു



# പ്രാർത്ഥനാഗീതം



ഡോ. വർഗീസ് പി. പീറ്റർ

**പ**രിശുദ്ധ മേരി തൻ മാതാവാം അന്നാ
യോവാക്കീം പതിയായി ജീവിച്ചോരന്നാ
ധന്യേ, അതിബഹുമാനിത പ്രാർത്ഥന കേൾക്കണമേ
പ്രണാമം കൃപയോടെ മാദ്ധ്യസ്ഥം നൽക
(പരിശുദ്ധ മേരി തൻ.............)
പാപികളീ ഞങ്ങൾക്കായ് പ്രാർത്ഥിക്ക അമ്മേ
അപരാധം ചെയ്തോരീ അടിയങ്ങൾ കേഴും
ധന്യേ, നിൻ മദ്ധ്യസ്ഥത ഉയരെ കേട്ടീടും
ഹാലേലുയ് ഹാലേലുയ് അംഹാലേലുയ്യ
(പരിശുദ്ധ മേരി തൻ.............)
നിൻ നിറവാൽ കൈവന്നൊരു ഭാഗ്യമിതും മാതേ
ധന്യേ, പ്രിയ അന്നേ, മാതാവിൻ അമ്മേ
നന്ദി ചൊന്നീഞങ്ങൾ പ്രണമിച്ചീടുന്നു
ഹാലേലുയ് ഹാലേലുയ് അംഹാലേലുയ്യ
(പരിശുദ്ധ മേരി തൻ.............)
എന്നാളും പ്രാർത്ഥനയിൽ മദ്ധ്യസ്ഥത ഏകീടു
ഹാലേലുയ് ഹാലേലുയ് അംഹാലേലുയ്യ (2)
വിശുദ്ധ അന്നാ പുണ്യവതീ.....................
(പരിശുദ്ധ മേരി തൻ.............)


ഉപകാരസ്മരണ

അലക്സ് & ലിസി പാലത്തിങ്കൽ തിരുവല്ല

ഉപകാരസ്മരണ

അലക്സ് & ലിസി പാലത്തിങ്കൽ തിരുവല്ല

ഉപകാരസ്മരണ

ഒരു വിശ്വാസി നെടുമ്പ്രം

ഉപകാരസ്മരണ

ഒരു വിശ്വാസി നെടുമ്പ്രം



# ജീവിതം കടന്നുപോകുന്ന വഴികളിൽ !!!.....




ഫാ. ലിബിൻ ഒ.ഐ.സി.

നമ്മുടെ പിന്നിട്ട ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ നിഴൽ പതിഞ്ഞിട്ടുണ്ട്. ആവശ്യത്തിലേറെ നാം ഭാരപ്പെടുമ്പോഴും ദൈവം നമ്മെ ചേർത്ത് പിടിച്ചിട്ടുണ്ട്. അങ്ങനെ ഒരു ദൂത് തിരിച്ചറിയണമെങ്കിൽ ഓരോരുത്തരും പിന്നിട്ട ജീവിതം തന്നെയാണതിന്റെ തെളിവെന്ന് ഞാൻ പറയും. അത് തിരിച്ചറിയാൻ നമുക്ക് കാഴ്ച്ചയില്ല എന്നതാണ് ഇന്നിന്റെ ദുരവസ്ഥ. ജീവിതം കടന്ന് പോകുന്ന വഴി ഏതുമാകട്ടെ, സഹയാത്രികനായി ദൈവമുണ്ടെന്ന് ജീവിതാനുഭവങ്ങൾ നമ്മെ ബോദ്ധ്യപ്പെടുത്തും. ഇനി എത്രനാൾ ജീവിക്കും? എത്രനാൾ ജീവിതം തള്ളിനീക്കണം?..... എന്നിങ്ങനെ അനവധി ചോദ്യങ്ങൾ നമ്മെ അലട്ടുമ്പോഴും നാം തിരിച്ചറിയേണ്ടത് ദൈവം നമുക്ക് ജീവിതവഴികളിൽ നൽകുന്ന സംരക്ഷണത്തെയാണ്. ഏത് അവസ്ഥയിലും ദൈവം കൂട്ടിനുണ്ട് എന്നുള്ള ഉറപ്പിലായിരിക്കണം ജീവിതത്തിന്റെ ഓരോനിമിഷവും ജീവിക്കേണ്ടത്. ചികഞ്ഞുനോക്കുക, ഇതിനോടകം എത്ര ജീവിതാനുഭവങ്ങളിൽ ദൈവത്തെ നമുക്ക് കണ്ടെത്താനായിട്ടുണ്ടെന്ന്. എണ്ണിയാലൊടുങ്ങാത്തത്ര ദൈവാനുഭവങ്ങൾ നമുക്കുണ്ടെന്ന് തിരിച്ചറിയാനാവും. ഓരോ ജീവിതത്തിനും അതതിന്റേതായ നന്മകളും പ്രതിസന്ധികളും ഉണ്ട്. ആ തിരിച്ചറിവിലാണ് നാം നമ്മെത്തന്നെ മനസ്സിലാക്കുന്നത്.

ജീവിതം കൈവിട്ടെന്ന് കരുതുമ്പോൾ നാം ഒന്നാമതായി ചിന്തിക്കേണ്ട ഒരു കാര്യമാണ് എന്റെ അകതാരിൽ തന്നെ ജീവന്റെ സ്പന്ദനങ്ങൾ അവശേഷിപ്പിക്കുന്നൊരു ദൈവം കൂടെയുണ്ടെന്ന്. മനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങണം. ദൈവമെന്ന യാഥാർത്ഥ്യത്തെ തിരിച്ചറിയണം. ജീവിതം വഴിതെറ്റിക്കുന്ന വിശ്വാസങ്ങളെപ്പറ്റിയും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ആർക്കും ആരെയും വിശ്വസിക്കാൻ പറ്റാത്തത്ര സങ്കുചിതമായിക്കൊണ്ടിരിക്കുകയാണ് നമ്മുടെ ലോകം. ജീവിതത്തിന്റെ നാൾവഴികളിൽ വിശ്വാസത്തോടെ ചേർത്ത് പിടിക്കാൻ കഴിയുന്ന ഒരേയൊരു യാഥാർത്ഥ്യം ദൈവമാണെന്ന അവബോധത്തിലേക്ക് നമുക്ക് തിരിച്ച് വരാം. ''വിശ്വാസം! അതല്ലേ എല്ലാം'' എന്ന് പറഞ്ഞ് നടക്കാതെ എന്തിനും ദൈവത്തെ ആദ്യം വിശ്വസിച്ചുകൊണ്ട് നമ്മുടെ വിശ്വാസലോകം നമുക്ക് വലുതാക്കാം. വീണ്ടും ഒന്നുകൂടി ഓർക്കുക, ആകുലതകളിൽ....... അസ്വസ്ഥതകളിൽ...... നിരാശയുടെ ഇരുൾ വഴികളിൽ നാമറിയാതെ ദൈവമെന്നൊരു യാഥാർത്ഥ്യം നമ്മുടെ പ്രാണനെ പൊതിയുന്നുണ്ട്. ഇനിയും തേങ്ങലുകളുടെ അലകളൊതുക്കി ജീവിതവഴികളിലെ ദൈവാനുഭവങ്ങൾ ഓർമ്മിച്ചെടുക്കാം!. ●

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചുതരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**സി.എ. മാത്യു, അയിരൂർ**


## Congratulations



**2nd RANK**


Ann Mary Shibu Ambalavelil

Kallissery

MG University

B.Tech Aeronautical Engineering

2014-2018



**Krupa Grace Mathew**
Kallisserry



# AN ADMIRER OF SCIENCE

**Life is transient, it greets us for a trickle of time before unfolding into the pages of history. Yet there are a few among us who refuse to trifle with life, striding beyond time and history.**

In the deep recesses of the nineteenth century, the world had not yet achieved its present refinement, development was discriminate between the genders of the society, while one was thought to endure the freedom to ponder the other was reduced by hues of subordination against the backdrop of certain premonitions that had emerged aeons ago. Despite the differences that prevailed a few have emerged among the deprived sections to the mainstream questioning the prejudices held against them. A young aspiring scientist would have all her paths crossed, for she was just a women.

Young Miss Marie Sklowdowski had developed a flair for knowledge, the physical sciences and the various secrets it held instigated her earnest mind to lust for more. Having breezed though her schooling with flying colours and many shimmering medals she was faced with an unfathoming conundrum when she was unable to find a institution where she could pursue her studies. Unable to enroll in a regular institution of higher education because she was a woman, she and her sister Bronisława became involved with the clandestine Flying University (sometimes translated as Floating University), a Polish patriotic institution of higher learning that admitted women students. Her yearning to learn was not yet satiated, upturned by vicissitudes of fortune, her financial situation worsened after the Great Depression which forced her to earn for a living.

During these years she struck up an accord with her sister Bronislawa to provide her assistance in her medical education only to return the favor when a couple of years later. At the beginning of 1890, Bronisława—who a few months earlier had married Kazimierz Dłuski, a Polish physician and social and political activist—invited Maria to join them in Paris. Marie declined because she could not afford the university tuition; it would take her a year and a half longer to gather the necessary funds. Despite the waves of adversity that threatened to subdue her she advanced beyond it by continuing to educate and tutor herself.

At the death of the decade she left for Paris.In Paris, Maria (or Marie, as she would be known in France) briefly found shelter with her sister and brother-in-law before renting a garret closer to the university, in the Latin Quarter, and proceeding with her studies of physics, chemistry, and mathematics at the University of Paris, where she enrolled in late 1891. She subsisted on her meager resources, suffering from cold winters and occasionally fainting from hunger.[24]

Skłodowska studied during the day and tutored during the nights, she barely sustained herself. But her will to succeed was preeminent. In 1893, she was awarded a degree in physics and began work in an industrial laboratory of Professor Gabriel Lippmann. Meanwhile, she continued studying at the University of Paris, and with the aid of a fellowship she was able to earn a second degree in 1894.

In those years she met Pierre her new love, a partner, and a scientific collaborator on whom she could depend. Their mutual passion for science drew them closer which culminated in their marriage.

Her toils in the laboratory was to win her many accolades. In June 1903, supervised by Gabriel Lippmann, Curie was awarded her doctorate from the University of Paris. That month the couple were invited to the Royal Institution in London to give a speech on radioactivity; being a woman, she was barred from speaking, and Pierre Curie alone was

allowed to. The best was yet to come. In December 1903, the Royal Swedish Academy of Sciences awarded Pierre Curie, Marie Curie, and Henri Becquerel the Nobel Prize in Physics. Even this did not arise without an ounce of discrimination, Marie's name was not initially included in the nomination because she was a women. Nevertheless she became the first women to win the esteemed Nobel Prize.

Her elation in her recognition was abated when her husband passed away in an accident. In the absence of her dearest partner she labored on , ever more resilient in her work which earned her another Nobel Prize in Chemistry for her outstanding contribution to the discipline.She became the first person to win or share two Nobel Prizes.

A century after her time she still remains an enigma who overturned the established principles of the science ,in doing so questioned the spheres allotted to women in society. Marie Curie was steadfast in her resolve to succeed despite the innumerable hardships that stained her road to success. Her passion for science coupled with her resolute determination had her entombed in the hearts of many aspiring scientists the world has yet to meet.

***WORD INTAKE***

*FLYING UNIVERSITY- Was an underground educational enterprise that operated from 1885 to 1905 in Warsaw, , then under the control of the Russian Empire. The purpose of this was to provide Polish youth with an opportunity for an education within the framework of traditional Polish scholarship, when that collided with the ideology of the governing authorities*

## ബൈബിൾ പാരായണം നടത്തി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 88-ാമത് പുനരൈക്യവാർഷികദിനത്തിൽ എം.സി.എ. റാന്നി മേഖലയുടെ നേതൃത്വത്തിൽ ബൈബിൾ പാരായണം, ദിവ്യകാരുണ്യാരാധന, വി. കുർബാന എന്നിവ നടന്നു. വി. കുർബാനയുടെ സന്നിധിയിൽ ഇരുന്ന് ഇടമുറിയാതെ നടന്ന പുതിയനിയമപാരായണത്തിന് മേഖലയിലെ എല്ലാ ഇടവകകളും പങ്കാളികളായി.

മേഖലാവികാരി ഫാ. ജെയിംസ് കുമ്പന്താനം മേഖലാ വൈദിക ഉപദേഷ്ടാവ് ഫാ. നറുഗീസ് തെക്കേമണ്ണിൽ, യൂണിറ്റ് വൈദിക ഉപദേഷ്ടാവ് ഫാ. മത്തായി ഐരാണിത്തറ ഒ.ഐ.സി., ഫാ. ജോസഫ് നരിമറ്റം, സി. നവ്യ എസ്.ഐ.സി., മേഖല ഭാരവാഹികളായ റ്റി.എസ്. ജോർജ്ജ് തെങ്ങുംതോട്ടത്തിൽ, ജയ്സൺ ചിറക്കൽ, ദാനിയേൽ മത്തായി ഉടുംമ്പിക്കൽ, ഓമന വടക്കത്ര, സരളമ്മ ജോൺ കുറ്റിക്കണ്ടത്തിൽ, ശോശാമ്മ തോമസ് പാലനിൽക്കുന്നതിൽ, യൂണിറ്റ് ഭാരവാഹികളായ രാജൻ താഴമൺ, ജെയിംസ് കുപ്പയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

## CATECHISM - SAMEEKSHA

**1. Sapienza Bible Quiz - 2018**

സണ്ടേസ്കൂൾ കുട്ടികൾക്കായി നടത്തുവാൻ തീരുമാനിച്ചിരുന്ന ബൈബിൾ ക്വിസ് മത്സരം 2018 നവംബർ 6, 20 തീയതികളിൽ നടത്തപ്പെടുന്നതാണ്.

**വിഷയങ്ങൾ :**

***ജൂനിയർ :*** പ്രഭാ. 1-10, വി. മത്തായി 10-18, വെളിപാട് 10-16, ഐക്യദീപം മാസിക മെയ്, ജൂൺ ലക്കങ്ങൾ. ഒരു ടീമിൽ 3 പേർ.

***സീനിയർ :*** നിയമാ. 1-11, പ്രഭാ. 1-10, വി. മത്തായി 10-18, വെളിപാട് 10-16, ഐക്യദീപം മാസിക ജൂലൈ, ഒക്ടോബർ ലക്കങ്ങൾ. ഒരു ടീമിൽ 3 പേർ.

**2. മതാദ്ധ്യാപക ബൈബിൾ ക്വിസ് മത്സരം**

മതാദ്ധ്യാപകർക്കുള്ള ബൈബിൾ ക്വിസ് മത്സരം 2018 നവംബർ 6, 20 തീയതികളിൽ നടത്തപ്പെടുന്നതാണ്.

**വിഷയങ്ങൾ :**

നിയമാ. 1-11, പ്രഭാ. 1-10, വി. മത്തായി 10-18, വെളിപാട് 10-16, ഐക്യദീപം മാസിക ജൂലൈ, സെപ്റ്റംബർ ലക്കങ്ങൾ. ഒരു ടീമിൽ 3 പേർ.

**3. കാറ്റക്കിസം ഡിപ്ലോമ കോഴ്സ്**

രണ്ടാമത്തെ സെമസ്റ്റർ ക്ലാസ്സ് 2018 ഒക്ടോബർ 2-ാം തീയതി സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. പെരുന്നാളുകൾ, കൂദാശകൾ, പരിസ്ഥിതി ആദ്ധ്യാത്മികത എന്നീ വിഷയങ്ങളെപ്പറ്റി റവ.ഡോ. ഐസക് പറപ്പള്ളിൽ, റവ. ഡോ. ചെറിയാൻ കോട്ടയിൽ, റവ. ഡോ. ജോളി മാത്യു കരിമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഒന്നാമത്തെ സെമസ്റ്ററിന്റെ അസൈൻമെന്റ് എത്തിക്കുവാൻ സാധിക്കാത്തവർ 2018 ഒക്ടോബർ 31-ാം തീയതിയ്ക്കുമുമ്പ് സമീക്ഷയിൽ എത്തിക്കുവാൻ വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്. മൂന്നാമത്തെ സെമസ്റ്റർ ക്ലാസ്സ് 2018 ഡിസംബർ 15-ാം തീയതി ശനിയാഴ്ച ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. കാറ്റക്കിസം ഡിപ്ലോമ കോഴ്സ് രണ്ടാമത്തെ ബാച്ച് 2019 ജനുവരിയിൽ ആരംഭിക്കുന്നതാണ്.

*(ഇടയശബ്ദം തുടർച്ച)*

ചീന്തി പൊതുസമൂഹത്തിലെ ഏറ്റം വെറുക്കപ്പെട്ടത് ആക്കുവാനുള്ള വ്യഗ്രത മനസ്സിലാക്കണം. കാരണമില്ലാതെ പിതാക്കന്മാരെയും കേരളകത്തോലിക്കസഭയെയും അധിക്ഷേപിക്കുന്നതിനു കൂട്ടുനിൽക്കുന്നവർ എന്തു മനസിലാക്കിയാണ് സായാഹ്നവിചാരണകൾ ചെയ്യുന്നത് ? ഏറ്റം അവസാനമായി കെ.സി.ബി.സി. പുറത്തിറക്കിയ ബുള്ളറ്റിനിൽ സർവ്വകാര്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സത്യം ഒന്നേയുള്ളൂ. അതിനായിരിക്കണം എല്ലാവരും കൂട്ടുനിൽക്കേണ്ടത്. ''ഇവിടെ പറയുന്ന കാര്യങ്ങൾക്കു ഞങ്ങൾക്കുത്തരവാദിത്വമില്ല എന്നും അത് പറയുന്നവരുടെ മാത്രം ആയിരിക്കും'' എന്നു പറഞ്ഞു കൈകഴുകുന്നതുകൊണ്ട് തീരുന്നതാണോ മാദ്ധ്യമ ധർമ്മം? തിന്മ പ്രചരിപ്പിക്കുന്നവർക്കു തീർച്ചയായും ശിക്ഷാവിധി ഉണ്ടാകും. കർത്താവ് പറഞ്ഞതുപോലെ ''എന്നെ ഏൽപ്പിച്ചവരുടെ കുറ്റം ഏറെ ഗൗരവമേറിയത്''എന്നത് ഏറ്റം പ്രസക്തം. വൈദികരെയും സഭാസംവിധാനങ്ങളെയും ഒളിഞ്ഞും തെളിഞ്ഞും ആക്രമിക്കുന്ന വിശ്വാസികളുടെ നിരുത്തരവാദപരമായ സമീപനം ചെറുതല്ല. പലപ്പോഴും ഇടവകകളിലെ പ്രശ്നങ്ങൾ ഊതിവീർപ്പിച്ച് തിന്മയുടെ ശക്തികളോടു കൂട്ടുകൂടുന്ന പ്രവണത ഏറെ ദാരുണമാണ്. കുടുംബങ്ങളിലെ ചില പിണക്കളും പ്രശ്നങ്ങളും പള്ളിയുടെ മറവിൽ നേരിടാൻ ശ്രമിക്കുമ്പോഴാണ് ചേരിതിരിവുകൾ ഉണ്ടാകുക. ഇവിടെ വിശ്വാസവും ആഴമേറിയ സഭാസ്നേഹവുമാണ് വിശ്വാസിയെ ഭരിക്കേണ്ടത്.


പള്ളിയും പരിസരവും ആരാധനയ്ക്കുള്ളതാണ്. ഇവിടെ വിശ്വാസരാഹിത്യം ഊർന്നുവരുമ്പോൾ സഭയും സഭാസമ്മേളനങ്ങളും വെറും സാമൂഹിക കൂടിവരവുകൾ മാത്രമാകുന്നു. ആരാധനസമയത്തുപോലും മൊബൈൽ കളിക്കുന്നവരും, മറ്റു സന്ദേശങ്ങൾ അയയ്ക്കുന്നവരും സംസാരിക്കാൻ പുറത്തിറങ്ങുന്നവരും ഉണ്ട്. വിശ്വാസം തീരെ ഇല്ല എന്നുപറയുന്ന പാശ്ചാത്യ നാടുകളിൽ പോലും മൊബൈൽ അവർ പള്ളിയിൽ ഉപയോഗിക്കുകയില്ല. ചുരുക്കത്തിൽ ദൈവമായവനെ നിസാരവൽക്കരിക്കുന്ന കൊടും പാതകമാണ് നാം ചെയ്യുന്നത്.

വിശുദ്ധ കുർബാനയ്ക്ക് മുൻപ് നമസ്കാരം ചൊല്ലി ഒരുങ്ങി ബലിയിൽ സംബന്ധിക്കുന്നവരാണ് നാം . ഇന്ന് എങ്ങനെയാണ് ? വെറും ചടങ്ങായി തീർന്നിരിക്കുന്നു. എത്ര നിസാരമായിട്ടാണ് ഈ ഒരുക്കത്തെ നാമിന്ന് കാണുന്നത്. ഇന്ന് നാം മറ്റുള്ളവരുടെ മുമ്പിൽ നിന്ദാപാത്രങ്ങളായിട്ടുണ്ടെങ്കിൽ നാം ദൈവത്തെ നിന്ദിച്ചതുകൊണ്ടാണ്. അവനു കൊടുക്കേണ്ട പ്രാധാന്യം നാം കൊടുക്കുന്നില്ല. നിർമ്മാണപ്രവർത്തനങ്ങളും മറ്റുകാര്യങ്ങളുമാണ് നമുക്ക് പ്രാധാനം. അപ്രധാനമായവ പ്രധാനപ്പെട്ടതായി നമുക്കു തീർന്നിരിക്കുന്നു; ബാഹ്യമോടികളിലും പുറമെയുള്ള ചട്ടക്കൂടുകളിലും മതിമറക്കുന്നു; തീർത്തും സംഘാടകരായി നാം തീർന്നിരിക്കുന്നു. അജപാലകർ ദൈവജനത്തെ പ്രാർത്ഥനയിലേക്കും ആഴമായ മാനസാന്തരത്തിലേക്കും കൊണ്ടുവരണം. നമ്മുടെ ജീവിതശൈലി കൊണ്ടു മാത്രമെ അതുണ്ടാകൂ. മനുഷ്യർ നമ്മെ കാണേണ്ടത് അജപാലകരായിട്ടാവണം. നമ്മുടെ പദ്ധതികളും കഴിവുകളും മനുഷ്യർക്കു ദൈവത്തെ കൊടുക്കാനായിരിക്കണം. നമുക്കു ധൈര്യം തോന്നുന്നില്ലേ. ധൈര്യം ദൈവാത്മാവിന്റെ ദാനമാണ്. ദൈവത്തിൽ, യേശുക്രിസ്തുവിൽ നാം ആശ്രയിക്കുമ്പോൾ നമുക്കതു ലഭിക്കും. ദൈവജനം, ആദിമ ക്രൈസ്തവരെയും രക്തസാക്ഷികളെയും പോലെ ധീരതയാർജിക്കണം.

ദൈവജനത്തിന്റെ നിസ്സംഗത ഏറെ വേദനാജനകമാണ്. വിശ്വാസവുമായി ബന്ധപ്പെട്ട പരമോന്നത നീതിപീഠത്തിന്റെ വിധി പുനഃർവിചിന്തനത്തിനു കാരണമാകുന്നതെങ്ങനെയാണ്? വിശ്വാസം ജനത്തിന്റേതാണ്. അതു അച്ചന്റെയോ പൂജാരിയുടെയോ മൗലവിയുടേയോ മാത്രമല്ല. അതു സംരക്ഷിക്കുവാൻ ദൈവജനം ഭയപ്പെടുമ്പോൾ സ്വാർത്ഥതാത്പര്യമുള്ളവർ ഇഷ്ടമുള്ളതുപോലെ അവയെ വ്യാഖ്യാനിക്കുകയും അരാജകത്വം സൃഷ്ടിക്കുകയും ചെയ്യും. വിശ്വാസകാര്യങ്ങൾ യുക്തികൊണ്ടുമാത്രം മനസിലാക്കപ്പെടേണ്ടതല്ല. അതിലും അപ്പുറമാണ്. ഓരോ സ്ഥലങ്ങളുടെയും പവിത്രതയും പ്രാധാന്യവും മനസിലാക്കുമ്പോൾ വിശ്വാസികളുടെ വിചാരങ്ങൾ മനസിലാക്കുവാൻ സാധിക്കും. കോടതികൾ വിധി പറയേണ്ടത് ഭരണഘടനയുടെ ബലത്തിലും അതുവിഭാവനം ചെയ്യുന്ന ആത്മികതയിലൂന്നിയ യുക്തിയിലുമാവണം. വിവാഹേതര ബന്ധം കുറ്റകരമല്ല എന്നും സ്വവർഗ്ഗ അനുരാഗികളുടെ കൂടിത്താമസം ശിക്ഷാർഹമല്ല എന്നും വ്യാഖ്യാനിക്കുമ്പോൾ ഭാരതത്തിന്റെ ആർഷസംസ്കാരം-അതായത് ഋഷിവര്യരുടെ സംസ്കാരം എവിടെപ്പോയി ? ഈ വിധികൾ ഒന്നുംതന്നെ ഒരു നിസാര കാര്യത്തിൽ ഒതുങ്ങുകയില്ല. ഇവയ്ക്കുള്ള ദൂരവ്യാപകമായ കെടുതികൾ മനസിലാക്കുവാൻ അധികാരികൾക്കു സാധിക്കണം. ധാർമ്മികത എപ്പോൾ നഷ്ടപ്പെടുന്നോ അന്ന് ഏതൊരു സംസ്കാരവും അധഃപതിക്കും. ബാഹ്യമായ ചില വളർച്ചകൾ അല്ല ഒരു സംസ്കാരത്തെ അനശ്വരമാകുന്നത്-മറിച്ച് ഈശ്വരചിന്തയും ധാർമ്മികതയുമാണ്. വരും തലമുറയോടു നാം ഒന്നും പറയേണ്ടതില്ല. കാരണം അവരുടെ മുമ്പിൽ തുറന്നുവയ്ക്കുന്ന സാദ്ധ്യതകൾ തന്നെ അവരെ നശിപ്പിക്കുവാൻ പര്യാപ്തമാണല്ലോ !

ഇന്നിന്റെ വെല്ലുവിളി ഈ ധാർമ്മികതയുടെ വെല്ലുവിളിയാണ്. പണമുള്ളവർ കൂടുതൽ പണക്കാരാകുന്നു. സംഘടിത ശക്തികൊണ്ട് അധികാരം ദുർവിനിയോഗിക്കുന്നു. ആർക്കും ചോദിക്കാനും പറയുവാനും ധൈര്യമില്ലാതെ പോകുന്നു. പകൽപോലെയുള്ള സത്യങ്ങൾ അവ തമസ്ക്കരിക്കപ്പെടുന്നു. ഈ പ്രതിലോമശക്തിയ്ക്കെതിരെ നീന്താൻ ശക്തിസംഭരിക്കണം. ദൈവത്തിൽ ആശ്രയിച്ച് ഉത്തരവാദിത്വപൂർണ്ണമായ ഒരു പുതുജീവിതം കഴിക്കണം. അതിനു വിലകൊടുക്കുമ്പോഴാണ് നമുക്കു ജീവിക്കുവാൻ കഴിയുക. അവനവന്റെ ഉള്ളിലെ കലിയും മ്ളേഛതയും എഴുതി വിടുന്നവർ അറിയാതെപോകുന്നു, എത്രയെത്ര ജീവിതങ്ങളെയാണ് ഈ കൂട്ടർ നശിപ്പിക്കുന്നതെന്ന്. മുറിവേറ്റ മൃഗത്തെക്കാൾ ക്രൂരമായി ആർക്കും പ്രതികരിക്കാൻ പറ്റില്ല. ദൈവം സൃഷ്ടിച്ച ഈ സുന്ദരലോകത്തെ എന്തുകൊണ്ട് അൽപ്പം കൂടി നന്മപൂരിതമാക്കാൻ കഴിയില്ല? നമ്മുടെ ചിന്തയുടെയും പ്രവൃത്തിയുടെയും വിഷം അതിൽ കലരുന്നതിലും ദാരുണമായി മറ്റെന്തെങ്കിലും ഉണ്ടോ?

●



## എം.സി.സി.എൽ. ബൈബിൾ ക്വിസ്

തയ്യാറാക്കിയത് :
ബ്ര. ടോം ഏമാൻതോപ്പിൽ
2018 ഒക്ടോബർ

1. പുതിയ നിയമത്തിലെ ഏറ്റവും ചെറിയ സുവിശേഷം ഏത്?
2. തങ്കം കൊണ്ടു നിർമിതമായ പട്ടണം ഏത്?
3. ശലോമോൻ ദേവാലയം പണിതത് എവിടെ ആയിരുന്നു?
4. ബൈബിളിൽ കുഷ്ഠരോഗി ആയിരുന്ന സൈന്യാധിപൻ ആര്?
5. ഭൂമിയിൽ വെള്ളം കുറഞ്ഞോ എന്നറിയാൻ നോഹ അയച്ച പക്ഷി ഏത്?
6. മോശ നിർമിച്ച യാഗപീഠത്തിന്റെ പേര് എന്ത്?
7. ബൈബിളിൽ ആകെ എത്ര അദ്ധ്യായങ്ങൾ ഉണ്ട്?
8. ബൈബിളിലെ ഏറ്റവും വലിയ അദ്ധ്യായം ഏത്?
9. ബൈബിളിൽ ആകെ എത്ര സ്വപ്നങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്?
10. ദൈവം മോശയ്ക്ക് പ്രത്യക്ഷപ്പെട്ട പർവതം ഏത്?

*N.B* : ഉത്തരങ്ങൾ നവംബർ 10 ന് മുൻപായി **തിയോളജിക്കൽ & കാറ്റകെറ്റിക്കൽ സെന്റർ, സമീക്ഷ, കുളക്കാട്, തിരുവല്ല - 689 101** എന്ന മേൽവിലാസത്തിലേക്ക് അയച്ചുതരിക

## ബൈബിൾ ക്വിസ് ശരി ഉത്തരം

തയ്യാറാക്കിയത് :
**സി. അലീന എസ്.ഐ.സി.**

**സെപ്റ്റംബർ 2018**

1. ശിമയോൻ യേശുവിനെ കൈയിലെടുത്തുകൊണ്ട് (വി. ലൂക്കാ2:29)
2. യോഹന്നാൻ (വി. ലൂക്കാ 3:2)
3. ദൈവത്തിന്റേതായിരുന്നു. (വി. ലൂക്കാ 3:2)
4. ഉറപ്പില്ലാത്ത തറമേൽ വീടുപണിതവനു തുല്യൻ. (വി. ലൂക്കാ 6:49)
5. അത് സ്വീകരിക്കുന്നവനിലൂടെയാണ്. (വി. ലൂക്കാ 7:35)
6. സ്വർഗ്ഗത്തിൽ (വി. ലൂക്കാ 12:33)
7. മനുഷ്യപുത്രൻ (വി. ലൂക്കാ 19:10)
8. നീ യഹൂദരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക. (വി. ലൂക്കാ 23:37)
9. നഗരത്തിൽ തന്നെ (വി. ലൂക്കാ 24:49)
10. 6-ാം മണിക്കൂർ മുതൽ 9-ാം മണിക്കൂർ വരെ (വി. ലൂക്കാ 23:44)

**സെപ്റ്റംബർ 2018 - മത്സര വിജയികൾ : 1. ജോളി കെ. മത്തായി,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ, **2. റീബാ റബേക്കാ വർഗീസ്,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് നൂറോന്മാവ്, **3. റേയ്ച്ചൽ തോമസ്,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ

**പങ്കെടുത്തവർ**

**1. മേരിക്കുട്ടി ഈപ്പൻ,** സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച് കുമ്പളന്താനം **2. ഡിയോൺ ഷിന്റോ,** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുണ്ടക്കയം, **3. ഏലിയാമ്മ സെബാസ്റ്റ്യൻ** സെന്റ് ജോസഫ് മലങ്കര കാത്തലിക് ചർച്ച് മുക്കൂർ

*In Loving memmory of our beloved Appachan and Ammachi on their 21st & 30th Birthday in Heaven. May their soul rest in prase*



**A.C. Abraham & Annamma Abraham**

4-2-2018 24 - 10-2018

*Childrens, Grand Childrens & Grand Grand Childrens*
*Joy & Family Assariathu, Koipuram*

## ശതാബ്ദി സ്മാരക ലോഗോയുടെ പ്രകാശനം




പെരുനാട് ബഥനി ആശ്രമ സന്യാസ പ്രസ്ഥാനത്തിന്റെ ശതാബ്ദി ആഘോഷ ഉദ്ഘാടനത്തോടനുബന്ധിച്ച് ശതാബ്ദി സ്മാരക ലോഗോയുടെ പ്രകാശനം സീറോ മലങ്കര സഭ മോജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ നിർവ്വഹിക്കുന്നു. ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി., സാമുവൽ മാർ ഐറേനിയോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ് , ഫാ. മാത്യു തിരുവാലിൽ, ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി., യൂഹാനോൻ മാർ ക്രിസോസ്റ്റം, ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. എന്നിവർ സമീപം.

# Matrimonial

## Matrimony - M 263

തിരുവല്ല അതിരൂപതാംഗമായ യുവതി (155) വയസ്സ് 26 (15-09-1991) Msc Nurse. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9446347277, 8589016932.

## Matrimony - M 264

മലങ്കര കത്തോലിക്ക യുവാവ്, 34/165 cm, മാരുതി വർക്ക്ഷോപ്പ് ഫിറ്റർ, ഡിമാൻഡ് ഇല്ല. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

## Matrimony - M 265

ഡൽഹിയിൽ ജോലിയുള്ള തിരുവല്ലാ അതിരൂപതാംഗമായ മലങ്കര കത്തോലിക്ക യുവതി (27/168/BBA) അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact : 9446818476, 8078145142

## വിവാഹ ഒരുക്ക സെമിനാർ 2018

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**
**ഫോൺ: 0469-2603968, 9447823752**

**തീയതി : ഒക്ടോബർ 2018 -23, 24, 25**
**നവംബർ 2018 -06,07,08 -20,21,22**

**ഒക്ടോബർ മാസത്തിലെ ആദ്യത്തെ ആഴ്ചയിലെ വിവാഹ ഒരുക്ക സെമിനാർ ഉണ്ടായിരിക്കുന്നതല്ല.**

### നിർദ്ദേശങ്ങൾ

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## പ്രധാനപ്പെട്ട ദിവസങ്ങൾ : ഒക്ടോബർ

1. ഒക്ടോബർ 7 - മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം
2. ഒക്ടോബർ 21 - മിഷൻ ഞായർ
3. ഒക്ടോബർ 28 - ബത്തേരി ഭദ്രാസന സ്ഥാപന ദിനം (1978)






## കിന്നരം ആരാധനഗീത മത്സരവിജയികൾ

ജോയൽ ചെങ്ങരൂരിന്റെ കിന്നരം എന്ന പേരിൽ എം.സി.വൈ.എം. ചെങ്ങരൂർ യൂണിറ്റ് സംഘടിപ്പിച്ച ആരാധനഗീത മത്സരത്തിൽ ചെത്തോങ്കര, മുണ്ടുകുഴി, മുണ്ടക്കയം യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.



1-ാം സ്ഥാനം - ചെത്തോങ്കര




2-ാം സ്ഥാനം - മുണ്ടുകുഴി,



3-ാം സ്ഥാനം - മുണ്ടക്കയം

## REMEMBRANCE OCTOBER



**Fr. Philipose Vakkanampadath**
Date of Demise: 07 October 1947




**Fr. Thomas Moolamannil**
Date of Demise: 14 October 1959



**Fr. Zacharias Padinjarekutt**
Date of Demise: 07 October 1965



**Fr. Eapen Nechikattil**
Date of Demise: 27 October 1980



**Fr. Thomas Neelampilalil**
Date of Demise: 27 October 2013

ഓർമ്മ തിരുനാൾ



അഭി. ബനഡിക്ട്
മാർ ഗ്രിഗോറിയോസ്

### അഖണ്ഡ ജപമാല

മലങ്കര കാത്തലിക് അസോസിയേഷൻ റാന്നി മേഖലയുടെ നേതൃത്വത്തിൽ ജപമാല മാസാചരണത്തിന്റെ ഭാഗമായി ഇടമുറി സെന്റ് ജോസഫ് ദേവാലയത്തിൽ ഒക്ടോബർ 19 ന് വെള്ളിയാഴ്ച രാവിലെ 9 മുതൽ വി. കുർബാനയുടെ സന്നിധിയിൽ മേഖലയിലെ ഇടവകകളുടെ സഹകരണത്തിൽ അഖണ്ഡ ജപമാല നടക്കും.

## ഡോ. സാജൻ അഹമ്മദ് ഒന്നാം റാങ്ക് കരസ്ഥമാക്കി



**നാ**ഷണൽ സ്കൂൾ ഓഫ് എക്സാമിനേഷൻ നടത്തിയ ഡി.എൻ.ബി. (കാർഡിയോളജി) അവസാന വർഷ പരീക്ഷയിൽ ദേശീയ അടിസ്ഥാനത്തിൽ ഡോ. സാജൻ അഹമ്മദ് (പുഷ്പഗിരി മെഡിക്കൽ കോളജ്, തിരുവല്ല) ഒന്നാം റാങ്ക് നേടി.

ഒന്നാം റാങ്ക് ജേതാവിനുള്ള ഡോ.എച്ച്.എസ്. വസീർ മെമ്മോറിയൽ സ്വർണമെഡൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജിലെ കാർഡിയോളജിസ്റ്റ് കൂടിയായ ഡോ. സാജനു ഡൽഹിയിലെ വിജ്ഞാനഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി അശ്വനി കുമാർ ചൗബെ സമ്മാനിച്ചു. ചടങ്ങിൽ ഉപരാഷ്ട്രപതി വെങ്കയ്യനായിഡു മുഖ്യാതിഥിയായിരുന്നു. പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. സുൽഫിക്കർ അഹമ്മദിന്റെയും ഹയറുന്നീസയുടെയും മകനാണ് സാജൻ. ഭാര്യ ഡോ. ശീതൾ (ന്യൂറോളജിസ്റ്റ്, പുഷ്പഗിരി മെഡിക്കൽ കോളജ്, തിരുവല്ല).



വടക്കേക്കര പുത്തൻവീട്ടിൽ ഷാജിയുടെയും ഹന്നാ ഷാജിയുടെയും
മകൻ ഇവാൻ ഷാജിയുടെ മാമ്മോദീസ 2018 ഒക്ടോബർ 14-ാം തീയതി തച്ചമം
സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് ഫാ. ഫിലിപ്പ് തായില്ലത്തിന്റെ
കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.




വേങ്ങൽ ശ്രീ ജോസഫ് ഐപ്പിന്റെയും ശ്രീമതി മേരി ജോസഫിന്റെയും
മകൾ ജസീന ജോസഫും തോട്ടത്തിൽ ശ്രീ രാജൻ ജോർജ്ജിന്റെയും
ശ്രീമതി സോഫി രാജന്റെയും മകൻ നിതിൻ രാജ് ജോർജ്ജും തമ്മിലുള്ള വിവാഹം
സെന്റ് മേരീസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് അഭി. സാമുവേൽ മാർ ഐറേനിയോസ്
പിതാവിന്റെ കാർമ്മികത്വത്തിൽ 26-08-2018 ഞായറാഴ്ച ആശിർവദിക്കപ്പെട്ടു.

Date of Publication : 17.10.2018
Price : ₹ 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626, Fax : 0469-2600822

R.N.I 35982/80
October 2018



Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam. Kerala, Chief Editor : Rev. Dr. Abraham Irimbinikal